
ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

അധികാരം ജനങ്ങളിലേക്ക്

സമഗ്ര വികസന രേഖ



വിളപ്പിൽ ഗ്രാമപഞ്ചായത്ത്

Printed and Published by : Dr. K. Krishnan, President, Vilappil Grama Panchayat, Thiruvananthapuram
Printed at : Attukal Printers, Vilappilsala

4-5

ജനകീയ ആസൂത്രണം

വിളപ്പിൽ ഗ്രാമപഞ്ചായത്ത്

വികസന റിപ്പോർട്ട്

വികസന സെമിനാർ

1996 ഡിസംബർ 17 ചൊവ്വാഴ്ച

വൃന്ദാവൻ കമ്മ്യൂണിറ്റി ഹാൾ

പേയാട്

എഡിറ്റോറിയൽ ബോർഡ്

പി. യേശുദാസൻ, പിറയിൽ

എൽ. ബാബു, വിളപ്പിൽശാല

ആർ. രവീന്ദ്രൻ, വിളപ്പിൽശാല

വേലായുധൻപിള്ള, കാരോട്

ചീഫ് എഡിറ്റർ – എം. നേശൻ, പേയാട്

പ്രസാധകകമ്മിറ്റി

ഡോ. കൃഷ്ണൻ

എ. അസീസ്

എഡ്വിൻ ജോർജ്ജ്

പങ്കജാക്ഷൻ

എം. നേശൻ

പി. യേശുദാസൻ

എൽ. ബാബു

ആർ. രവീന്ദ്രൻ

വേലായുധൻ പിള്ള




'ഏറ്റവും അടിത്തട്ടിലുള്ളവർക്ക്
പോലും ഇതെന്റെ നാടാണെന്നും
ഇതിന്റെ നിർമ്മിതിയിൽ എനിക്കും
പങ്കുണ്ടെന്നും ബോധ്യമാവണം'
അതാണ് സ്വരാജിലേയ്ക്കുള്ള വഴി

– ഗാന്ധിജി –

ഉള്ളടക്കം

1. സമർപ്പണം
2. വിളപ്പിൽ പഞ്ചായത്ത് മേപ്പുകാം
3. സാമൂഹിക സാംസ്കാരിക ചരിത്ര പശ്ചാത്തലം
4. വിദ്യാഭ്യാസം
5. മൃഗസംരക്ഷണം
6. ഗതാഗതം, ഊർജ്ജം, മാർക്കറ്റിംഗ്
7. പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമം
8. വനിത
9. സഹകരണം
10. പാർപ്പിടം
11. സംസ്ക്കാരം
12. വിഭവസമാഹരണം
13. കൃഷി, ജലസേചനം
14. വ്യവസായം
15. പൊതുജനാരോഗ്യവും കുടിവെള്ളവും



സമർപ്പണം

വഴിമുട്ടിയ വികസനത്തിന് ദിശാബോധം നൽകി, ഒരു പുതിയ വികസനസംസ്കാരമായി ഉദയം ചെയ്ത ജനകീയാസൂത്രപ്രസ്ഥാനത്തിനെ സ്വന്തം ഹൃദയങ്ങളിൽ ഏറ്റുവാങ്ങിയ ഇതിന്റെ പ്രയോക്താക്കളും ഗുണഭോക്താക്കളുമായ ഈ ഗ്രാമപഞ്ചായത്തിലെ മുഴുവൻ നിവാസികൾക്കും.....

സ്നേഹാദരപൂർവ്വം

ഡോ. കൃഷ്ണൻ
വിളപ്പിൽ ഗ്രാമപഞ്ചായത്ത് *പ്രസിഡന്റ്*

ആമുഖം :

ആസൂത്രകർക്ക് ഒരിക്കലും വഴങ്ങാത്ത ഒരു പ്രഹേളികയായി വിളിപ്പേരുകേട്ട 'കേരളാമോഡൽ' വികസനത്തിന്റെ രക്തസാക്ഷികളാവാൻ ഒരു ജനത കാത്തു നിൽക്കുമ്പോൾ ഇനിയെന്ത് എന്ന ചോദ്യത്തിനു ഉത്തരം തേടലായി വിഭവപരിമിതിയും അപരിമിതാവശ്യങ്ങളും കൂട്ടിവായിക്കാൻ ഒരു ഭാഷതേടലായി ഒരു പുതിയ വികസന മന്ത്രം ഉയർന്നു – ജനകീയാസൂത്രണം. ഇന്നോളവും ഉരുക്കളെപ്പോലെ വികസനാക്രമണങ്ങൾ ഏറ്റുവാങ്ങിയ ജനതയ്ക്ക് തങ്ങളുടെ ഭാഗധേയം നിർണ്ണയിക്കാൻ പരിമിതമായെങ്കിലും സ്വന്തം നാവുകണ്ടെടുക്കുവാനുള്ള ഒരു ശ്രമം ഒരു പ്രദേശത്തെ ഭൂപ്രത്യേകതകൾ വിഭവവൈജാത്യങ്ങൾ, വിനിയോഗ സാധ്യതകൾ സാമൂഹികസാംസ്കാരിക ബന്ധങ്ങൾ എന്നിവയുമായി ഒട്ടി നിൽക്കുന്ന ഗ്രാമജനതയ്ക്കു മാത്രമേ പ്രസക്തമായ വികസന സമവാക്യങ്ങൾ സൃഷ്ടിക്കാനാവൂ. അവർക്കുമാത്രമേ സ്വന്തം വിഭങ്ങളും വൈഭവങ്ങളും ചേർത്തുവച്ച് പക്ഷപാതരഹിതമായ പങ്കുവയ്ക്കലിലൂടെ ജീവിതത്തിന്റെ പുറംപോക്കുകളിൽ അടിഞ്ഞവർക്കു നഷ്ടപ്പെട്ട ചവിട്ടുപടികൾ പുനർ നിർമ്മിക്കാനാവൂ. ജാതിമത വികാരങ്ങളാൽ തുണ്ടുതുണ്ടാക്കപ്പെട്ട സമൂഹമനസ്സിനു ഒരുമിച്ചു പ്രവർത്തിക്കാൻ ഒരു പൊതുവേദി, ക്ഷേമപ്രവർത്തനത്തിന്റെ മിശിഹാമാരെക്കണ്ട് മടുത്ത് 'എല്ലാം നശിച്ചു' എന്ന നിരാശതയിൽ വീണു നിർവികാരമാക്കപ്പെട്ട ഹൃദയങ്ങളെ കർമോത്സുകതയിലേക്കുയർത്താനുള്ള ആശാമന്ത്രം, ഗ്രാമത്തിന്റെ ആവശ്യങ്ങൾക്കു എപ്പോഴും ഔദ്യോഗിക കാരുണ്യത്തിനു കൈനീട്ടുന്ന ഒരു ജനതയ്ക്കു സ്വന്തം ശക്തിയിലേയ്ക്കു തിരിഞ്ഞു തുരുമ്പെടുത്ത നാട്ടറിവുകളും കൈപ്പുണ്യങ്ങളും പാരമ്പര്യവിജ്ഞാനീയങ്ങളും പുത്തൻ സാങ്കേതിക വൈദഗ്ദ്ധ്യങ്ങളും തുടച്ചെടുത്ത് പൊതുനന്മയ്ക്കുവേണ്ടി ഉപയോഗിക്കാനുള്ള അവസരം ഒരുക്കൽ, തനിക്കൊരു അയൽക്കാരനുണ്ട് എന്ന് ഓർമ്മപ്പെടുത്തൽ, സർവ്വോപരി ഒരു ജനതയുടെ ആത്മാഭിമാനത്തേയും സ്വാശ്രയത്വത്തേയും ഉണർത്തി എല്ലാ പ്രശ്നങ്ങൾക്കും അന്തിമമായ ഉത്തരം ജനങ്ങളാണ് എന്ന തിരിച്ചറിവിലേയ്ക്കു കൊണ്ടെത്തിക്കൽ – 9–ാം പഞ്ചവത്സരപദ്ധതിയുടെ വിഹിതവിനിയോഗത്തിലുള്ള ജനകീയ പങ്കാളിത്തത്തിനപ്പുറത്തേയ്ക്കു നീളുന്നു ഇതിന്റെ അർത്ഥവ്യക്തതകൾ. ഒരു ഗ്രാമത്തിന്റെ വികസനത്തിന്റെ ഏതു മേഖലയിലും സ്വന്തം കൈയൊപ്പു കാണുവോളം ദൈർഘ്യമുള്ളതാകാം ഈ വികസന യാത്ര. ഇതിന്റെ തുടക്കം നാട്ടുമ്പുറങ്ങളിൽ അരങ്ങേറിയ ഗ്രാമസഭകളായിരുന്നു. ജനങ്ങളുടെ ആവേശപൂർണ്ണമായ പങ്കാളിത്തം കൊണ്ടു ശ്രദ്ധേയമായിരുന്നു പല നാട്ടുകൂട്ടങ്ങളും. സാങ്കേതികവൈദഗ്ദ്ധ്യം കുറവ് എങ്കിലും പരിമിതികൾക്കു ശബ്ദംപകരാൻ പരിമിതമായ ഭാഷയേ തങ്ങൾക്കുള്ളുവെങ്കിലും ആസൂത്രകരുടെ കണ്ണുവെട്ടിച്ച എത്രയോ ജീവിതവൈഷമ്യങ്ങൾ വെളിച്ചത്തുവന്നു. കക്ഷിരാഷ്ട്രീയേതരമായിരുന്നു പ്രവർത്തനങ്ങൾ എങ്കിലും ഒരിക്കലും തെറ്റാത്ത വികസനരാഷ്ട്രീയ ലക്ഷ്യം ഞങ്ങൾക്കുണ്ടായിരുന്നു. അങ്ങനെ വിളപ്പിൽ ഗ്രാമത്തിലെ ജനജീവിതത്തിലും ജൈവവത്തായ ഒരു സാന്നിദ്ധ്യമായി ഒരു നൂതന ചിന്താപദ്ധതിയായി ജനകീയാസൂത്രണ പ്രസ്ഥാനം സ്ഥാനം നേടിയിരിക്കുന്നു.


വികസന പ്രശ്നങ്ങൾ മുൻഗണനാക്രമത്തിൽ അടുക്കി പദ്ധതിയുടെ രൂപഭദ്രത കൈവരിച്ചുകഴിഞ്ഞാൽ അവ നടപ്പാക്കുന്ന ഘട്ടത്തിൽ പുലർത്തേണ്ട അവധാനതയും ആത്മാർത്ഥതയും ജനപങ്കാളിത്തവുമാണ് ഈ പ്രസ്ഥാനത്തിന്റെ വിജയഗതി നിർണ്ണയിക്കുന്നത്. നടത്തിപ്പുകാർക്കു പിഴവു പറ്റിയാൽ, ഈ യജ്ഞം പരാജയപ്പെട്ടാൽ ഈ ഗ്രാമഹൃദയം ഒരിക്കലും മാപ്പു കൊടുക്കില്ല എന്ന പൂർണ്ണമായ ബോധ്യം ഞങ്ങൾക്കുണ്ട്. ഇനിയും മറ്റൊരു പരീക്ഷണത്തിനു ഈ ഗ്രാമം സജ്ജമാവുകയില്ല എന്നും. ഈ തിരിച്ചറിവാണ് നമ്മെ കാലിടറാതെ കാക്കുന്നത്. അക്ഷരമന്ത്രവുമായി കേരളഗ്രാമങ്ങളെ തൂയിലുണർത്തിയ. അതേ ആത്മാർത്ഥതയ്ക്കു ഈ വികസന ലക്ഷ്യം യാഥാർത്ഥ്യമാക്കാൻ കഴിയും കഴിയണം. കാരണം ഇന്ത്യയിലെ ആസൂത്രകർ ഉറ്റുനോക്കുകയാണ് ഈ പരീക്ഷണത്തെ. കേരളം എന്നും ഒരു പരീക്ഷണശാലയാണ് – ജനകീയതയുടെ പരീക്ഷണശാല. വികസനപ്രശ്നങ്ങൾക്കും ഒരു ജനകീയ ഉത്തരം ലഭിക്കും എന്നു തെളിയിച്ചാൽ ഇന്ത്യൻ ഗ്രാമങ്ങൾക്ക് നൽകാൻ കഴിയുന്ന ഒരു ജനതയുടെ ഏറ്റവും വലിയ സംഭാവനയായി ഇത് പരിഗണിക്കപ്പെടും.

വിളപ്പിൽ ഗ്രാമ പഞ്ചായത്ത് ഭരണസമിതി




ഡോ: **കെ. കൃഷ്ണൻ** ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ്, **ലേഖ രവീന്ദ്രൻ** വൈ: പ്രസിഡൻറ്, **എ. അസീസ്** സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ, ഗ്രാമപഞ്ചായത്ത് മെമ്പറൻമാരായ **എഡ്വിൻ ജോർജ്, എ. ബാബുകുമാർ, ക്രിസ്റ്റഫർ ജോസഫ്, എസ്. വില്ല്യംരാജ്, കെ. പങ്കജാക്ഷൻ, എസ് രാമചന്ദ്രൻ, കുമാരി മോഹനൻ ജെ. സതികുമാരി, ഭവാനി തങ്കപ്പൻ**

ത്രിതല പഞ്ചായത്ത് സാരഥികൾ



V.K. മണികണ്ഠൻ നായർ
ജില്ലാ പഞ്ചായത്ത് മെമ്പർ
പ്ലാനിംഗ് ബോർഡ് മെമ്പർ

R.B. ഉണ്ണിത്താൻ
ജില്ലാ പഞ്ചായത്ത് മെമ്പർ




വിളപ്പിൽശാല ശശിധരൻ നായർ
ബ്ലോക്ക് പഞ്ചായത്ത് മെമ്പർ




മൂങ്ങോട് രാജൻ
ബ്ലോക്ക് പഞ്ചായത്ത് മെമ്പർ

പഞ്ചായത്ത് ജീവനകാർ








തയ്യാറാക്കിയത്: CESS, TVPM.

വിളപ്പിൽ പഞ്ചായത്ത്


ഭൂവിനിയോഗം



ആധാരം : 1985 ലെ സർവേ ഓഫ് ഇൻഡ്യ ധരാതലീയ ചിത്രം, ക്ഷിപ്രവായ ഫീൽഡ് പരിശോധന

തയ്യാറാക്കിയത് : CESS, TVPM.

വിളപ്പിൽ പഞ്ചായത്ത്



0 0·5 1·0 KM

N

സൂചിക

- പഞ്ചായത്ത് അതിർത്തി
- വാർഡ് അതിർത്തി
- പ്രധാന റോഡുകൾ
- മറ്റു റോഡുകൾ
- നടപ്പാത
- P പഞ്ചായത്ത് ഓഫീസ്
- V വില്ലേജ് ഓഫീസ്
- PO പോസ്റ്റ് ഓഫീസ്
- S സ്കൂൾ
- T ക്ഷേത്രം
- C ക്രിസ്ത്യൻ പള്ളി
- M മുസ്ലീം പള്ളി

വാർഡുകൾ

1 ഹൈസ്കൂൾ വാർഡ്
2 പേയാട്
3 തൂങ്ങാംപാറ
4 പുളിവറക്കോണം
5 വെള്ളൈക്കടവ്
6 ചൊവ്വള്ളൂർ
7 നൂലിയോട്
8 ചെറുകോട്
9 കാരോട്
10 വിളപ്പിൽശാല
11 കരുവിലാഞ്ചി
12 പുന്നാനം

Myladi
Mulayara
Chappath
Kollamkonam
Vilappilsala
Peyad
Malappanamcode
വെള്ളനാടിലേക്ക്
കാട്ടാക്കടയിലേക്ക്
തിരുവനന്തപുരത്തേക്ക്
കാട്ടാക്കടയിലേക്ക്
അന്തിയൂർക്കോണത്തേക്ക്

വാർഡ് അതിർത്തി അടിസ്ഥാനം: വാർഡ് മെമ്പർമാരുമായുള്ള ചർച്ച, ടിപ്പുമാപ്പ് ഫീൽഡ് പരിശോധന.

തയ്യാറാക്കിയത്: CESS, TVPM.

ഗോൾഡൻറോക്ക് ടീ പ്ലാന്റേഷൻ വിടുന്നതിനു തൊട്ടടുത്തുള്ള കുടുക്കയിൽ നിന്നും വടക്കു കിഴക്കു ദിശയിൽ വിടുന്ന ഒരു കോട്ടയുടെ ഭാഗം (കോട്ട പടിഞ്ഞാറു - വടക്കു കിഴക്കു ദിശയിൽ വിടുന്ന ഒരു കോട്ടയുടെ കുടുക്കയിൽ നിന്നും വടക്കു കിഴക്കു ദിശയിൽ വിടുന്ന ഒരു കോട്ടയുടെ ഭാഗം (കോട്ട പടിഞ്ഞാറു - V.E = 1 : 12.5)

കോട്ടയുടെ ഭാഗം
കുടുക്ക
ഗോൾഡൻറോക്ക് ടീ പ്ലാന്റേഷൻ
കുടുക്കയിൽ നിന്നും വടക്കു കിഴക്കു ദിശയിൽ വിടുന്ന ഒരു കോട്ടയുടെ ഭാഗം

സാമൂഹിക സാംസ്കാരിക ചരിത്രപശ്ചാത്തലം

വിളപ്പിൽ പ്രദേശത്തിന്റെ ചരിത്രാന്വേഷണം ഈ നൂറ്റാണ്ടിന്റെ ചരിവുകളിൽ നിന്നും ആരംഭിക്കുന്നു. പൈങ്കുനിയും മാർകഴിയും വിട്ട് ഇടവപ്പാതിയുടെ ഫലഭൂയിഷ്ഠതയിലേയ്ക്ക് ചേക്കേറിയ തമിഴരും തദ്ദേശീയരും പങ്കുവച്ച ഒരു സങ്കരസംസ്കാരത്തിന്റെ പിൻമുറക്കാരാണ് ഞങ്ങൾ. കേരളം ഒരു ഭ്രാന്താലയം എന്നു വിശേഷിപ്പിക്കപ്പെട്ട അതേ സാഹചര്യം ഈ നാട്ടിലും ഉണ്ടായിരുന്നു.

``തൊട്ടുകൂടാത്തവർ തീണ്ടിക്കൂടാത്തവർ
ദൃഷ്ടിയിൽപ്പെട്ടാലും ദോഷമുള്ളോർ
കെട്ടില്ലാത്തോർ തമ്മിലുണ്ണാത്തോരിങ്ങനെ
യൊട്ടല്ലഹോ ജാതിക്കോമരങ്ങൾ:"

ഇവർ ഇവിടെ സമൃദ്ധമായി വളർന്നുനിന്ന കുന്തപ്പുല്ലുകൾക്കിടയിൽ നാട്ടുടമയക്ക് വഴിമാറി നാട്ടാചാരമാനിച്ചു. കരമൊഴിയായി ചാർത്തിക്കിട്ടിയ രാജപ്രീതിയിൽ ഈ മണ്ണ് ചില കുടുംബപ്പേരുകളിൽച്ചുരുങ്ങി. തെങ്ങോലകൾ തൊടുത്തുവിട്ട മാറ്റത്തിന്റെ കാറ്റ് ഞങ്ങളുടെ ഗ്രാമത്തിലും എത്തി. ശ്രീ അയ്യങ്കാളി അഴിച്ചുവിട്ട സാംസ്കാരികനവോത്ഥാന പ്രസ്ഥാനത്തിന്റെ ഗർജ്ജനം ഞങ്ങളും കേട്ടു. ശ്രീ കേശവൻ റൈട്ടരുടെ നേതൃത്വത്തിൽ മുന്നോക്ക സമുദായത്തിലെതന്നെ ഉത്പതിഷ്ണുക്കളുടെ സഹായത്തോടെ അയിത്തോച്ചാനട പ്രവർത്തനങ്ങൾ സാർവ്വത്രികമായി നടന്നു. ഒരു സമൂഹം ഉയിർത്തെഴുന്നേൽക്കുന്നതിന്റെ അടുത്ത ചിത്രം കമ്മ്യൂണിസ്റ്റു പ്രസ്ഥാനത്തിന്റെ അടിവേരുകൾ ഈ മണ്ണിൽ പടരുന്ന കാലഘട്ടമാണ്. ആശാനെന്നു പരക്കെ ആദരിക്കപ്പെടുന്ന ശ്രീ സുരേന്ദ്രനാഥ് ഈ പ്രദേശത്തിന്റെ വിപ്ലവാവേശമായിമാറി. ശ്രീ. പി. കേശവൻനായർ, ശ്രീ. കെ.കെ. പിള്ള, ശ്രീ ശ്രീധരൻനായർ, ശ്രീ ജോൺ ശാസ്ത്രി ശ്രീ പാവാംകോടു തങ്കയ്യ, ശ്രീധർജി എന്നിവരിലൂടെ ജനമുന്നേറ്റത്തിന്റെ നാഴികക്കല്ലുകൾ ഞങ്ങളും താണ്ടി. കർഷകപ്രസ്ഥാനത്തിന്റെ കൊയ്ത്തും മെതിയും നല്ല വാഗ്ദാനങ്ങൾ തന്നു. ഇതൊടൊപ്പം തന്നെ ദേശീയ പ്രസ്ഥാനം ഇളക്കിവിട്ട സ്വാതന്ത്ര്യത്തിന്റേയും സഹോദര്യത്തിന്റേയും അലയൊലികൾ നേർത്തതാണെങ്കിലും ഇവിടേയുമെത്തി.

സാമൂഹ്യമാറ്റത്തിനു ബീജാവാപം ചെയ്ത മറ്റൊരു ശ്രദ്ധേയമായ രംഗം മിഷണറിമാരുടെ ആഗമനവും ക്രൈസ്തവവൽക്കരണവുമാണ്. സമൂഹത്തിൽ സ്ഥാനം നഷ്ടപ്പെട്ട സമുദായങ്ങൾ മതപരിവർത്തനത്തിലൂടെ അതു വീണ്ടെടുത്തു. പള്ളികൾ പള്ളിക്കൂടങ്ങളുമായി. വിദ്യാഭ്യാസത്തിന്റെ ആരംഭം ആശാൻ പള്ളിക്കൂടങ്ങളായിരുന്നെങ്കിൽ അതിന്റെ വളർച്ചയ്ക്കു ആക്കം കൂട്ടിയ ഗവ: വിളപ്പിൽ എൽ.പി.എസ്. എന്ന സർക്കാർ സ്ഥാപനത്തിനു ഇന്നേക്കു 150 വർഷങ്ങളുടെ പെരുമ പറയാനുണ്ട്. 1953-ൽ നാലു കുട്ടികൾ ഒത്തുകൂടി പുല്ലിലിരുന്ന് പഠിച്ച സെന്റ് സേവ്യേഴ്സ് ഹൈസ്കൂൾ അങ്കണത്തിൽ നിന്നും ഇന്ന് 1100 ഹൈസ്കൂൾ വിദ്യാർത്ഥികൾ ഇറങ്ങിവരുന്നു. ഇന്നു പോലും ശ്രമഗമ്യമായ ചൊവ്വള്ളൂർ N.S.S.H.S. ഈ പ്രദേശത്തിന്റെ മറ്റൊരു അഭിമാനസ്തംഭമാണ്. വിജ്ഞാനത്തിന്റേയും വിദ്യാഭ്യാസത്തിന്റേയും മേഖലയിൽ ഞങ്ങൾക്കു ഒരു സുവർണ്ണ ചരിത്രം ഉണ്ട്.

സാമ്പത്തികവും സാമൂഹികവുമായ രംഗങ്ങളിൽ ഞങ്ങൾ വളർന്നത് മറ്റൊരു ഘടനാവ്യതിയാനം കൊണ്ടുകൂടിയായിരുന്നു. ചില കൈകളിൽ ഒതുങ്ങി തരിശായി കിടന്ന ഭൂപ്രദേശങ്ങൾ ക്രമേണ വിയർപ്പൊപ്പിയ കൈകളിലേയ്ക്ക് വകഞ്ഞു കിട്ടാൻ തുടങ്ങി. അധ്വാനം കൊണ്ടും അവകാശം കൊണ്ടും കിട്ടിയ തരിശുകൾ ഫലഭൂയിഷ്ടമായ വിളഭൂമികളായി. ഭൂപരിഷ്കരണ നിയമം ഒരു പുതിയ സംസ്കാരത്തെ ഇവിടെ തൊടുത്തു വിട്ടു.

ഈ പ്രദേശത്തിന്റെ സാംസ്കാരിക ചരിത്രത്തിന്റെ നാഴികക്കല്ലുകളായ രണ്ടു സ്ഥാപനങ്ങൾ വിളപ്പിൽ വിദ്യാപ്രബോധിനീ ഗ്രാമീണ ഗ്രന്ഥശാലയും ശ്രീ ഉജ്ജയിനി മഹാകാളി ക്ഷേത്രവും, ശ്രീ അപ്പാർ നാടാർ ദാനമായി നൽകിയ സ്ഥലത്തു ഉദയംകൊണ്ടു. 1935-ൽ (റെജിസ്ട്രേഷൻ 13.2.1950) സ്ഥാപിതമായ ഈ ഗ്രന്ഥശാല ധാരാളം സാംസ്കാരിക പ്രവർത്തനങ്ങളുടെ സിരാകേന്ദ്രമായിരുന്നു. ക്ഷേത്രോത്സവങ്ങൾ ഇന്നാട്ടുകാരുടെ പ്രാദേശികോത്സവവും പൗരാണികമായ ക്ഷേത്രങ്ങൾ നമ്മുടെ ഈടുവയ്പിലുണ്ട്.

തിരുവനന്തപുരം പട്ടണത്തിനെ തൊട്ടുരുമ്മിക്കിടക്കുന്ന പ്രകൃതിരമണീയമായ ഗ്രാമഭൂവിഭാഗമാണ് വിളപ്പിൽ പഞ്ചായത്ത്. പടിഞ്ഞാറുഭാഗം ഒരിക്കലും വറ്റാത്ത ചുറ്റി വളഞ്ഞു കിടക്കുന്ന കരമനയാറും തെക്ക് ഗതാഗതം നിലയ്ക്കാത്ത തിരുവനനന്തപുരം കാട്ടാക്കട റോഡും ഇതിന് അതിരിടുന്നു.

പടിഞ്ഞാറു വട്ടിയൂർക്കാവു പഞ്ചായത്തും തിരുവനന്തപുരം കോർപ്പറേഷന്റെ ഒരു ഭാഗവും തെക്ക് കുണ്ടമൺ ഭാഗം മുതൽ തച്ചോട്ടുകാവു വരെ വിളവൂർക്കൽ പഞ്ചായത്തും തച്ചോട്ടുകാവു മുതൽ മൂങ്ങോടുവരെ മലയിൻകീഴ് പഞ്ചായത്തും അവിടെ നിന്നും കിഴക്കു വടക്കായി മലപ്പനംകോടുവരെ കാട്ടാക്കട പഞ്ചായത്തും അവിടെ നിന്നും കരിമ്പാണ്ടി മുളയറ വരെ പൂവച്ചൽ പഞ്ചാ

യത്തും, അതുകഴിഞ്ഞു അല്പഭാഗം വെള്ളനാടു പഞ്ചായത്തും വീണ്ടും വടക്കോട്ടു അരുവിക്കര പഞ്ചായത്ത് കൂട്ടുംവാതിലുംവരെയും ഈ പഞ്ചായത്തിന്റെ അതിരുകളാകുന്നു. വാർഡുകൾ 7, 8, 9, 11 എന്നിവമലയോര പ്രദേശങ്ങളുടെ സ്വഭാവം കണിക്കുന്നു. 8, 9, 11 എന്നീ വാർഡുകളിൽ എത്തിച്ചേരാൻ മറ്റു പഞ്ചായത്തുകളുടെ റോഡുകളാണ് ഉപയോഗിക്കുന്നത്. നഗരവാസികൾ ധാരാളം കുടിയേറിപ്പാർക്കാൻ തുടങ്ങിയ ഈ സ്ഥലത്തു ജനസംഖ്യാപ്പെരുപ്പം അനുദിനം വർദ്ധിച്ചുവരുന്നു.

1953ൽ വിളപ്പിൽ പഞ്ചായത്തായി രൂപംകൊണ്ട ഈ പ്രദേശം ഇപ്പോഴത്തെ വിളവൂർക്കൽ പ്രദേശവും വിളപ്പിൽ പ്രദേശവും ചേർന്നതായിരുന്നു. വാടകക്കെട്ടിടത്തിൽ ആരംഭിച്ച ഈ പഞ്ചായത്ത് ഓഫീസിന്റെ തുടക്കക്കാരിൽ ഇന്നു ജീവിച്ചിരിക്കുന്ന ഒരേയൊരാൾ 35 വർഷം പൂണാനായിരുന്ന ശ്രീ ഗംഗാധരൻ നാടാർ മാത്രം.

1953 ലെ പ്രഥമ പഞ്ചായത്തു തിരഞ്ഞെടുപ്പു കഴിഞ്ഞു ആദ്യമായി സമ്മേളിച്ച കമ്മിറ്റി ശ്രീ. കെ. ഭാസ്കരപിള്ളയെ പ്രസിഡന്റായും ശ്രീ. കെ. പൊന്നയ്യൻ നാടാരെ വൈസ് പ്രസിഡന്റായും തിരഞ്ഞെടുത്തു. 9 അംഗങ്ങൾ ഉൾക്കൊണ്ടതായിരുന്നു ഭരണസമിതി.

അംഗങ്ങൾ

(1)	കെ. ഭാസ്കര പിള്ള	(പ്രസിഡന്റ്)
2	കെ. പൊന്നയ്യൻ നാടാർ	(വൈസ് പ്രസിഡന്റ്)
3	വി മാധവൻ പിള്ള	മെമ്പർ
4	വേലായുധൻ നായർ (ഭാർഗ്ഗവൻ പിള്ള)	,,
5	കെ. കൃഷ്ണപിള്ള	,,
6	ഡി. ജോൺ	,,
7	പി. ചെല്ലപ്പൻപിള്ള	,,
8	സി. കേശവൻ റൈട്ടർ	,,
9	പി. കുമാരപിള്ള	,,

പത്തുവർഷം കഴിഞ്ഞു 1963 ൽ നടന്ന പഞ്ചായത്തു തെരഞ്ഞെടുപ്പിൽ 12 അംഗങ്ങൾ

പ്രസിഡന്റ്	– ശ്രീ. ബി.എസ്. ശങ്കരൻ നായർ
വൈസ് പ്രസിഡന്റ്	– കെ. പൊന്നയ്യൻ നാടാർ
കെ. വേലായുധൻ നായർ	– മെമ്പർ
കെ.പി. ഭാസ്കരപിള്ള	– മെമ്പർ
ജെ. ഫ്രാൻസിസ്	– മെമ്പർ
കെ. ദാമോദരപണിക്കർ	,,
കെ. കുട്ടൻപിള്ള	– മെമ്പർ
കെ. ശ്രീധരൻ പിള്ള	,,
ജി. ചെല്ലൻ കാണി	,,
കെ. ഭാസ്കരപിള്ള	,,
ക്ലാറ സേവ്യർ	,,
ജെ. ജേക്കബ്	,,

തുടർന്ന് ജെ. ഫ്രാൻസിസ് രാജിവച്ച ഒഴിവിൽ ശ്രീ. എസ്. ദാമോദരൻ നാടാർ, ശ്രീ ബി.എസ്. ശങ്കരൻ നായർ രാജിവച്ച ഒഴിവിൽ ശ്രീ കെ. തങ്കപ്പൻ നായർ എന്നിവരും പഞ്ചായത്തു മെമ്പർമാരായി.

1966 ൽ ശ്രീ ബി.എസ്. ശങ്കരൻ നായർക്കു പകരം ശ്രീ. കെ. ഭാസ്കരപിള്ള വീണ്ടും പഞ്ചായത്തു പ്രസിഡന്റായി സ്ഥാനമേറ്റു. ശ്രീ. കെ. ഭാസ്കരപിള്ളയുടെ മരണശേഷം ശ്രീ. കെ. പൊന്നയ്യൻ നാടാർ പ്രസിഡന്റായും ശ്രീ. കെ.പി. ഭാസ്കരപിള്ള വൈസ് പ്രസിഡന്റായും തുടർന്നു. 1979 –ൽ പഞ്ചായത്തു വിഭജനം. ശ്രീ. കെ. പൊന്നയ്യൻ നാടാർ വിളവൂർക്കർ പഞ്ചായത്തു പ്രസിഡന്റായി. ശ്രീ. കെ. പി. ഭാസ്കരപിള്ള വൈസ്പ്രസിഡന്റ്. വിളവൂർക്കൽ പഞ്ചായത്ത് രൂപീകരണത്തിൽ അവർ രണ്ടു പേരും വിളപ്പിൽ പഞ്ചായത്തിൽ നിന്നും മാറി. തുടർന്ന് 1980 ൽ ശ്രീ. കെ.പി. നാരായണൻ നായർ ഗവ. നോമിനിയായി ഒരു വർഷക്കാലം വിളപ്പിൽ പഞ്ചായത്ത് പ്രസിഡന്റായി സേവനം അനുഷ്ഠിച്ചു.

വീണ്ടും 1980ൽ പഞ്ചായത്ത് തെരഞ്ഞെടുപ്പ്

9 അംഗ കമ്മിറ്റി നിലവിൽ വന്നു

1.	ശ്രീ. ജി. സുധാകരൻ നായർ	(പ്രസിഡന്റ്)
2	ശ്രീ. കെ. സദാശിവ പണിക്കർ	(വൈസ് പ്രസിഡന്റ്)
3	ജോൺ ശാസ്ത്രി	(മെമ്പർ)
4	തങ്കപ്പൻ	,,
5	ഗോപാലകൃഷ്ണൻ നായർ	,,
6	പത്മാവതി	,,
7	കെ.പി. നാരായണൻ നായർ	,,
8	ദാമോദരൻ പിള്ള	,,
9	ശ്രീ വില്യംരാജ്. എസ്	,,

1987 ൽ പഞ്ചായത്തു തിരഞ്ഞെടുപ്പ്

ശ്രീ കെ. ശ്രീധരൻ നായർ പ്രസിഡന്റായും ശ്രീമതി സി. വസന്ത വൈസ് പ്രസിഡന്റായും ഉള്ള 10 അംഗ സമിതി നിലവിൽ വന്നു.

3	ജി. സുധാകരൻ നായർ	– മെമ്പർ
4	മദുസൂദനൻനായർ (കാരോട്)	,,
5	കെ. സത്യശീലൻ	,,
6	എസ്. വില്യം രാജ്	,,
7	ചെല്ലൻകാണി	,,
8	ശ്രീമതി സൗദാമിനി	,,
9	ക്രിസ്റ്റഫർ ജെ.	,,
10	കെ. മോഹനൻ	,,

1995 സെപ്റ്റബറിൽ തിരഞ്ഞെടുപ്പ്

30-9-1995 ൽ നടന്ന തെരഞ്ഞെടുപ്പിൽ ഡോ: കെ. കൃഷ്ണൻ പ്രസിഡന്റായും ശ്രീമതി ലേഖാ രവീന്ദ്രൻ വൈസ് പ്രസിഡന്റായും ശ്രീ എ. അസീസ് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനായും നിലവിലുള്ള പഞ്ചായത്തു സമിതി രൂപം കൊണ്ടു.

ആകെ അംഗങ്ങൾ – 12 വാർഡ് – 12

വാർഡ്		അംഗങ്ങൾ
1 ഹൈസ്കൂൾ വാർഡ്	–	ശ്രീ എഡ്വിൻ ജോർജ്
2 ഓഫീസ്	,, –	ശ്രീമതി ഭവാനി തങ്കപ്പൻ
3 തുരത്തുമൂല	,, –	ശ്രീ എ അസീസ്
4 പുളിയറക്കോണം	,, –	ശ്രീ എ. ബാബുകുമാർ
5 വെള്ളക്കടവ്	,, –	ക്രിസ്റ്റഫർ ജോസഫ്
6 ചൊവ്വള്ളൂർ	,, –	ശ്രീ. എസ്. വില്യംരാജ്
7 നൂലിയോട്	,, –	ശ്രീ. കെ. പങ്കജാക്ഷൻ
8 ചെറുകോട്	,, –	ശ്രീമതി ലേഖാ രവീന്ദ്രൻ
9 കാരോട്	,, –	ഡോ. കെ. കൃഷ്ണൻ
10 വിളപ്പിൽശാല	,, –	ശ്രീ. എസ്. രാമചന്ദ്രൻ
11 കരുവിലാഞ്ചി	,, –	കുമാരി ജെ. സതികുമാരി
12 പുന്നത്താനം	,, –	ശ്രീമതി കുമാരി മോഹനൻ

ഓഫീസ് ജീവനക്കാർ

സെക്രട്ടറി	വസന്തകുമാരി അമ്മ എസ്സ്.
ഹെഡ്ക്ലാർക്ക്	ഇന്ദിര പി.
യുഡി. ക്ലാർക്ക്	1. സജീവ് ലാൽ എസ് 2. സുശീലാമ്മ എസ്.
എൽ.ഡി. ക്ലാർക്ക്	1. ജനാർദ്ധനൻ പിള്ള ബി. 2 ചാക്കോ സി.വൈ.
പ്യൂൺ	അജയ്കുമാർ റ്റി.

ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ :

1. ശ്രീമതി അസുമാബീവി ബി.
2. പങ്കജാക്ഷി അമ്മ എം.
3. ബേബി കെ.

പൊതുവിവരങ്ങളും ഭരണപരമായ ചരിത്രവും

പഞ്ചായത്തിന്റെ പേര്	–	വിളപ്പിൽ ഗ്രാമപഞ്ചായത്ത് (സ്പെഷ്യൽ ഗ്രേഡ്)
ഉൾപ്പെടുന്ന റവന്യൂവില്ലേജ്	–	വിളപ്പിൽ വില്ലേജ്
ബ്ലോക്ക് പഞ്ചായത്ത് മണ്ഡലങ്ങൾ	–	വിളപ്പിൽശാല, പേയാട്
ബ്ലോക്ക് പഞ്ചായത്ത്	–	നേമം
താലൂക്ക്	–	നെയ്യാറ്റിൻകര
ജില്ലാ പഞ്ചായത്ത് മണ്ഡലങ്ങൾ	–	മലയിൻകീഴ്, വെള്ളനാട്
അസംബ്ലി മണ്ഡലം	–	നേമം
പഞ്ചായത്തിന്റെ വിസ്തീർണ്ണം	–	19.3. സ്കയർ. കി. മി
ജനസംഖ്യ	–	28332

വികസന രേഖകൾ

PWD റോഡുകൾ	–	79.1 കി.മീ
കച്ചാ റോഡുകൾ	–	39.7 കി.മീ
ഫെറി സർവ്വീസ്	–	2
മൈനർ ഇറിഗേഷൻ വർക്സ്		40 – 587 ഏക്കർ
പൊതുകുളങ്ങൾ	–	20
പൊതു കിണറുകൾ	–	20
തെരുവുവിളക്കുകൾ	–	581
നഴ്സറി സ്കൂളുകൾ	–	2
അംഗൻവാടികൾ	–	14
LPS	–	3
UPS(Govt)	–	1
UPS(Unaid)	–	1
H.S	–	2

വാട്ടർ സപ്ലൈ സ്കീം	–	1
പ്രൈമറി ഹെൽത്ത് സെന്റർ	–	1
മെറ്റേർണിറ്റ് സബ് സെന്റർ	–	6
പബ്ലിക് മാർക്കറ്റ്	–	3
പൊതുശ്മശാനം	–	1
വാട്ടർ ടാപ്സ്	–	130
റേഡിയോ ക്യോസ്ക്	–	3 (ഉപയോഗ ശൂന്യം)
T.V. ക്യാസ്ക്	–	3

ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങൾ

വിദേശങ്ങളിലേക്ക് ബ്ലഡ് ബാഗുകൾ കയറ്റി അയയ്ക്കുന്ന ഏഷ്യയിലെ തന്നെ രണ്ടാമത്തെ സ്ഥാപനമായ പെൻസുലാർ – പോളിമേർസ് (പെൻപോൾ), അലിൻഡ്-കമ്പനി, കാവിൻപുറം, ഏഷ്യാനെറ്റ് പ്രസരണ കേന്ദ്രം

ശ്രീ സത്യസായി ബാബാ ആശ്രമം (മധുവനം) പുളിയറക്കോണം ഇവ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു.

പഞ്ചായത്തിലെ ഏക ചാർജ്ജിംഗ് പോലീസ് സ്റ്റേഷൻ വിളപ്പിൽശാല സ്ഥിതിചെയ്യുന്നു.

പഞ്ചായത്തിലെ ഏറ്റവും മികച്ച ക്ഷീരവ്യവസായ-വിപണനകേന്ദ്രവും (കാരോട് മിൽക്ക് സൊസൈറ്റി) വിളപ്പിൽശാല ഗവ: മൃഗാശുപത്രിയും വിളപ്പിൽശാല സ്ഥിതിചെയ്യുന്നു.

പഞ്ചായത്ത് അസ്ഥാനം

പഞ്ചായത്ത് ആഫീസ് സ്ഥിതിചെയ്യുന്ന 'പേയാട്' പ്രധാനപ്പെട്ട ഒരു ഉപഗ്രഹ പട്ടണം. (Satelite Town) ആണ്.

പഞ്ചായത്തിലെ കൃഷിഭവനം, മേജർ ഇലക്ട്രിസിറ്റി ആഫീസ്, വില്ലേജ് ആഫീസ്, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ പേയാട് ബ്രാഞ്ച് വിളപ്പിൽ സഹകരണ ബാങ്ക്, എന്നിവ പഞ്ചായത്തു ആസ്ഥാനമായ പേയാട് സ്ഥിതിചെയ്യുന്നു. തിരുവനന്തപുരം നെയ്യാർഡാം സ്റ്റേറ്റ് റോഡ് കടന്നുപോകുന്ന ഈ പഞ്ചായത്തിന്റെ അസ്ഥാനമായ പേയാട് കൂടുതൽ ജനസാന്ദ്രതയുള്ളതും വികസനം കൊതിക്കുന്ന ഒരു ഉൾനാടൻ പട്ടണവുമാണ്.

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ പഞ്ചായത്തുതല പ്രവർത്തനങ്ങൾ

ഒമ്പതാം പഞ്ചാവത്സര പദ്ധതിയുടെ കേരള സംസ്ഥാന വിഹിതത്തിന്റെ നാല്പതു ശതമാനം തുക തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലൂടെ എങ്ങനെ അർത്ഥപൂർണ്ണമായി വിനിയോഗിക്കാം എന്ന ചിന്തയാണ് ഒരു ജനകീയ വികസന മുന്നേറ്റത്തിനു നാന്ദി കുറിച്ചത്. അതിന്റെ കേളികൊട്ട് ഈ പഞ്ചായത്തിലും കേട്ടു തുടങ്ങി.

സെപ്റ്റംബർ മാസം പന്ത്രണ്ടാം തീയതി കൂടിയ ഒരു ഏകദിന ശില്പശാല ഈ പഞ്ചായത്തിലെ ജനകീയാസൂത്രണ പ്രവർത്തനങ്ങളുടെ നാന്ദിയായി. ഒന്ന്, രണ്ട്, മൂന്ന് എന്നീ ക്രമത്തിൽ വാർഡുകളിലെ ഗ്രാമസഭകളുടെ തീയതികൾ നിശ്ചയിച്ചു നോട്ടീസുകൾ വിതരണം ചെയ്തു. പേയാട് പള്ളിമുക്ക് ഗാനം ആഡിറ്റോറിയത്തിൽ ആദ്യത്തെ ഗ്രാമസഭ ചേർന്നു. ഒരു പുത്തൻ അനുഭവം ഒരു പുത്തൻ ഭാഷ, ഒരു ജനകീയ ഭാഷ. ഇതു പെട്ടെന്നു ഉൾക്കൊള്ളാൻ ജനങ്ങൾക്കു കഴിഞ്ഞില്ല. എങ്കിലും ഗ്രാമ ഹൃദയത്തിൽ അതിന്റെ അലയൊലികൾ തലങ്ങും വിലങ്ങും സഞ്ചരിച്ചു. പതിനൊന്നാം വാർഡിലെ പാറക്കെട്ടുകൾക്കിടയിലെ ഒറ്റയടിപ്പാതയിലൂടെ സാവധാനം നിറുകയിലെത്തിയപ്പോൾ നൂറോളം പേർ ഈ സന്ദേശം ഏറ്റു വാങ്ങാൻ കാത്തുനിൽക്കുകയായിരുന്നു. പത്താം വാർഡിലെ ഗ്രാമസഭ അംഗബലത്തിൽ ശ്രദ്ധേയമായെങ്കിൽ നാലാം വാർഡിലെ ഗ്രാമസഭ മുന്നൊരുക്കവും സ്ത്രീപങ്കാളിത്തവും കൊണ്ട് കൂടുതൽ അർത്ഥപൂർണ്ണമായി. തുറന്ന സ്ഥലത്തു സായം സന്ധ്യയുടെ നിഴലിൽ ഗ്രാമസഭ കൂടിയ ആദ്യാനുഭവം മൂന്നാം വാർഡിലെ സംഘാടന രീതികൊണ്ട് കൂടുതൽ സുഖകരമായി.

കക്ഷിരാഷ്ട്രീയത്തിനു അതീതമായ സഹകരണം ജനപ്രതിനിധികളിൽ നിന്നുണ്ടായപ്പോൾ ജനകീയാസൂത്രണ പ്രസ്ഥാനത്തിനു ചിലർ കല്പിച്ച സങ്കുചിത മാനദണ്ഡങ്ങൾക്കു അർത്ഥമില്ലാതായി. തികച്ചും ജനകീയമെന്ന തിരിച്ചറിവ് ജനങ്ങളെ കൂടുതൽ അടുപ്പിച്ചു. എല്ലാ ഗ്രാമസഭകളിലും വികസന വിഷയങ്ങൾ അസമർത്ഥമായെങ്കിലും ചർച്ച ചെയ്യപ്പെട്ടു. ജനജീവിതത്തിന്റെ പുറംപോക്കുകളിൽ നിന്നും പരാതികളുടെ ഘോഷയാത്രകൾ ആരംഭിച്ചു.

മറ്റുവാർഡുകളിൽ നിശ്ചിത ദിവസങ്ങളിൽ ജനപങ്കാളിത്തം ഏറിയോ കുറഞ്ഞോ ഗ്രാമസഭകൾ കൂടുകയുണ്ടായി. ബഹുമാനപ്പെട്ട ഗ്രാമപഞ്ചായത്തു പ്രസിഡന്റ് അദ്ധ്യക്ഷനായും ജില്ല-ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ ഉദ്ഘാടകരായും ആശംസാ പ്രസംഗകരായും നടന്ന ഗ്രാമസഭകളിൽ വാർഡ് മെമ്പർമാർ സ്വാഗതം ആശംസിച്ചു. ജില്ലാറിസോർ സ്പെർസൺമാർ വിഷയങ്ങളവതരിപ്പിക്കുകയും ചർച്ചകൾക്ക് നേതൃത്വം കൊടുക്കുകയും ചെയ്തു. ചർച്ചകളിൽ പൊന്തിവന്ന ജനകീയാഭിലാഷങ്ങളും ആവശ്യങ്ങളും ക്രോഡീകരിച്ച് പഞ്ചായത്ത് സമിതി മുൻഗണനാക്രമം നിശ്ചയിച്ച ഒരു വികസന റിപ്പോർട്ടാണ് ഞാൻ നിങ്ങളുടെ മുമ്പാകെ അവതരിപ്പിക്കുന്നത്.

വിദ്യാഭ്യാസം

ഒരു ഗ്രാമത്തിന്റെ പുരോഗതിയുടെ പാത നീളുന്നത് വിദ്യാഭ്യാസത്തിലൂടെയാണ്. മനുഷ്യന്റെ വിജ്ഞാന തൃഷ്ണയും ഭൗതിക സാഹചര്യങ്ങളെ മനസ്സിലാക്കാനും മെച്ചപ്പെടുത്താനും ഉള്ള ആഗ്രഹത്തിൽ നിന്നുമാണു വിദ്യാഭ്യാസ ചിന്ത ഉടലെടുക്കുന്നത്. ഇതിന്റെ സ്ഫുലിംഗങ്ങൾ പണ്ടുമുതൽക്കേ ഈ പ്രദേശത്തും കണ്ട് തുടങ്ങി. അങ്ങനെ ആശാൻ പള്ളിക്കൂടങ്ങൾ മിണ്ണംകോട്, വിളപ്പിൽശാല, ചൊവ്വള്ളൂർ എന്നീ സ്ഥലങ്ങളിൽ പ്രവർത്തിച്ചുതുടങ്ങി. നമ്മുടെ വിദ്യാഭ്യാസചരിത്രം അവിടെ സമാരംഭിച്ചു. ഈ പഞ്ചായത്തിന്റെ ആദ്യ ബിരുദ ധാരികൾ ശ്രീ രത്നയ്യൻ, ശ്രീ അംബുജാക്ഷൻ എന്നിവരായിരുന്നു. ഇവരിലൂടെ തുടക്കമിട്ട ഉന്നത വിദ്യാഭ്യാസ ചരിത്രം ഇന്നു അനുസ്യൂതം മുന്നേറുന്നു.

1953 ൽ 27 വിദ്യാർത്ഥികൾ തുടക്കക്കാരായി യു.പി വിഭാഗം സെന്റ് സേവ്യേഴ്സിൽ ആരംഭിച്ചതിന്റെ പിൽക്കാല ചരിത്രമാണ് 1500 ഹൈസ്കൂൾ വിദ്യാർത്ഥികളിലൂടെ നാമിന്നു ദർശിക്കുന്നത്. 150 വർഷങ്ങൾക്കു മുമ്പ് വ്യവസ്ഥാപിതമായ വിദ്യാഭ്യാസത്തിന്റെ ആദ്യചുവടുവയ്പ്പായി പേയാട് ദേശത്ത് വിളപ്പിൽ ഗവ: പ്രൈമറി സ്കൂൾ എന്ന പേരിൽ ഒരു വിദ്യാലയം ഉണ്ടായി. ഈ എളിയ തുടക്കം ഇന്ന് മൊത്തം 7 സ്ഥാപനങ്ങളിൽ എത്തി നിൽക്കുന്നു. കൂടാതെ അനൗപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ വേറെയും.

ഇന്നു കേരളത്തിലെ വിദ്യാഭ്യാസമേഖല അഭിമുഖീകരിക്കുന്ന മീഡിയം പ്രശ്നം ഈ പ്രദേശത്തേയും ബാധിച്ചിരിക്കുന്നു. ആകർഷണീയമായ ലേബലുകളിൽ ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ മുളച്ചു തുടങ്ങി. പോരാത്തതിനു അഭ്യാസം മാത്രം പരിശീലിപ്പിക്കുന്ന പട്ടണത്തിലെ പല സ്കൂളുകളുടെയും ട്രക്കും ബസ്സുകളും ഈ ഗ്രാമത്തിന്റെ മിക്ക ഭാഗങ്ങളിലും ഓടിത്തുടങ്ങി. അംഗൻവാടികളിൽ കുട്ടികളെ കിട്ടാത്ത അവസ്ഥ ഇപ്പോൾ സംജാതമായിരിക്കുന്നു. ചുരുക്കത്തിൽ സ്കൂളുകളുടെ അപര്യാപ്തത, ഉള്ളവയിൽ അടിസ്ഥാന സൗകര്യക്കുറവ്, അധ്യാപന ത്തിലെ മൂല്യതകർച്ച, ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ പെരുപ്പം എന്നിവ ഈ പ്രദേശത്തിന്റെ വിദ്യാഭ്യാസത്തിന്റെ ഗുണപരമായ വളർച്ചയ്ക്ക് തടസ്സമായി നിൽക്കുന്നു. ഇതിനെ അതിജീവിക്കാൻ ബോധവൽക്കരണത്തിനും കൂട്ടായ ജനേച്ഛയ്ക്കും മാത്രമേ കഴിയൂ.

സ്ഥാപനവൽക്കരിക്കപ്പെട്ട വിദ്യാഭ്യാസ രംഗത്തെ ആദ്യത്തെ ചുവടുവയ്പ് ഈ പഞ്ചായത്തിന്റെ ആസ്ഥാനമായ പേയാട് എന്ന പ്രദേശത്ത് ഒന്നര പതിറ്റാണ്ട് പ്രായമായ സർക്കാർ എൽ.പി. സ്കൂൾ ആരംഭിച്ചുകൊണ്ടാണ്. അന്നു ആരംഭിച്ച ആ സ്കൂൾ അതിന്റെ ഘടനയിൽ ഒരു മാറ്റമോ ക്ലാസ് തലത്തിൽ ഒരു കയറ്റമോ ഇല്ലാതെ ഇന്നും വെറും എൽ.പി. സ്കൂളായി നിലനിൽക്കുന്നു. ഇന്നേക്ക് 50 വർഷത്തോളം പഴക്കമാർന്ന മറ്റൊരു പ്രൈമറി വിദ്യാലയമാണ് തുരുത്തുംമൂല എൽ.പി.എസ്. ശ്രീ. ചെല്ലപ്പൻപിള്ള മാനേജരും പ്രഥമാധ്യാപകനുമായി തുടങ്ങിയ ഈ സ്ഥാപനം നടത്തിക്കൊണ്ട് പോകുന്നതിനുള്ള ബുദ്ധിമുട്ടുകാരണം സർക്കാരിനെ ഏൽപിച്ചു. ഒരു ചക്രം പ്രതിഫലം പറ്റി അദ്ദേഹം കൃതകൃത്യനായി. സ്വാതന്ത്ര്യലബ്ധിക്കുമുമ്പ് തന്നെ ഒരു സ്കൂൾ കൂടി ഈ പ്രദേശത്ത് പിറന്നുവീണു. വിളപ്പിൽശാലയിലെ കാരോട് പ്രൈമറി സ്കൂൾ. ശ്രീ കൃഷ്ണൻ നായർ മാനേജർ-ഹെഡ്മാസ്റ്റർ പദവികൾ ഒരുമിച്ചു സ്വീകരിച്ചു നടത്തിയ ആ സ്കൂളും സർക്കാരിനു വിട്ടുകൊടുത്തു. ഇപ്പോൾ ആ സ്കൂൾ അറിയപ്പെടുന്നത് വിളപ്പിൽശാല ഗവ: അപ്പർ പ്രൈമറി സ്കൂൾ എന്നാണ്.

മിഷണറിമാരുടെ വിദ്യാഭ്യാസ പ്രവർത്തനത്തിന്റെ സത്ഫലം അനുഭവിക്കാനുള്ള ഭാഗ്യവും ഈ പ്രദേശത്തിനുണ്ടായി. 1953 ൽ ആരംഭിച്ച സെന്റ് സേവ്യേഴ്സ് ഹൈസ്കൂൾ ഇന്നു ഈ പ്രദേശത്തെ ഏറ്റവും വലിയ വിദ്യാഭ്യാസ സ്ഥാപനമാണു. വികസനത്തിനു ധാരാളം സാധ്യതകളുള്ള ഈ സ്ഥാപനം ഈ പഞ്ചായത്തിന്റെ മാത്രമല്ല സമീപ പഞ്ചായത്തുകളുടെ വിദ്യാഭ്യാസ രംഗത്തും ശക്തമായ സ്വാധീനം ചെലുത്തുന്നുണ്ട്. ചൊവ്വള്ളൂർ എന്ന ഉൾപ്രദേശത്ത് ശ്രമകരമായ സ്ഥലത്ത് മറ്റൊരു സ്കൂൾ കൂടി ഉണ്ടായി. അപ്പർ പ്രൈമറിയായി എൻ.എസ്.എസ്. മാനേജ്മെന്റ് തുടങ്ങി ഇന്നൊരു ഹൈസ്കൂളായി മാറിയ എൻ.എസ്.എസ്.എച്ച്.എസ്. ഈ സ്കൂൾ അവിടുത്തെ ജനങ്ങളുടെ ഏക ആശ്രയമാണ്. വിദ്യാഭ്യാസ ഭൂപടത്തിൽ ഇതിന്റെ സ്ഥാനം മഹനീയമാണ്. മറ്റൊരു സ്ഥാപനം കൂടി ഇവിടെയുണ്ടായി. ചെറുകോട് എന്ന സ്ഥലത്ത് പട്ടികജാതി പട്ടികവർഗ്ഗ വികസനത്തിന്റെ ഭാഗമായി ഒരു പ്രൈമറി സ്കൂൾ ആരംഭിച്ചു. വേണ്ടത്ര അധ്യാപകരില്ലാതെ. ആതുരാവസ്ഥയെ നേരിടുന്ന ഈ സ്കൂളിൽ വിദ്യാർത്ഥികളുടെ എണ്ണവും ശോചനീയമാണ്.

ഇനി സമാന്തര വിദ്യാലയങ്ങളുടെ പട്ടിക പരിശോ

ധിക്കാം. സർക്കാർ അംഗീകരാമില്ലാത്ത അനേകം സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. അവയിൽ ഭൂരിഭാഗവും ട്യൂട്ടോറിയൽ കോളേജുകളാണ്. പരിശീലനം ലഭിക്കാത്ത അധ്യാപകരാണു ഇവിടെയുള്ള ബഹുഭൂരിപക്ഷവും അതുകൊണ്ട് തന്നെ പഠന പ്രക്രിയയിൽ അതിന്റെ പോരായ്മ തെളിയുന്നുണ്ട്. സ്കൂൾ കോളേജ് കുട്ടികൾ കൂടുതലായി ആശ്രയിക്കുന്നത് ട്യൂട്ടോറിയലുകളെയാണ്. ഇവിടുത്തെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പൊതുവെ കുട്ടികൾ കുറവാണ് കാരണം പട്ടണത്തിലെ അൺ എയിഡഡ് സ്കൂളുകളാണ് ഇവിടുത്തുകാർക്ക് ഏറെ ഇഷ്ടം.

ഉന്നത വിദ്യാഭ്യാസത്തിനു ഇവിടുത്തെ വിദ്യാർത്ഥികൾ ആശ്രയിക്കുന്നത് പട്ടണത്തിലെ കോളേജുകളെയാണ്. കാട്ടാക്കട ക്രിസ്ത്യൻ കോളേജ് ഈ പ്രദേശത്തെ ഉന്നത വിദ്യാഭ്യാസ രംഗത്ത് ശ്രദ്ധേയമായ ഒരു സ്ഥാപനമാണ്. കോളേജുകളിൽ പ്രവേശനം നേടാൻ കഴിയാത്ത വിദ്യാർത്ഥികളുടെ ബിരുദപഠനത്തെ സഹായിക്കാൻ അനൗപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇവിടെ ഏറെയുണ്ട്. അവയിൽ മുൻനിരയിൽ നിൽക്കുന്നവയാണ് ആൽഫ കോളേജ്. പേയാട്, നവോദയ കോളേജ് പേയാട്, വിജയാ കോളേജ് കാട്ടുവിള, ഭാരത് കോളേജ് വിളപ്പിൽശാല എന്നിവ. ഔപചാരിക വിദ്യാഭ്യാസ മേഖലയ്ക്കുൾക്കൊള്ളാൻ കഴിയുന്നതിനെക്കാൾ വിദ്യാർത്ഥികൾ അനൗപചാരിക സ്ഥാപനങ്ങളിലൂടെ യൂണിവേഴ്സിറ്റി വിദ്യാഭ്യാസം നേടുന്ന ഒരു പഞ്ചായത്താണു ഇത്. ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസത്തിനുള്ള സ്ഥാപനങ്ങളും വിരളമാണ്.

ആധുനിക വിദ്യാഭ്യാസ സൗകര്യങ്ങളും അവസരങ്ങളും തട്ടിച്ച് നോക്കുമ്പോൾ വികസനം തീണ്ടാത്ത പഞ്ചായത്താണ് ഇത്. ജില്ലാ അടിസ്ഥാനത്തിലുള്ള മത്സരങ്ങളിൽ ഈ പ്രദേശത്തെ പ്രതിഭകൾ നിഷ്പ്രഭരാക്കപ്പെടുന്നു. കായിക രംഗങ്ങളിലേയും കഥ ഇത് തന്നെ. എസ്.എസ്.എൽ.സി. പരീക്ഷകളിൽ 500 നു മുകളിൽ മാർക്ക് കരസ്ഥമാക്കുന്നവർ അത്യപൂർവ്വം. അധ്യാപനത്തിന്റെ അളവുകോൽ അറിവും ആത്മാർത്ഥതയുമാണെങ്കിൽ ഇവയുടെ വിനിയോഗം പ്രതിഫലിപ്പിക്കുന്ന തോതു വെച്ച് നോക്കുമ്പോൾ ഇവ വളരെ കുറവാണെന്നു കാണാം. അഖിലേന്ത്യാ മത്സരങ്ങളിൽ ഈ പ്രദേശത്തുകാർക്ക് അഭിമാനിക്കാൻ ഒന്നുമില്ല. തുടർവിദ്യാഭ്യാസത്തിൽ വിഷയവൈവിധ്യം വളരെ പരിമിതം. ആധുനിക ശാസ്ത്ര സാങ്കേതിക വിഷയങ്ങളെ കുറിച്ചുള്ള അജ്ഞതയാണ് അതിനു കാരണം. 10-ാം ക്ലാസ് കഴിഞ്ഞാൽ പാരലൽ കോളേജ് എന്ന സമസ്യ മുറിച്ച് കടക്കാൻ ജനമനോഭാവത്തിനു കഴിഞ്ഞിട്ടില്ല. ഇത് സൂചിപ്പിക്കുന്നത് സെക്കണ്ടറി തല വിദ്യാഭ്യാസത്തിന്റെ ശോചനീയാവസ്ഥയും ഉന്നത വിദ്യാഭ്യാസ പാരമ്പര്യത്തിന്റെ അഭാവവുമാണ്.

വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾ

1. സ്കൂളുകളിലെ പഠനനിലവാരതകർച്ച
2. വിളപ്പിൽശാലയിൽ ഒരു ഹൈസ്കൂളിന്റെ അഭാവം
3. സാങ്കേതിക വിദ്യാഭ്യാസത്തിനുള്ള അവസരം ഇല്ലായ്മ
4. സ്കൂളുകളിൽ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത
5. ഉന്നത വിദ്യാഭ്യാസത്തിനു വിദൂര സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടിവരുന്നത്
6. പ്രീപ്രൈമറി ട്രെയിനിംഗ് ലഭിക്കാത്ത അധ്യാപകർ അംഗൻവാടിമുതൽ നഴ്സറികൾ വരെ കൈകാര്യം ചെയ്യുന്നതിലുള്ള ദോഷങ്ങൾ
7. പി.ടി.എ. യുടെ അലംഭാവം
8. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് സാമ്പത്തിക സഹായം ലഭ്യമല്ലാത്ത അവസ്ഥ
9. സ്കൂളുകളിലെ പോഷകാഹാര പരിപാടിയുടെ അഭാവം
10. മത്സരപരീക്ഷകളെ മാത്രം ലക്ഷ്യം വച്ച് കൊണ്ടുള്ള പഠനരീതി കുട്ടികളുടെ ആശയപരമായ വളർച്ചയെ തടസ്സപ്പെടുത്തുന്നു.
11. വിദ്യാഭ്യാസം കച്ചവടലക്ഷ്യമാക്കിയിരിക്കുന്നവരുടെ കടന്നുകയറ്റം
12. ഇംഗ്ലീഷ് ഭാഷയിലുള്ള പഠനരീതി കാരണം സ്വന്തം ഭാഷയ്ക്ക് പ്രാധാന്യമില്ലാതെ വരിക വഴിയുണ്ടാകുന്ന ദോഷങ്ങൾ
13. അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടവും സ്ഥലവും ഇല്ലായ്മ

പരിഹാരനിർദ്ദേശങ്ങൾ

1. വിളപ്പിൽശാല യു.പി.എസ്.ന് സമീപത്തുള്ള കുന്നുംപാറ പ്രദേശത്തുള്ള മൂന്നര ഏക്കർ സർക്കാർ വക സ്ഥലം ഉപയോഗപ്പെടുത്തി സ്കൂളിനെ ഹൈസ്കൂളും ഹയർ സെക്കണ്ടറിയുമായുയർത്തണം
2. സാങ്കേതിക വിദ്യാഭ്യാസത്തിനു വേണ്ടി കാരോട് വാർഡിൽ കടുംപുപ്രദേശത്തുള്ള പഞ്ചായത്ത് വക സ്ഥലം ഉപയോഗപ്പെടുത്തുക ഒരു ഹൈസ്കൂൾ, വി.എച്ച്.എസ്. ആക്കുക.
3. അടിസ്ഥാന വിദ്യാഭ്യാസത്തിനു പ്രാധാന്യം നൽകി അധ്യാപകർക്ക് റിഫ്രഷർ കോഴ്സുകൾ ഏർപ്പെടു

ത്തുക. അയൽപക്ക വിദ്യാലയരീതി, പഞ്ചായത്ത് സ്കൂൾ കോംപ്ലക്സ് തുടങ്ങിയവ ആവിഷ്ക്കരിക്കുക.

4 ഏതേത് കോഴ്സുകൾ കുട്ടികൾക്ക് പഠിക്കാമെന്നു കാണിക്കാൻ പഞ്ചായത്ത് തലത്തിൽ ഒരു ഇൻഫർമേഷൻ ബ്യൂറോ ആരംഭിക്കുക. ഇന്ന് ഉന്നത വിദ്യാഭ്യാസ രംഗമെന്ന സമസ്യക്ക് മുന്നിൽ ഇതികർത്തവ്യതാമൂഢരായി നിൽക്കുന്ന ഈ പഞ്ചായത്തിലെ വിദ്യാർത്ഥികൾക്ക് വളരെ ഉപകാരപ്രദമായിരിക്കും.

5 പതിനാല് അംഗൻവാടികൾ ഉള്ള ഈ പഞ്ചായത്തിൽ അവയുടെ പ്രവർത്തനം കുറ്റമറ്റതാക്കുക. പ്രീപ്രൈമറി ട്രയിനിംഗ് ലഭിച്ചവരെ മാത്രം നിയമിച്ച് അവർക്ക് വേതനം നിശ്ചയിക്കുക.

6 പി.ടി.എ. യുടെ പഞ്ചായത്ത് സമിതി ഉണ്ടാക്കി പ്രവർത്തനം ഏകീകരിക്കുക

7 സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന രക്ഷകർത്താക്കളുടെ കുട്ടികൾക്ക് അർഹമായ തോതിൽ സാമ്പത്തികാനുകൂല്യം ലഭ്യമാക്കുക

8 സർക്കാർ സ്കൂളുകളിൽ പഠിക്കുന്ന ഭൂരിപക്ഷം വിദ്യാർത്ഥികളും തൊഴിലാളികളുടെ കുട്ടികളാണ്. അവർക്ക് ഉച്ചക്കഞ്ഞി മുടക്കമില്ലാതെ ലഭ്യമാക്കുക.

9 സാക്ഷരതയിൽ പിന്നോക്കം നിൽക്കുന്ന ഏതാനും വാർഡുകൾ ഈ പഞ്ചായത്തിലുണ്ട്. അവിടെയുള്ള നിരക്ഷരരെ കണക്കിലെടുത്ത് സാക്ഷരതാ തുടർ പദ്ധതികൾ നടപ്പാക്കണം.

10 സ്കൂളുകളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുക. ആവശ്യമുള്ള കുടിവെള്ളവും മൂത്രപ്പുരകളും മറ്റുമുണ്ടെന്നു ഉറപ്പുവരുത്തുക

11 സ്കൂളുകളിൽ ലൈബ്രറികളും, ലബോറട്ടറികളും തുടങ്ങേണ്ടതാണ്.

12 സ്കൂൾ ആരംഭത്തിൽ തന്നെ പുസ്തകങ്ങൾ ലഭ്യമാക്കുക. അധ്യാപക നിയമനവും ഉറപ്പാക്കുക.

പട്ടിക അഞ്ച് A

വിദ്യാലയവിവരങ്ങൾ (അംഗീകൃത സ്ക്കൂളുകൾ മാത്രം)

നമ്പർ	സ്കൂളിന്റെ പേര്	മാനേജ്മെന്റ്	കുട്ടികളുടെ എണ്ണം			അദ്ധ്യാപകരുടെ എണ്ണം
			Boys	Girls	Total	
1	2	3	4	5	6	7
1.	LPS വിളപ്പിൽ	ഗവ	295	290	585	20
2	LPS തുരുത്തുംമൂല	ഗവ	230	225	455	14
3	ട്രൈബൽ LPS ചെറുകോട്	ഗവ:	55	50	105	4
4	UPS വിളപ്പിൽശാല	ഗവ:	520	525	1045	32
5	സെന്റ് സേവിയേഴ്സ് HS പേയാട്	RC സ്കൂൾസ്	1230	1145	2375	83
6	NSS HS ചൊവ്വള്ളൂർ	NSS	370	410	780	35
7	GSN മെമ്മോറിയൽ ഇംഗ്ലീഷ് മീഡിയം UPS വിളപ്പിൽശാല	സ്വകാര്യ വ്യക്തി ഗവ:	40	40	80	7

പട്ടിക 1

പഞ്ചായത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിവരണം

1. ഗവ: ലോവർ പ്രൈമറി സ്ക്കൂൾ – മൂന്ന്
   1 ഗവ. എൽ.പി.എസ് വിളപ്പിൽ
   2 ഗവ. എൽപി.എസ്. തുരുത്തുംമൂല
   3 ട്രൈബൽ ഗവ. എൽ.പി .എസ്. ചെറുകോട്
2. ഗവ. അപ്പർ പ്രൈമറി സ്കൂൾ – ഒന്ന്
   ഗവ. യുപിഎസ് വിളപ്പിൽശാല, (ലോവർ പ്രൈമറി വിഭാഗം ഉൾപ്പെടെ)
   ഗവ. ഹൈസ്കൂൾ – ഇല്ല
   ഹയർ സെക്കണ്ടറി – ഇല്ല
3. പ്രൈവറ്റ് (എയിഡഡ്) ഹൈസ്കൂൾ – രണ്ട്
   1 സെന്റ് സേവിയേഴ്സ് ഹൈസ്കൂൾ, പേയാട്
   2 എൻ.എസ്.എസ്. ഹൈസ്കൂൾ ചൊവ്വള്ളൂർ
4. അംഗീകൃത യു.പി.എസ് – ഒന്ന്
   ജി.എസ്.എൻ മെമ്മോറിയൽ ഇംഗ്ലീഷ് മീഡിയം
   യുപിഎസ്. വിളപ്പിൽശാല
5. അംഗീകൃതമല്ലാത്ത സമാന്തര വിദ്യാലയങ്ങൾ (പ്രൈമറി വിഭാഗം)

   മലയാളം മീഡിയം
   1 ആൽഫ, പേയാട്

2 വിദ്യാവിഹാർ, പേയാട്

3 സെന്റ് മേരീസ്, പുളിയറക്കോണം

4 വ്യാസ വിദ്യാലയം, പുളിയറക്കോണം

5 വ്യാസ വിദ്യാലയം, കൊല്ലങ്കോണം

6 വ്യാസ വിദ്യാലയം, വിളപ്പിൽശാല

6 ഇംഗ്ലീഷ് മീഡിയം (പ്രൈമറി വിഭാഗം)

1 കണ്ണശ്ശമിഷൻ സ്കൂൾ, പേയാട്

2 വിദ്യാവിഹാർ, പേയാട്

3 ജവഹർ സ്കൂൾ, പേയാട്

4 സെന്റ് മേരീസ്, പുളിയറക്കോണം

5 ജി.എസ്.എൻ. മെമ്മോറിയൽ, വിളപ്പിൽശാല

7 നിലവിലുള്ള അംഗൻവാടികൾ – 14

1 കാക്കുളം (ഒന്നാം വാർഡ്)

2 ചീലപ്പാറ (രണ്ടാംവർഷം)

3 വിട്ടിയം (മൂന്നാം വാർഡ്)

4 കുറക്കോട്ടുകോണം (നാലാംവാർഡ്)

5 കാവിൻപുറം („)

6 മൈലമൂട് (അഞ്ചാംവാർഡ്)

7 പരുത്തുംപാറ (ആറാംവാർഡ്)

8 ഇടമല (ആറാംവാർഡ്)

9 സേവാസദനം, ഊറ്റുകുഴി (എട്ടാം വാർഡ്)

10 മലപ്പനംകോട് (ഒമ്പതാം വാർഡ്)

11 ബാലവാടി, വിളപ്പിൽശാല (പത്താംവാർഡ്)

12 കൊല്ലങ്കോണം (പത്താംവാർഡ്)

13 ബാലവാടി, മുക്കംപാലമൂട് (പതിനൊന്നാം വാർഡ്)

14 മിണ്ണംകോട് (പന്ത്രണ്ടാം വാർഡ്)

8 പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പാരലൽ കോളേജുകൾ

1 ആൽഫ, പേയാട്

2 വിജയ്, കാട്ടുവിള-പേയാട്

3 ഭാരത്, വിളപ്പിൽശാല

4 ഭാരത്, മുളയറ

5 നവദർശന, മൈലാടി

മറ്റ് പ്രൈവറ്റ് നഴ്സറികൾ

1 വിളപ്പിൽശാല UPS - PTA

2 ആൽഫ, പേയാട്

3 സി.എസ്.ഐ. ചർച്ച്, കൊല്ലകോണം

4 വ്യാസ, കൊല്ലകോണം

5 വ്യാസ, പുളിയറക്കോണം

6 വ്യാസ, വിളപ്പിൽശാല

7 മൈലാടി നഴ്സറി സ്കൂൾ

8 മിണ്ണംകോട് R.C. ചർച്ച് (മല.ഇം. മീഡിയങ്ങൾ)

9 കണ്ണശമിഷൻ, പേയാട് (ഇംഗ്ലീഷ് മീഡിയം)

10 വിദ്യാവിഹാർ, പേയാട് (മല.ഇം. മീഡിയങ്ങൾ)

11 ജവഹർ, പേയാട് (ഇംഗ്ലീഷ് മീഡിയം)

12 സെന്റ് മേരീസ്, പുളിയറക്കോണം (മല.ഇം. മീഡിയങ്ങൾ)

13 ജി.എസ്.എൻ. മെമ്മോറിയൽ, വിളപ്പിൽശാല (ഇംഗ്ലീഷ് മീഡിയം)

മൃഗസംരക്ഷണം

തിരുവനന്തപുരം നഗരാതിർത്തിയിൽ സ്ഥിതിചെയ്യുന്ന വിളപ്പിൽ പഞ്ചായത്ത് പ്രദേശം ഭൂമിശാസ്ത്രപരമായി കുന്നുകളും, ചരിവുകളും, താഴ് വാരങ്ങളും, തോടുകളും, ഉൾപ്പെടുന്ന സ്ഥലമാണ്. പലയിനം കൃഷിക്കും കാലിവളർത്തലിനും അനുകൂലമായ പരിസ്ഥിതിയാണ് പൊതുവെ കണ്ടുവരുന്നത്. പക്ഷെ മൃഗപരിപാലനം ഒരു ആദായമാർഗ്ഗമായി കൊണ്ടുപോകുന്നത് പഞ്ചായത്തിലെ ജനസംഖ്യയുടെ വളരെ ചെറിയ ശതമാനം ജനങ്ങളാണ്. കാലിവളർത്തലുമായി ബന്ധപ്പെട്ടിരിക്കുന്നത് നാമമാത്ര കർഷകരാണെന്ന് മനസ്സിലാക്കുവാൻ സാധിക്കും.

മൃഗസംരക്ഷണവുമായി ബന്ധപ്പെട്ടു നിൽക്കുന്നവർ കാലിവളർത്തലിനാണ് പ്രാധാന്യം കൊടുത്തിരിക്കുന്നത്. പശു, എരുമ, ആട് മുതലായ മൃഗങ്ങളെയാണ് സാധാരണ വളർത്തുന്നത്. കൂടാതെ മുയൽ വളർത്തൽ പന്നി വളർത്തൽ എന്നിവയും പഞ്ചായത്തിനുള്ളിൽ ആരംഭം കുറിച്ചിട്ടുണ്ട്. പക്ഷെ ഈ മേഖലയിൽ നമ്മുടെ പുരോഗതി വളരെ മന്ദഗതിയിലാണ്.

കാലി വളർത്തൽ ഒരു തൊഴിലിനുപരിയായി ഒരു ഉപതൊഴിലായാണ് കാണുന്നത്. കാരണം ഈ മേഖലയുമായി ബന്ധപ്പെട്ടിരിക്കുന്നവരിലധികവും നാമമാത്ര കൃഷിക്കാരാണ്. ലാഭകരമായി ഇവയുടെ സംരക്ഷണം സാധ്യമാക്കുന്നതിൽ വളരെ പിന്നോക്കമാണ് നമ്മുടെ പഞ്ചായത്തിലെ കർഷകർ. എന്നിരുന്നാലും ഈ പ്രതികൂല പരിതസ്ഥിതിയിൽ പോലും പിടിച്ചുനിൽക്കാനുള്ള ശ്രമത്തിലാണ് ഈ കർഷകർ.

മൃഗസംരക്ഷണ മേഖലയിൽ കാണാൻ സാധിക്കുന്ന പരമപ്രധാനമായ ന്യൂനത ഈ മേഖല സ്വയം പര്യാപ്തമല്ല എന്നതാണ്. പശു വളർത്തലിനാണ് പഞ്ചായത്തിനകത്ത് പ്രാധാന്യം കൊടുത്തിരിക്കുന്നത്. അതെ സമയം മലയോരപ്രദേശങ്ങളിൽ ആട് വളർത്തൽ കണ്ടുവരുന്നു. മാംസം, മുട്ട എന്നിവയുടെ ഉല്പാദനം വാണിജ്യാടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കുന്ന കേന്ദ്രങ്ങൾ പഞ്ചായത്തിനുള്ളിൽ കണ്ടുവരുന്നില്ല.

ഈ മേഖലയിൽ പഞ്ചായത്ത് വളരെ പിന്നോട്ടു പോകാനുള്ള കാരണങ്ങൾ അഭ്യസ്തവിദ്യരുടെ വിമുഖത, ധനകാര്യസ്ഥാപനങ്ങൾ കാണിക്കുന്ന താല്പര്യക്കുറവ്, ചുരുങ്ങുന്ന മേച്ചിൽ സ്ഥലങ്ങൾ ഇതിനെല്ലാമുപരിയായി പെരുകുന്ന ഉത്പാദന ചെലവ് കൂടാതെ തീറ്റപ്പുൽ കൃഷിയിലുണ്ടായ മാന്ദ്യത കാലിതീറ്റയുത്പാദനത്തിനാവശ്യമായ അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യതകുറവ്, അത്യുല്പാദന ശേഷിയുള്ള കാലിജനുസുകളുടെ കുറവ്, എന്നിവയാണ്. ഇക്കാര്യങ്ങൾ കൊണ്ട് നമ്മുടെ കാലിവളർത്തൽ മേഖല വളരെ പിന്നോക്കം പോയി. കാലാകാലങ്ങളിൽ മൃഗങ്ങൾക്കുണ്ടാകുന്ന രോഗത്തിന് ചികിത്സ നൽകുന്നതിനുള്ള അപര്യാപ്തത ഒരു പ്രധാനകാരണമാണ്.

കോഴി വളർത്തൽ സർവ്വസാധാരണമായി കണ്ടുവരുന്നുണ്ട്. ഈ മേഖലയിൽ നല്ലയിനം കോഴികൾ ഇല്ലാ എന്നുള്ള ഒരു അപര്യാപ്തത നിലനിൽക്കുന്നു. കൂടാതെ കോഴിത്തീറ്റ ഉല്പാദനവും സംഭരണവും പഞ്ചായത്തിൽ ഇല്ല. ഈ മേഖലയെ കൂടുതൽ ഊർജ്ജസ്വലമാക്കുന്നതിൽ നിന്നും പഞ്ചായത്ത് പിന്നോക്കം പോയി. പഞ്ചായത്തിനുള്ളിൽ താറാവ് കൃഷി വളരെ വിരളമായാണ് കണ്ടുവരുന്നത്. കൂടാതെ പഞ്ചായത്തിനുള്ളിൽ മുയൽ വളർത്തൽ, വാണിജ്യാടിസ്ഥാനത്തിൽ ആരംഭിച്ചിട്ടില്ല.

മൃഗസംരക്ഷണത്തിൽ പഞ്ചായത്ത് പിന്നോക്കം പോയതിന്റെ മറ്റൊരു പ്രധാന കാരണം ശാസ്ത്രീയമായ രീതിയിലുള്ള പരിചരണത്തിന്റെ അപര്യാപ്തതയാണ്. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മൂന്ന് സ്ഥാപനങ്ങളാണ് ഇന്ന് ഈ പഞ്ചായത്തിലുള്ളത്. അതിൽ ഒരു പ്രധാന സ്ഥാപനമാണ് വെറ്റിനറി ഡിസ്പെൻസറി വിളപ്പിൽശാല. ഈ സ്ഥാപനം ആരംഭിച്ചിട്ട് രണ്ട് വർഷമേ ആയിട്ടുള്ളൂ. കൂടാതെ (ICDP) ഐ. സി. ഡി. പി സബ് സെന്റർ വിളപ്പിൽശാല ഐ. സി. ഡി. പി സബ്സെന്റർ മൈലാടി എന്നിവയാണ്.

കോഴിവളർത്തൽ സർവ്വസാധാരണമായി വീടുകളിൽ കണ്ടുവരുന്നുണ്ടെങ്കിലും, വാണിജ്യാടിസ്ഥാനത്തിൽ സംരക്ഷിക്കുകയോ വിപണനം നടത്തുകയോ ചെയ്യുന്നില്ല. നിലവിൽ ചൊവ്വള്ളൂർ വാർഡിലും ഒന്നാം വാർഡിൽ കാക്കുളത്തു വെള്ളെക്കടവ് വാർഡിലും ഓരോ കോഴി വളർത്തൽ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. ഈ മേഖലയിലും കൂടെക്കൂടെ ഉണ്ടാകുന്ന രോഗങ്ങളും, നല്ലയിനം കോഴിക്കുഞ്ഞുങ്ങളുടെ ലഭ്യതക്കുറവുമാണ് ഈ മേഖ

ലയെ നേരിടുന്ന പ്രധാന പ്രശ്നം. ഈ മേഖല വളരണമെങ്കിൽ നല്ലയിനം കോഴിക്കുഞ്ഞുങ്ങളും, തീറ്റയും കുറഞ്ഞവിലയ്ക്ക് ലഭ്യമാക്കണം.

മാംസോത്പാദനത്തിനായി മുയൽ വളർത്തൽ പഞ്ചായത്തിനകത്ത് വ്യാപകമല്ല. ഈ മേഖലയിൽ പഞ്ചായത്തിലെ ജനങ്ങളുടെ അജ്ഞതയാണ് പ്രധാന കാരണം. ബോധവൽക്കരണവും ശാസ്ത്രീയമല്ല. പരിശീലനവും ഈ മേഖലയ്ക്കാവശ്യമാണ്.

പഞ്ചായത്തിനുള്ളിൽ ആടുവളർത്തൽ മലയോരപ്രദേശങ്ങളിൽ കണ്ടുവരുന്നു. നല്ലയിനം ആടുകളെ കിട്ടുന്നില്ലയെന്നുള്ളത് ഈ മേഖലയിലെ പ്രധാനപ്പെട്ട ഒരു വീഴ്ചയാണ്. പഞ്ചായത്തിലെ ചൊവ്വള്ളൂർ, ചെറുകോട്, കാരോട്, കരുവിലാഞ്ചി മുതലായ വാർഡുകളിൽ ആടുവളർത്തലിനനുകൂലമായ പരിസ്ഥിതിയാണുള്ളത്. മലബാറി ആടുകളെ വംശനാശത്തിൽ നിന്ന് രക്ഷിക്കുക.

പ്രധാന പ്രശ്നങ്ങൾ

1. മൃഗാശുപത്രിക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ല.
2. മൃഗസംരക്ഷണ മേഖലയിൽ ആധുനിക ചികിത്സാരീതിയുടെഅപര്യാപ്തത.
3. അഭ്യസ്തവിദ്യരുടെ വിമുഖത.
4. ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പകൾ കിട്ടുന്നതിനുള്ള ബുദ്ധിമുട്ടുകൾ.
5. അറിവില്ലായ്മ
6. നല്ലയിനം മൃഗങ്ങളുടെ അപര്യാപ്തത.
7. കാലിത്തീറ്റയുടെ നിർമ്മാണത്തിന്റെയും വിപണനത്തിന്റെയും അപര്യാപ്തത.
8. ജലസേചനത്തിന്റെ അപര്യാപ്തത.

സാധ്യതകൾ

1. പഞ്ചായത്ത് പ്രദേശത്തുള്ള മൃഗാശുപത്രിയുടെയും ഐ. സി. ഡി. പി. സെന്ററുകളുടെയും വികസനം സാദ്ധ്യമാക്കുക.
2. ഈ മേഖലയെക്കുറിച്ച് കൂടുതൽ അവബോധം ജനങ്ങൾക്കിടയിൽ നൽകുക.
3. കൃത്രിമ ബീജാധാന കേന്ദ്രങ്ങൾ സ്ഥാപിക്കുക.
4. മുയൽ വളർത്തലിന് പ്രോത്സാഹനം നല്കുക.
5. മൃഗാശുപത്രിയിൽ ആധുനിക ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുക.
6. മൈലാടി, തുരുത്തുംമൂല, വിട്ടിയം, മണലി എന്നിവിടങ്ങളിൽ ഓരോ മൃഗാശുപത്രികൾ സ്ഥാപിക്കുക.
7. മൈലാടി ഐ. സി. ഡി. പി യിലെ LA ഉദ്യോഗസ്ഥനെ മുഴുവൻ സമയ ഉദ്യോഗസ്ഥനാക്കുക.
8. കാവിൻപുറം കേന്ദ്രമാക്കി കാലിത്തീറ്റ നിർമ്മാണശാല ആരംഭിക്കുക.
9. സംഘങ്ങൾ സ്ഥാപിച്ച് അതിലൂടെ ന്യായവിലയ്ക്ക് വൈക്കോൽ, കാലിത്തീറ്റ എന്നിവ വിപണനം ചെയ്യുക.
10. മൃഗ ഡോക്ടർ ആഴ്ചയിലൊരിക്കൽ പഞ്ചായത്തിനുള്ളിലെ ഐ. സി. ഡി. പി. സന്ദർശിക്കുക.
11. വിവിധ കാലയളവിൽ ഉണ്ടാകാറുള്ള രോഗങ്ങളെക്കുറിച്ചും അവയ്ക്കുള്ള പ്രതിവിധികളെക്കുറിച്ചും ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുക.
12. പാൽ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള യൂണിറ്റ് പഞ്ചായത്ത് തലത്തിൽ ആരംഭിക്കുക.
13. സ്ത്രീകളെ പരിശീലിപ്പിച്ച് ക്ഷീരോല്പന്നശാല തുടങ്ങുവാനുള്ള സംവിധാനം.
14. പേപ്പട്ടി ശല്യം തടയുന്നതിനായി അലഞ്ഞുനടക്കുന്ന നായ്ക്കളെ കൊല്ലുന്നതിനു പഞ്ചായത്ത് ഒരാൾക്ക് ലൈസൻസ് കൊടുക്കുക.
15. പൊതുമേഖലയിൽ ഒരു ആടു വളർത്തൽ കേന്ദ്രം പഞ്ചായത്തിനകത്ത് സ്ഥാപിക്കേണ്ടതാണ്.
16. പാൽ ഉല്പാദകർക്ക് ന്യായവില കിട്ടുന്നു എന്ന് ഉറപ്പുവരുത്തുക കാലിത്തീറ്റ സബ്സിഡി കൊടുക്കുക.
16. തൊഴിൽരഹിതരായ ഗ്രാമീണ സ്ത്രീകളെ മൃഗസംരക്ഷണ മേഖലയിൽ പരിശീലനം കൊടുക്കുക.
17. ബയോഗ്യാസ് പ്ലാന്റേഷന്റെ മേന്മയെക്കുറിച്ച് ബോധവൽക്കരണം നടത്തുക.
18. മൃഗങ്ങളെ ഇൻഷുർ ചെയ്യുക.
19. സഞ്ചരിക്കുന്ന മൃഗാശുപത്രി തുടങ്ങുക.
20. "അടുക്കള മുറ്റത്ത് കോഴി" പ്രാവർത്തികമാക്കുക. അതിലേക്ക് വേണ്ടി "എഗ്ഗർ നേഴ്സറി" ആരംഭിക്കുക.
21. മിനി ഡയറി യൂണിറ്റുകൾ സ്ഥാപിക്കുക. (മൂന്നു പശുക്കൾ അടങ്ങുന്നതാണ് ഈ യൂണിറ്റ്)
22. വനിതാ സംരംഭകർക്കുള്ള പശുവളർത്തൽ പദ്ധതി ആരംഭിക്കുക. (15 സ്ത്രീകൾ ഉൾപ്പെടുന്ന സംഘം)
23. കിടാരി വളർത്തൽ വ്യാപകമാക്കുക.
24. സ്കൂൾ പൗൾട്രി ക്ലബ്ബുകൾ ആരംഭിക്കുക.
25. കാളക്കുട്ടി പരിപാലനത്തിനു പ്രചാരം കൊടുക്കുക.
26. താറാവ് നേഴ്സറികൾ ആരംഭിക്കുക.
27. ചെറുകിട കാലിത്തീറ്റ യൂണിറ്റുകൾ സ്ഥാപിക്കുക.

ഗതാഗതം, ഊർജ്ജം, മാർക്കറ്റിംഗ്

ഒരു പ്രദേശത്തിന്റെ വളർച്ചയുടെ നാഴികക്കല്ലുകൾ ഗതാഗത സൗകര്യവുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്. അതുപോലെ ഒരു പ്രദേശത്തിന്റെ വൈദ്യുതി ഉപയോഗം ഭൗതികപുരോഗതിയുടെ ഉരകല്ലായി കരുതപ്പെടുന്നു.

വിളപ്പിൽ പഞ്ചായത്തിൽ ഇന്നു നാം കാണുന്ന ഗതാഗത സൗകര്യങ്ങളെ വിലയിരുത്തുമ്പോൾ സ്വാതന്ത്ര്യ ലബ്ധിക്കുമുമ്പുള്ള നമ്മുടെ ഗ്രാമത്തിന്റെ സ്ഥിതിയെക്കുറിച്ച് ചിന്തിക്കുന്നത് ഉചിതമായിരിക്കും. ഈ പഞ്ചായത്തിന്റെ പടിഞ്ഞാറേ അതിര് കരമനയാറിന്റെ സാന്നിധ്യം കൊണ്ട് അനുഗൃഹീതമാണ്. ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ ഭരണകാലത്തുതന്നെ ഈ ഗ്രാമപ്രദേശത്തിന്റെ തെക്കു പടിഞ്ഞാറു ഭാഗമായ കുണ്ടമൺ ഭാഗവും തിരുവനന്തപുരം നഗരവുമായി ബന്ധപ്പെടുത്തി മനോഹരമായ ഒരു പാലം പണിതുയർത്തി. പ്രസ്തുത പാലം ഇന്നത്തെ പ്രഗത്ഭരായ ഇൻജിനീയർമാരെപ്പോലും അത്ഭുതപ്പെടുത്തിക്കൊണ്ട് ഈടുറ്റതായി നിലകൊള്ളുന്നു.

ആ കാലഘട്ടത്തിൽത്തന്നെ അന്നത്തെ സാഹചര്യത്തിനു അനുയോജ്യമായ രീതിയിൽ നിർമിച്ച തിരുവനന്തപുരം കാട്ടാക്കട രാജപാത ഈ പഞ്ചായത്തിന്റെ അരികുപറ്റി കടന്നുപോകുന്നു.

എന്നാൽ മലയോര സ്വഭാവമുള്ള ഉൾപ്രദേശങ്ങളിൽ സഞ്ചാരയോഗ്യമായ നടപ്പാതകൾപോലും അന്നു ഉണ്ടായിരുന്നില്ല. പേയാടിൽ നിന്നും വിളപ്പിൽശാല ഭാഗങ്ങൾ കടന്ന് നീണ്ടുപോകുന്ന ഒരു നടപ്പാതയാണ് ഇന്നു നാം കാണുന്ന പേയാട് വിളപ്പിൽശാല വെള്ളനാട് റോഡ്. അതുപോലെ മൈലാടി ഭാഗത്തുനിന്നും പേയാടുമായി ബന്ധപ്പെട്ടിരുന്ന നടപ്പാതയാണ് അടുത്തകാലത്ത് മാത്രം വികസനം പ്രാപിച്ച കൊല്ലങ്കോണം വെള്ളെക്കടവ് റോഡ്. ഈ ഗ്രാമപ്രദേശത്തിലെ ജനങ്ങളുടെ പ്രധാന തൊഴിൽ കൃഷിയായിരുന്നു. കൃഷിക്കാർ അവരുടെ കാർഷികോൽപ്പന്നങ്ങൾ തിരുവനന്തപുരത്തു പാളയം മാർക്കറ്റിൽ തലച്ചുമടായി എത്തിച്ച് വിപണനം നടത്തിയാണ് ജീവിതവൃത്തി നടത്തിയിരുന്നത്.

തിരുവനന്തപുരത്തുനിന്ന് പേയാട് കാട്ടാക്കട റോഡിൽക്കൂടിയുള്ള പ്രൈവറ്റ് ബസ് സർവ്വീസായിരുന്നു ആദ്യകാലത്തെ ഗതാഗത സൗകര്യം. കരി ഇന്ധനമായി ഉപയോഗിച്ചിരുന്ന കരിഗ്യാസ് വണ്ടികളായിരുന്നു അന്നു പ്രചാരത്തിൽ ഉണ്ടായിരുന്നത്. അതിനുശേഷം മേൽക്കൂരമാത്രമുള്ള ഓപ്പൺ ബോഡി വണ്ടികൾ നിരത്തിൽ വന്നു. 1950 നു ശേഷമുള്ള കാലഘട്ടത്തിലാണ് പേയാടു വരെ മാത്രമുള്ള ട്രാൻസ്പോർട്ട് സർവ്വീസ് നമ്മുടെ ഗ്രാമത്തിൽ എത്തിയത്. 1957 മുതലാണ് വിളപ്പിൽശാലവരെയുള്ള ബസ് സർവ്വീസിനു തുടക്കം കുറിച്ചത്. ഇപ്രകാരമെല്ലാമുള്ള മാറ്റങ്ങൾക്ക് ശേഷമാണ് ഇന്നു നാം കാണുന്ന ഗതാഗത സൗകര്യങ്ങളെല്ലാം ഉണ്ടായിട്ടുള്ളത്.

ഈ പഞ്ചായത്തിൽ വൈദ്യുതിവെളിച്ചം ആദ്യമായി എത്തിച്ചേർന്നതും പേയാടു പ്രദേശത്തുതന്നെയാണ്.

ഇന്ന് ഈ പഞ്ചായത്തിലെ എല്ലാവാർഡുകളുടെയും ഏതെങ്കിലും ഭാഗങ്ങളിൽ വൈദ്യുതി കടന്നുചെന്നിട്ടുണ്ട്. എങ്കിലും ചില വാർഡുകൾ പരിശോധിക്കുമ്പോൾ വൈദ്യുതി എത്തിപ്പെടാത്ത ഇരുണ്ട മൂലകൾ ഏറെയുണ്ട്. ഈ പഞ്ചായത്തു പ്രദേശങ്ങളിലുള്ള കാർഷിക വിളകൾ വില്പന നടത്തിയിരുന്നതും മത്സ്യം, പലവ്യഞ്ജനം തുടങ്ങിയ വിഭവങ്ങൾ സമാഹരിച്ചിരുന്നതും കാട്ടാക്കട, പാളയം, ചാല തുടങ്ങിയ മാർക്കറ്റുകളിൽ കൂടിയായിരുന്നു.

ഈ പഞ്ചായത്തിൽ വിളപ്പിൽശാല കേന്ദ്രീകരിച്ച് വൈകുന്നേരം മാത്രം പ്രവർത്തിച്ചിരുന്ന ഒരു അന്തിച്ചന്തയും അതേപോലെ പേയാട് പ്രദേശത്തെ ഒരു അന്തിച്ചന്തയും പ്രവർത്തിച്ചിരുന്നു.

ഇപ്പോൾ ഈ പഞ്ചായത്തിലെ വിളപ്പിൽശാലയിൽ പഞ്ചായത്തിന്റെ ചുമതലയിലുള്ള ഒരു പബ്ലിക് മാർക്കറ്റും പുളിയറക്കോണം, പേയാട് എന്നിവിടങ്ങളിൽ ഓരോ പ്രൈവറ്റ് മാർക്കറ്റും എല്ലാ ദിവസങ്ങളിലും പ്രവർത്തിച്ചുവരുന്നു.

പ്രശ്നങ്ങൾ

ഈ പഞ്ചായത്തിൽ ഏതാണ്ടുമിക്ക പ്രദേശങ്ങളെയും ബന്ധപ്പെടുത്തിയുള്ള ട്രാൻസ്പോർട്ടു ബസ് സർവ്വീസ് വഴിയുള്ള യാത്രാ സൗകര്യം ഇന്നുണ്ട്. എങ്കിലും പഞ്ചായത്തിന്റെ പല പ്രദേശങ്ങളിലും ബസ് സർവ്വീസിന്റെ അപര്യാപ്തത അനുഭവപ്പെടുന്നു.

ഈ പഞ്ചായത്തിലുള്ള ഭൂരിപക്ഷം ജനങ്ങളും വിദ്യാർത്ഥികളും ബസ് സർവ്വീസിനെ ആശ്രയിച്ചു യാത്ര ചെയ്യുന്നവരാണ്.

ഇപ്പോൾ സർവ്വീസ് നടക്കുന്ന പല റോഡുകളുടെയും സ്ഥിതി മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു.

സമീപ ഭാവിയിൽ ബസ് സർവ്വീസ് നടത്താൻ ഉദ്ദേ

ശിക്കുന്ന പല റോഡുകളും വളവുകളും മറ്റു സാങ്കേതിക തടസ്സങ്ങളും ഒഴിവാക്കി സർവ്വീസ് യോഗ്യമാക്കേണ്ടത് ആവശ്യമാണ്.

അത്തരത്തിലുള്ള റോഡുകളാണ് പള്ളിമുക്ക്-പിറയിൽ റോഡ്, വിളപ്പിൽശാല- കരുവിലാഞ്ചി റോഡ്, വിളപ്പിൽശാല-മലപ്പനംകോട് റോഡ് എന്നിവ.

ഗതാഗത യോഗ്യമായ റോഡുകളുടെ നിർമ്മാണത്തിനെതിരേയുണ്ടാകുന്ന ചില വ്യക്തികളുടെ തടസ്സങ്ങൾ ബസ് സർവ്വീസിനെ മാത്രമല്ല ബാധിക്കുന്നത്. വൈദ്യുതി ലൈൻ നീട്ടിക്കിട്ടുന്നതിനും സാധാരണക്കാർക്ക് അത്യാവശ്യമായി ആശുപത്രിയെ അഭയം പ്രാപിക്കുന്നതിനു പോലും സാദ്ധ്യമാകാതെ വരുന്നു.

സാദ്ധ്യതകൾ -

1. ഈ പഞ്ചായത്തിലെ ജനങ്ങളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിന് അടിയന്തിരമായി താഴെ പറയുന്ന ഭാഗങ്ങളിലേയ്ക്ക് ബസ് സർവ്വീസ് പുതിയതായി ആരംഭിക്കുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണ്.

    1) വിളപ്പിൽശാലവഴി കരുവിലാഞ്ചി
    2) വിളപ്പിൽശാല-നെടുങ്കുവഴി പരുത്തംപാറ
    3) വിളപ്പിൽശാല വഴി മലപ്പനംകോട്
    4) പേയാട്-അരുവിപ്പുറം വഴി കാവിൻപുറം
    5) പേയാട്-വിട്ടിയം-അലേറ്റി
    6) പള്ളിമുക്കുവഴി പിറയിൽ
    7) പേയാട്-വിട്ടിയം-അലേറ്റി
    8) വെള്ളൈക്കടവ് വഴി മൈലമൂട്

2. 1. മുളയറ കൊല്ലങ്കോണം-പുളിയറക്കോണം വഴി കിഴക്കേക്കോട്ടയ്ക്ക് ഒരു പുതിയ ബസ് സർവ്വീസ് തുടങ്ങേണ്ടതാണ്.

    2. പുളിയറക്കോണവുമായി ബന്ധപ്പെടുത്തി KSRTC തമ്പാനൂർ ഡിപ്പോയിൽ നിന്നും, നെടുമങ്ങാട് ഡിപ്പോയിൽ നിന്നും, നെയ്യാറ്റിൻകര ഡിപ്പോയിൽ നിന്നും, പുതിയ ലോക്കൽ ബസ് സർവ്വീസ് ആരംഭിക്കേണ്ടത് അത്യാവശ്യമാണ്.

    3 റോഡു ഗതാഗതം കടന്നുചെല്ലാത്ത ചില പ്രദേശങ്ങൾ ഇപ്പോഴും ഈ പഞ്ചായത്തിലുണ്ട്. കാരോട് വാർഡിന്റേയും കരുവിലാഞ്ചി വാർഡിന്റേയും ചെറുകോട് വാർഡിന്റേയും പല ഭാഗങ്ങളിലും ബസ് സർവ്വീസ് എത്തിയിട്ടില്ല.

    4 വൈദ്യുതി കടന്നു ചെല്ലാത്ത സ്ഥലങ്ങൾ ഈ പഞ്ചായത്തിൽ പല ഭാഗങ്ങളിലുമുണ്ട്. അങ്ങനെയുള്ള കാരോട് വാർഡിന്റെ ഭാഗങ്ങൾ കരുവിലാഞ്ചി വാർഡിന്റെ ഭാഗങ്ങൾ ചെറുകോട്, പുളിയറക്കോണം വെള്ളൈക്കടവ് എന്നീ വാർഡുകളുടെ ഭാഗങ്ങൾ മുൻഗണന അർഹിക്കുന്നു. എല്ലാ ഭാഗങ്ങളിലും വൈദ്യുതി ലൈൻ എത്തിക്കാൻ പഞ്ചായത്തു ശ്രമിക്കേണ്ടതാണ്. ആവശ്യമായ ഭാഗങ്ങളിൽ ട്രാൻസ്ഫോർമർ സ്ഥാപിച്ചു വോൾട്ടേജ് പ്രശ്നം അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.

5) ഈ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഗതാഗത യോഗ്യമായ റോഡുകളിൽ വഴി വിളക്കുകൾ (സ്ട്രീറ്റ് ലൈറ്റ്) സ്ഥാപിക്കുന്നതിന് മുൻതൂക്കം കൊടുക്കേണ്ടതാണ്.

6) പഞ്ചായത്തിലുള്ള എല്ലാ കോളനികളിലും ലക്ഷംവീടുകളിലും വൈദ്യുതി എത്തിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണം.

7) താഴെ പറയുന്ന പാലങ്ങൾ പണിയുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കണം.

1) കരമനയാറ്റിൽ പിറയിൽ-കുലശേഖരം ലൈനിൽ കോവിൽകടവിൽപാലം പണിയുക.
2) കരമനയാറ്റിൽ കൂട്ടുംവാതിനിലു സമീപം മലമുകളുമായി ബന്ധപ്പെടുന്ന പാലം.
3) കാവിൻപുറം ഇടമല റോഡിൽ പാറേക്കടവ് ക്ഷേത്രത്തിനു സമീപം തോട്ടിൽ ഒരു പാലം
4) പുറ്റുമേൽക്കോണം - കാവുവിള-മലപ്പനംകോട് റോഡിൽ പള്ളിച്ചപ്പാറയിൽ ഒരു പാലം
5) വടക്കേ ജംഗ്ഷൻ-എള്ളുവിള-പണ്ടാരവിള റോഡിൽ നരിപ്പൻകോട് എന്ന സ്ഥലത്ത് പാലം പണിയുക.
6) കരുവിലാഞ്ചി കുരുവിൻമുകൾ-മുക്കംപാലമൂടിനു സമീപം തോടിൽ ഒരു ഫ്ളൈഓവർ പാലം പണിയുക.
7) അലയറ്റി-കുഞ്ചുകോണം-പുളിമൂട്ടിൽ ചെന്നുകയറുന്ന സ്ഥലത്ത് തോടിൽ പാലം പണിയണം.
8) മൈലാടി - പാലക്കട നടയിൽ ഒരു പാലം പണിയുക.
9) കാട്ടുവിള - കല്ലുവരമ്പു റോഡിൽ കല്ലുവരമ്പു ഭാഗത്തു പാലം പണിയുക
10) വിളപ്പിൽശാല- മുക്കുതോട്ടു റോഡിൽ മുക്കുതോട്ടിൽ പാലം പണിയുക
11) PHC -ചിറ്റയിൽ-മലവിള റോഡിൽ ചിറ്റയിൽ ഭാഗത്തു പാലം പണിയുക

12) മേലേത്തുമുക്ക്-കുളച്ചിക്കോട് റോഡിൽ മുക്കുവിളയിൽ പാലം പണിയുക

13) PHC -കടുവാത്തോൽ റോഡിൽ ചാരുപാറ എന്ന സ്ഥലത്തു പാലം ആവശ്യമാണ്.

14) പുളിയറക്കോണം -കുഞ്ചുകോണം-അലേറ്റി റോഡിൽ കുഞ്ചുകോണത്ത് ഒരു പാലം പണിയുക

15) കരമന ചെറുപാറകടവിൽ കുലശേഖരവുമായി ബന്ധിപ്പിക്കുന്ന പാലം

16) ആശാരിവിള കൊല്ലങ്കോണം തോടുനടപാലം

17) ചെറുതേരികുന്നുംപുറം പാലം

18) ചൊവ്വല്ലൂർ വാർഡിൽ കുറ്റയത്തുകോണം തോട്ടിൽ നടപ്പാലം

19) പാലയ്ക്കനട- പൂവൻകുഴി റോഡിൽ നടപ്പാലം

9 പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ പെടുന്നതാണ് വിളപ്പിൽശാല പബ്ലിക് മാർക്കറ്റ്. മാർക്കറ്റിനെക്കുറിച്ചുള്ള പൊതുജനങ്ങളുടെ പരാതികൾ പരഹരിക്കുന്നതിന് താഴെ പറയുന്ന കാര്യങ്ങൾ അടിയന്തിരമായി ചെയ്യേണ്ടതാണ്.

1) മാർക്കറ്റിനുള്ള സ്ഥലസൗകര്യം കൂടുതൽ വികസിപ്പിക്കണം

2) മാർക്കറ്റിന് ഗേറ്റും കോമ്പൗണ്ടുവാളും ഉണ്ടാകണം

3) പ്രത്യേകം പ്രത്യേകം സ്റ്റാളുകൾ പണിയണം

4) മത്സ്യവില്പനയ്ക്ക് പ്രത്യേകം സ്റ്റാളും സ്ഥാനവും ഉണ്ടാകണം

5) പൊതുനിരത്തുകളിൽ നടത്തുന്ന ഇറച്ചിവില്പന കേന്ദ്രങ്ങൾക്കു മാർക്കറ്റിൽ സ്റ്റാളുകൾ പണിതു നൽകണം.

6) ഗേറ്റു പിരിവു അംഗീകൃത റേറ്റനുസരിച്ച് രസീതു നൽകി ന്യായമായ രീതിയിൽ നടത്തണം.

7) മത്സ്യവേസ്റ്റുകളും മറ്റു മാലിന്യങ്ങളും അന്നന്നു നീക്കം ചെയ്യുകയും മാർക്കറ്റും പരിസരങ്ങളും വൃത്തിയായി സൂക്ഷിക്കുന്നതിനും പ്രത്യേക നടപടികൾ സ്വീകരിക്കണം.

8) പേയാടും പുളിയറക്കോണത്തുമുള്ള പ്രൈവറ്റു മാർക്കറ്റുകളിലും സ്റ്റാളുകൾ നിർമ്മിക്കുന്നതിനും മാർക്കറ്റും പരിസരവും വൃത്തിയാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കണം.

9) പഞ്ചായത്തിലെ മറ്റേതെങ്കിലും സ്ഥലങ്ങളിൽ മാർക്കറ്റിന്റെ ആവശ്യമുണ്ടെങ്കിൽ പഞ്ചായത്തു നേരിട്ടോ വ്യക്തികൾക്ക് ലൈസൻസ് നൽകിയോ നടത്തേണ്ടതാണ്.

10) അനധികൃതമായി പബ്ലിക് റോഡു വശങ്ങളിലും മറ്റും നടത്തുന്ന ചന്തകൾ കർശനമായി തടയേണ്ടതാണ്

മാർക്കറ്റ് സ്ഥാപിക്കേണ്ട സ്ഥലങ്ങൾ

1. കൊല്ലകോണം
2 മുക്കംപാലമൂട്
3 കീഴതിൽ നട
4 വിട്ടിയം

റോഡുപണി ഏറ്റെടുക്കേണ്ട മുൻഗണനാക്രമം

1. പിറയിൽകോവിൽക്കടവ്
2 അമ്പൻകോട് -കാവടിക്കടവ്
3 വിട്ടിയം-അലൈറ്റി
4 അലൈറ്റി-കുറക്കോട്ടുകോണം-അച്ചത്തു
5 മാഞ്ചിനാട്-മൈലമൂട്
6 തിനവിള-പരുത്തംപാറ-പറമ്പുംതല
7 നൂലിയോട്-കാവുംപുറം
8 ഊറ്റുകുഴി-ചെറുകോട്-കടുവാക്കുഴി
9 പുറ്റിന്മേൽകോണം-കാവുവിള-മലപ്പനംകോട്-പനയംകോട്
10 വിളപ്പിൽശാല-പിഎച്ച്സി
11 കുണ്ടാമുഴി-കല്ലുപാലം-കീഴതിൽനട
12 പേയാട്-ഭജനമഠം-പ്ലാവിറക്കോണം-മഞ്ചാടി
13 കാട്ടുവിള-ചെറുകോട്-മുക്കംപാലമൂട്
14 പാപ്പാറ-മലവിള-കരുവിലാഞ്ചി
15 മലപ്പനംകോട്-ഉണ്ടപ്പാറ-ചെറുകടൽവിള
16 പുറ്റന്മേൽക്കോണം-പള്ളിനട-വിളപ്പിൽശാല
17 വടക്കേജംഗ്ഷൻ-വിളയിൽദേവീക്ഷേത്രം
18 കാവിൻപുറം-ചൊവ്വല്ലൂർ
19 മൈലാടി-N.S.S. H.S. -തിനവിള
20 പുളിയറക്കോണം-മണ്ണയം-ചെറിയകൊണ്ണി
21 കാവിൻപുറം-ചാമവിള
22 മിണ്ണംകോട്-കല്ലുവരമ്പ്
23 ചന്തമുക്ക്-ബി.പി. നഗർ-കാവടിക്കടവ്

24 കുണ്ടകടവ്-കാക്കുളം-പള്ളിമുക്ക്
25 ചാമവിള-തിരുനെല്ലി-പ്രിയദർശിനി
26 ബി.പി. നഗർ-നിപ്പുവിള
27 അലേറ്റി-കല്ലുവരമ്പ്-വിട്ടിയം
28 രാമേശ്വരം-കുറക്കോട്ടുകോണം-അലേറ്റി
29 പുളിമൂട്-കോടാലിപ്പാറ
30 നെടുംകുഴി-ഇടമല-ചൊവ്വള്ളൂർ
31 എസ്എൻഡിപി-പെരുവിക്കോണം
32 ഊറ്റുകുഴി-പ്ലാവിലക്കുന്ന്
33 പള്ളിച്ചൽ പാറുകുന്നുനട-പണ്ടാരവിള-ചെറുകോട്
34 PHC-മണ്ണയം
35 ചിറ്റയിൽ-കരുവിലാഞ്ചി
36 പ്ലാവിറക്കോണം-സ്കൈലൈൻ
37 മണ്ണാംകോണം-ആശാരിവിളാകം
38 മുക്കംപാലമൂട്-കൈതംകുഴി-മണത്തറ
39 കുന്നുംപുറം-ചെറുതേരി
40 വടക്കേ ജംഗ്ഷൻ-എള്ളുവിള
41 ചെറുകോട്-പാറാകുഴി
42 നൂലിയോട്-ചേമ്പുപരമ്പ്
43 പാലയ്ക്കൽനട-പൂവൻകുഴി-പരുത്തംപാറ
44 മൈലാടി-പാലയക്കൽനട
45 അലേറ്റി-പൗരസമിതി
46 അരുവിപ്പുറം-അച്ചത്ത്-താന്നിയം
47 ഊളൻകോട്-കാവടിക്കടവ്-ചെറുപാറ
48 പിണറു-മാന്തറ-പിറയിൽ
49 ചൊവ്വള്ളൂർ-കാരയ്ക്കാട്ടുനട-ഇടമല
50 കൊങ്ങപ്പള്ളി-പരുത്തംപാറകോളനി
51 വെള്ളെക്കടവ്-പരുത്തംപാറ കോളനി
52 കടുവാക്കുഴി-ഗാന്ധിസ്മാരകം
53 മൈലാടി-കാട്ടിൽ റോഡ്
54 കുണ്ടാമൂഴി-കുളച്ചിക്കോട് റോഡ്
55 കീഴ്മിണ്ണംകോട്-കല്ലുവരമ്പ്
56 ആശാരിവിളാകം-പുന്നശ്ശേരി
57 ചെറുപാറ-പുത്തൻവിള-വിട്ടിയം
58 മുക്കംപാലമൂട്-നൂവരപ്പാറ-കരുവിലാഞ്ചി
59 തുണ്ടുവിള-പിറയിൽ-കാക്കുളം
60 ആശാരിവിള-ചെറുതേരി
61 ചെറുകോട്-വിട്ടിയം
62 പിറയിൽ - CSI ചർച്ച്
63 ചീലപ്പാറ-പാറക്കാവിള
64 തുലാംകോണം-നെട്ടയംറോഡ്
65 ആലംകോട്-കാട്ടിൽ
66 മൈലമൂട്-കുട്ടുംവാതിൽ
67 കണികാണുംപാറ-കടമ്പനാട്
68 നൂലിയോട്-ചരിവിള
69 മൂളയറ-നിലമേൽ-ചെക്കിട്ടപ്പാറ
70 മേലത്തുമുക്ക്-കുണ്ടാമൂഴി-മുക്കുവിള
71 വാഴവിളാകം-പുന്നശ്ശേരി-SNDP
72 മലവിള-ശാസ്താപാറ-മണലി
73 തിനവിള-തിരുനെല്ലി
74 തേക്കുവിള-പനവിള
75 പിറയിൽ-ചെമ്പകം കട്ടയ്ക്കാൽ
76 വൃന്ദാവൻ-അമ്പൻകോട് ഇടവഴി
77 ചീലപ്പാറ-അലകുന്നം ഇടവഴി
78 നെട്ടയം-അലകുന്നം
79 പുളിമൂട്-ചെല്ലാട്ടുകോണം ഇടവഴി
80 വള്ളെക്കടവ് ഇടവഴി
81 മൈലായി-വഞ്ചിയൂർക്കോണം
82 കുവിൽനട-പാറയിൽക്കടവ് ഇടവഴി
83 കാപ്പിവിള-തിനവിള-ചെറക്കുളം
84 മണ്ണാംവിളാകം-ഹരിജൻകോളനി
85 പാലയ്ക്കനട-മണ്ണംകുഴി
86 കണികാണുംപാറ-കുറ്റയത്തുകോണം
87 പറമ്പുംതല-മൈലാടി
88 പരുത്തംപാറ-പൂവൻകുഴി
89 നൂലിയോട്-പ്ലാക്കോട്ടുകോണം-കുന്നിൻപുറം
90 കാവിൻപുറം-വഞ്ചിയൂർക്കോണം-തോട്ടുമുക്ക്
91 ചെക്കിട്ടപ്പാറ-കരിമ്പാണ്ടി

92 കരിമ്പാണ്ടി-ചെറുകോട്

93 ചെറുകോട്-കോവിൽമുകൾ

94 ഗാന്ധിസ്മാരകം-കുറക്കോട്ട്-കടമ്പു

95 പടവംകോട്-പ്ലാവിള-മാങ്കോട്ടുകോണം

96 ഊറ്റുകുഴി-ഇടമല

97 കുശവൂർ-പള്ളിച്ചൽപ്പാറ

98 മലപ്പനംകോട്-ഗാന്ധിസ്മാരകം

99 നൂലിയോട്-ചരിവിള-പുന്നശ്ശേരി

100 ആശാരിവിളാകം-പുരവൻകോട്-വിളപ്പിൽശാല

101 മൂങ്ങോട്-വലിയകോണം-കരുവിലാഞ്ഞി

102 അരത്തോണിക്കുഴി-മലവിള

103 കടുവാൽത്തോൽ

104 മലവിള-മൂങ്ങോട്

വൈദ്യുതിവിതരണത്തിന്റെ മുൻഗണനാക്രമം

1 ചാമവിളകോളനി

2 അമ്പൻകോട് റോഡ്-കാവടിക്കടവ്

3 അലേറ്റി-കല്ലുവരമ്പു-വിട്ടിയം

4 അലേറ്റി-കുഞ്ഞുക്കോണം

5 പുളിമൂട്-കോടാലിപ്പാറ

6 നെടുംകുഴി-ഇടമല-ചൊവ്വല്ലൂർ

7 SNDP-പെരിക്കോണം

8 ചെറുകോട്-കടുവാക്കുഴി

9 പുറ്റുമ്മേൽക്കോണം-പള്ളിച്ചൽപ്പാറ-കുന്നുനട-പണ്ടാരവിള-പോങ്ങറത്തല

10 വിളപ്പിൽശാല-മുക്കുതോട്

11 പാപ്പാറ-മലവിള-അരിത്തോണിക്കുഴി-കരിവിലാഞ്ഞി(ട്രൈബൽ)

12 പരുത്തംപാറ-കുറ്റയത്തുകോണം-കണികാണുംപാറ

13 പ്ലാക്കോടു-കുന്നുംപുറം

14 കടുവാക്കുഴി-ഗാന്ധിസ്മാരകം-കുറക്കോട്-പണ്ടാരവിള

15 പള്ളിച്ചൽപ്പാറ-കാവുവിള-കുളച്ചിക്കോട്-മുക്കുവിള

16 വാഴവിളാകം-പുണശ്ശേരി-SNDP

17 മണ്ണയം-ചിറക്കോണം

18 മാഞ്ചിനാട്-ചെല്ലാറ്റുകോണം-പുളിമൂട്

19 അരിത്തോണിക്കുഴി-മൂങ്ങോട്-വലിയറത്തല-കുണ്ടാമൂഴി-മാങ്ങോട്ടുകുഴി-കല്ലുപാലം-കീഴതിൽനട

20 കീഴ്മിണ്ണംകോട്-കല്ലുവരമ്പ്

21 പിണറുക്കോണം-മാന്തറ

22 മാന്തറ-പിറയിൽ

23 നൂലിയോട്-ചേമ്പുപറമ്പ് റോഡ്

24 നൂലിയോട്-പുന്നശ്ശേരി

25 നൂലിയോട്-ചരിവിള

26 നൂലിയോട്-കാവുംപുറം-വഞ്ചീക്കോണം-തോട്ടുമുക്ക്

27 മലവിള-ശാസ്താംപാറ-മണലി-വലിയകോണം

28 കല്ലുവരമ്പ്-ചാറവിള

29 പാറാംകുഴി-കരിമ്പാണ്ടി-നിലമേൽകോളനി

30 രാമേശ്വരം-കുളത്തിൻകര-കല്ലൻകുഴി-കിഴക്കേക്കര

31 ഉണ്ടപ്പാറ-മണ്ണാംകോണം-ചെറുകടൽവിള

32 ഉണ്ടപ്പാറ-മലപ്പനംകോട്-കുരിശ്ശടി-കാവുവിള

33 കരുവിലാഞ്ഞി-കുരിയിൽമുകൾ കോളനി

34 മൂങ്ങോട്-വരിപ്പാറ-തണ്ണിപ്പാറ-മലവിള

35 പുരവൻകോട്-പള്ളിനട-പുറ്റുമ്മേൽക്കോണം

36 കുന്നുംപുറം-പുന്നശ്ശേരി

സ്ട്രീറ്റ്ലൈറ്റ്

1. തിനവിള-ചാമവിള-പ്രിയദർശനി റോഡ്

2 മാന്തറ-പിറയിൽ

3 അച്ചത്തു-താന്നിയം

4 ചെറുപാറ-ബി.പി. നഗർ-അരുവിപ്പുറം-ചീലപ്പാറ

5 അമ്പലത്തു-താന്നിയം

6 രാമേശ്വരം-പുളിയറക്കോണം

7 മൈലാടി-കാട്ടിൽ

8 കുവിൽ-പാറയിൽതോട്

9 മൈലാടി-വഞ്ചിയൂർക്കോണം-പുളിമൂട്

10 കാവുംപുറം-ആലംകോട്

11 അലൈറ്റി-പൗരസമിതി

12 കാവുംപുറം-ചാമവിള

13 പുളിയറക്കോണം-മണ്ണയം

14 മഞ്ചിനാട്-മൈലമൂട്

15 നെടുകുഴി-തിനവിള-NSSHS

16 പാലയ്ക്കാനട-പൂവൻകുഴി

17 നൂലിയോട്-കാവുംപുറം

18 മുളയറ-നിലമേൽ-ചെക്കിട്ടപ്പാറ-കരിമ്പാണ്ടി

19 പാറാംകുഴി-ഊറ്റുകുഴി-പ്ലാവിളക്കുന്ന്

20 വടക്കേജംഗ്ഷൻ-എള്ളുവിള

21 മേലത്തുമുക്കു-കുണ്ടാമൂഴി

22 കൊങ്ങപ്പള്ളി-പരുത്തുംപാറ

23 വിളപ്പിൽശാല-PHC ചിറ്റേൽത്തോട്

24 വാഴവിളാകം--പുന്നശ്ശേരി

25 മുക്കംപാലമൂട്-മൂങ്ങോട്-മണലി

26 ചിറ്റേത്തോട്-മുക്കമ്പാലമൂട്

27 കുണ്ടാമൂഴി-കല്ലുപാലം

ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ

1 തിനവിള പട്ടികജാതി കോളനി

2 മലപ്പനംകോട്

3 കരുവിലാഞ്ചി

4 അരുവിപ്പുറം

5 പാറൈക്കടവ്

6 മൈലമൂട്

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

1991ലെ സെൻസസ് കണക്കനുസരിച്ച് വിളപ്പിൽ പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 12.96 ശതമാനം പട്ടിക ജാതി- പട്ടികവർഗ്ഗത്തിൽപ്പെട്ടവരാണ്. പ്രത്യേക ഘടക പദ്ധതിപ്രകാരം പദ്ധതികൾ നടപ്പിലാക്കുന്നതിനായി പത്തോ അതിലധികമോ പട്ടിക ജാതിക്കാർ അധിവസിക്കുന്ന സങ്കേതങ്ങളും, അഞ്ചോ അതിലധികമോ പട്ടിക വർഗ്ഗക്കാർ താമസിക്കുന്ന സങ്കേതങ്ങളും 1992 ലെ ജില്ലാതലത്തിൽ നടന്ന സർവ്വേയിൽ കണ്ടെത്തുകയുണ്ടായി. ഈ സർവ്വേപ്രകാരം ഈ പഞ്ചായത്തിൽ ചെറുകോട് പട്ടികവർഗ്ഗ കോളനിയും, നിലമേൽ, പരുത്തംപാറ, നിരപ്പുവിള, കരിവിലാഞ്ചികുഴി, കൊങ്ങപ്പള്ളി, മണ്ണാംവിളാകം, പാലിയോട്, ഊറ്റുകുഴി, പറങ്കിമാംവിള എന്നി പട്ടികജാതി കോളനികളും നിലവിലുണ്ട്. കൂടാതെ ലക്ഷം വീട് കോളനികളിലും സമൂഹത്തിൽ ഒറ്റപ്പെട്ടും, കൂട്ടമായും താമസിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗക്കാർ നിരവധിയുണ്ട്. ഗ്രാമസഭകളിൽ നിന്നുള്ള റിപ്പോർട്ട് അനുസരിച്ച് ഈ പഞ്ചായത്തിന്റെ 800 ലേറെ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ ഉണ്ടെന്ന് കാണുന്നു.

വിളപ്പിൽ പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ സാമൂഹ്യ പദവി, സാമ്പത്തികം, തൊഴിൽ, കോളനി സൗകര്യങ്ങൾ എന്നിവയെകുറിച്ച് സമഗ്രമായ ചർച്ച ആവശ്യമാണ്.

ഈ പഞ്ചായത്തിലെ പട്ടിക ജാതി പട്ടിക വർഗ്ഗ ജനസംഖ്യയിൽ 95 ശതമാനം പേർക്കും സ്വന്തമായി ഭൂമിയില്ലാത്തവരാണ്. പരിമിതമായ സ്ഥലം കൊണ്ട് വിട് വെയ്ക്കാൻ കഴിയാത്തതിനാൽ ഒരു വീട്ടിൽ തന്നെ മൂന്നോ- നാലോ കുടുംബങ്ങൾ ഒരുമിച്ച് താമസിക്കുന്ന സ്ഥിതിയും ഈ പഞ്ചായത്തിൽ ഉണ്ട്. സർക്കാരിൽ നിന്നും ധനസഹായം ലഭിച്ച വിടുകളെക്കാൾ കൂടുതലാണ് ധനസഹായം ലഭിക്കേണ്ട വീടുകളെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. JRY, NREP, RLEGP എന്നീ പദ്ധതിപ്രകാരം ഈ വിഭാഗത്തിൽപ്പെട്ട എല്ലാപേർക്കും ധനസഹായം ലഭിച്ചിട്ടില്ല. എന്നാൽ ധനസഹായം ലഭിച്ച വീടുകൾ പൂർത്തികരിക്കാൻ കഴിയാത്തവരാണ് അധികവും. ഇതിനകം പൂർത്തീകരിച്ച വീടുകളിൽ തന്നെ അടിസ്ഥാന സൗകര്യങ്ങൾ എത്തിച്ചേരാത്തവയാണ് അധികവും. ഇപ്പോൾ ധനസഹായം ലഭിച്ച് പണി പൂർത്തികരിച്ച വീടുകളുടെ അറ്റകുറ്റപണികൾ ഇനിയും നടത്തേണ്ടതായി കാണുന്നു.

കോളനികളിൽ കുടിവെള്ളം എത്താത്തതിന്റെ പോരായ്മ വ്യക്തമായി കാണാവുന്നതാണ്. വേനൽ കാലങ്ങളിൽ കുടിവെള്ളത്തിന് വേണ്ടി മറ്റുള്ള സ്ഥലങ്ങളെ ആശ്രയിക്കേണ്ട ഗതികേടിലാണ് ഈ പഞ്ചായത്തിലെ കോളനി നിവാസികൾ പഞ്ചായത്തിലെ പൊതുകിണറുകളെല്ലാം വർഷങ്ങളായി ഉപയോഗശൂന്യമായി കിടക്കുന്നു.

വൈദ്യുതിയുടെ ലഭ്യതയിലും ഈ വിഭാഗത്തിൽപ്പെട്ടവരുടെ ഉപഭോഗ നിരക്ക് വളരെ പിന്നിലാണ്. സർക്കാരിന്റെ ധനസഹായം ലഭിച്ച വീടുകളിൽ മാത്രമാണ് നാമമാത്രമായി വൈദ്യുതിയുള്ളത്. ഇപ്പോഴും മണ്ണെണ്ണ വിളക്കിനെ ആശ്രയിച്ച് കഴിയുന്നവർ വളരെയധികം ഉണ്ട്. ഈ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾ അവരുടെ പഠനത്തിനു മണ്ണെണ്ണ വിളക്കുകളാണ് ഉപയോഗിക്കുന്നത്. ഇത് ഈ വിഭാഗത്തിലുള്ള വിദ്യാർത്ഥികളുടെ പഠനസൗകര്യങ്ങളുടെ നിലവാരം കുറയ്ക്കുന്നു.

പൊതു ജനാരോഗ്യത്തിന്റെ കാര്യത്തിൽ ഈ വിഭാഗത്തിലുള്ളവർ വളരെ പിറകിലാണ്. വിളപ്പിൽ പഞ്ചായത്തിലെ വിളപ്പിൽശാല വാർഡിൽ സ്ഥിതി ചെയ്യുന്ന പ്രാഥമിക ആരോഗ്യ കേന്ദ്രം മാത്രമാണ് ഈ വിഭാഗത്തിലുള്ള ആളുകളുടെ ആശ്രയം. ഈ പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ ഇപ്പോഴത്തെ പ്രവർത്തനങ്ങൾ തൃപ്തികരമല്ല. സ്ഥിരമായി ഡോക്ടറില്ലാത്ത അവസ്ഥയും, ഔഷധങ്ങളുടെ ദൗർലഭ്യവും ഈ പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ സ്ഥിതി ശോചനീയമായിരിക്കുന്നതിനാൽ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകൾക്ക് പൊതുജനാരോഗ്യത്തിന്റെ കാര്യത്തിൽ പുരോഗതി കൈവരിക്കാൻ കഴിയുന്നില്ല. സ്വകാര്യ ആശുപത്രികളിലെ ചികിത്സ ഈ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് അപ്രാപ്യമാണ്. കോളനികളിൽ ബോധവൽക്കരണത്തിന്റെ കുറവ് ഉണ്ടെന്നുള്ള വസ്തുത ഓരോ കാര്യം പരിശോധിക്കുമ്പോഴും കാണാവുന്നതാണ്.

വളരെ താഴ്ന്ന വിദ്യാഭ്യാസ നിലവാരമാണ് ഈ വിഭാഗം ആളുകളുടെ ഇടയിൽ കാണുന്നത്. ഹൈസ്ക്കൂൾ വിദ്യാഭ്യാസം പൂർത്തികരിക്കാൻ കഴിയാത്ത ധാരാളം യുവജനങ്ങൾ ഈ വിഭാഗത്തിലുണ്ട്. എന്നാൽ ഈ വിഭാഗത്തിലെ പുതിയ തലമുറക്ക് സാർവ്വത്രികമായി വിദ്യാഭ്യാസം ലഭിക്കുന്നുണ്ട്. കൊഴിഞ്ഞു പോക്കിന്റെ നിരക്കിലും കഴിഞ്ഞകാലങ്ങളെ അപേക്ഷിച്ച് കാര്യമായ കുറവ് അനുഭവപ്പെടുന്നുണ്ട്. ഈ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന 7 വിദ്യാലയങ്ങളിൽ നിന്നുള്ള റിപ്പോർട്ടിൽ നിന്നും ഇത് വ്യക്തമാകുന്നു. പ്രീ പ്രൈമറി വിദ്യാഭ്യാസവും പട്ടികജാതി വിദ്യാർത്ഥികളിൽ വ്യാപിക്കുന്നുണ്ട്. വളരെ ചുരുക്കം വിദ്യാർത്ഥികളെങ്കിലും സ്വകാര്യ മേഖലയിലെ ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളെ അദ്ധ്യായനത്തിനായി ആശ്രയിക്കുന്നുണ്ട്. സ്ക്കൂളുകളിലെ കൊഴി

ഞ്ഞു പോക്കിന്റെ കാര്യത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ നിരക്ക് കുറക്കാനായെങ്കിലും മൊത്തം പഠനനിലവാരം മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. പഞ്ചായത്തിലെ 2 ഹൈസ്ക്കൂളിലെ എസ്.എസ്.എൽ.സി. വിജയ ശതമാനം പരിശോധിച്ചാൽ ഈ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിജയ ശതമാനം കുറഞ്ഞിരിക്കുന്നതായി കാണാവുന്നതാണ്. ശാസ്ത്ര വിഷയങ്ങൾ, ഗണിത ശാസ്ത്രം, ഇംഗ്ലീഷ് തുടങ്ങിയ വിഷയങ്ങളിലാണ് കൂടുതൽ പുരോഗതി നേടേണ്ടതും പഠനനിലവാരം ഉയർത്തേണ്ടതും. ഉന്നത വിദ്യാഭ്യാസരംഗത്ത് ഈ വിഭാഗം വിദ്യാർത്ഥികളുടെ പ്രാതിനിധ്യം വളരെ കുറവാണ്. ബിരുദബിരുദാനന്തര ഘട്ടത്തിൽ ഇവരുടെ സംഖ്യ വളരെ കുറഞ്ഞു പോകുന്നതായി കാണാം. സാങ്കേതിക, പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്തെത്തുമ്പോൾ പട്ടികജാതി വിദ്യാർത്ഥി പ്രാതിനിധ്യം അവഗണിക്കാവുന്നത്ര ചെറുതായി പോകുന്നു.

പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ തൊഴിൽ സംബന്ധമായ കാര്യം പരിശോധിക്കുമ്പോൾ ഭൂരിഭാഗം ആളുകളും കൂലിപ്പണിക്കാരാണ്. കെട്ടിടനിർമ്മാണം, ചുമടെടുപ്പ്, പാറമടയിലെ പണി, ഇഷ്ടികനിർമ്മാണം, എന്നീ തൊഴിലുകളിൽ ഏർപ്പെട്ട് ഉപജീവനം നടത്തുന്നവരാണ് അധികവും. കാർഷികവൃത്തിയുമായി ബന്ധപ്പെട്ട് ജീവിക്കുന്നവരുമുണ്ട്. മുമ്പ് ഈ വിഭാഗത്തിൽ കർഷകതൊഴിലാളികളാണ് കൂടുതൽ ഉണ്ടായിരുന്നതെങ്കിൽ കൃഷിയുടെ നിലവാരത്തിലുള്ള വലിയതോതിലുള്ള കുറവ് കാരണം കർഷകതൊഴിലാളികൾ ഇതരമേഖലയിലേക്ക് ചേക്കേറി. എന്നാൽ യാതൊരു തൊഴിലിനും പോകാതെ വീട്ടിൽ മാത്രം കഴിഞ്ഞു കൂടുന്ന സ്ത്രീ ജനങ്ങളുമുണ്ട്.

കൂട്ട, മുറം, പനമ്പ് തുടങ്ങിയ പരമ്പരാഗത തൊഴിൽ ചെയ്തു ഉപജീവനം നടത്തുന്ന കുറച്ച് പേർ ഈ പഞ്ചായത്തിലുണ്ട്. അസംസ്കൃതവിഭവങ്ങളായ ഈറ്റ, മുള തുടങ്ങിയവയുടെ അഭാവം ഇത്തരക്കാരെ തങ്ങളുടെ പരമ്പരാഗത തൊഴിലിൽ നിന്നും അകറ്റി നിർത്തിയിരിക്കുന്നു. വിവിധ മേഖലകളിലെ ഇവരുടെ തൊഴിൽ പങ്കാളിത്തം ഉയർന്ന വരുമാനം ഉറപ്പുവരുത്തുന്നില്ല. സർക്കാർ ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർ ഇപ്പോഴും വളരെ ന്യൂനപക്ഷമായ് നിലനില്ക്കുന്നു. സ്വകാര്യ മേഖലയിൽ തൊഴിൽ പങ്കാളിത്തം വളരെ പരിമിതമാണ്. വാണിജ്യ സ്ഥാപനങ്ങളോ, വ്യവസായ സ്ഥാപനങ്ങളോ ഈ വിഭാഗത്തിലുള്ള ആളുകളുടെ നേതൃത്വത്തിൽ നടത്തപ്പെടുന്നില്ല. ഭൂമിയുടെ ഉടമസ്ഥത പരിശോധിക്കുമ്പോൾ ഈ വിഭാഗത്തിൽപ്പെടുന്ന ബഹുഭൂരിപക്ഷം ആളുകളും 5 സെന്റിൽ താഴെ ഭൂമി കൈവശമുള്ളവരാണെന്ന് കാണുന്നു.

സ്വന്തമായുള്ള തുണ്ടു ഭൂമിയിൽ തൊഴിലവസരങ്ങളുടെ അനിശ്ചിതത്വം, പാരമ്പര്യേതര തൊഴിൽ മേഖലയിലെ കുറഞ്ഞ തൊഴിൽ പങ്കാളിത്തം തുടങ്ങിയ കാരണങ്ങളാൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ പൊതു സാമ്പത്തിക സ്ഥിതിയും ജീവിത നിലവാരവും വളരെ പിന്നോക്കമാണ്. രോഗം, വിവാഹം തുടങ്ങിയ സന്ദർഭങ്ങളിൽ പല കുടുംബങ്ങളും തങ്ങളുടെ പരിമിതമായ സ്വത്ത് വില്ക്കുന്ന അവസ്ഥയിലാണ്. സമൂഹത്തിൽ ഏറ്റവും പിന്നോക്കം നില്ക്കുന്നവരിൽ മഹാഭൂരിപക്ഷവും ഈ മേഖലയിൽപ്പെടുന്ന ആളുകളാണെന്ന വസ്തുത IRDP ലിസ്റ്റിൽ നിന്നും വ്യക്തമാക്കുന്നതോടൊപ്പം ഇവരുടെ സാമൂഹ്യവസ്ഥയുടെ യഥാർത്ഥ ചിത്രം നാം കാണേണ്ടതുണ്ട്. അയിത്തം, തീണ്ടൽ തുടങ്ങിയ സാമൂഹികാനാചാരങ്ങൾ ഇല്ലാതാക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമൂഹ്യ, സാംസ്ക്കാരിക, രാഷ്ട്രീയ സംഘടനകളുടെ അംഗത്വം പ്രത്യേകമെടുത്ത് പരിശോധിച്ചാൽ ഇവരുടെ അംഗസംഖ്യ വളരെ കുറവായി കാണുന്നു. തെരഞ്ഞെടുപ്പുകളിൽ സംവരണമണ്ഡലങ്ങൾക്കു പുറത്ത് മത്സരിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ എണ്ണം വളരെ കുറവാണെന്ന വസ്തുത നമ്മുടെ വിചാരങ്ങളെ അസ്വസ്ഥതപ്പെടുത്തുകതന്നെ വേണം.

പ്രശ്നങ്ങൾ

1. ഈ വിഭാഗത്തിൽപ്പെട്ട എല്ലാവർക്കും സ്വന്തമായി വീടില്ല. വീട് വെയ്ക്കുന്നതിന് സ്ഥലമില്ല.
2. സർക്കാരിൽ നിന്നും ലഭിക്കുന്ന ധനസഹായതോതിന്റെ കുറവ് കൊണ്ട് വീടുകളുടെ പണി പൂർത്തികരിക്കാൻ കഴിയുന്നില്ല.
3. കോളനികളിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു.
4. പട്ടികജാതി കുടുംബങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ യഥാസമയങ്ങളിൽ ലഭിക്കുന്നില്ല.
5. സർക്കാർ ഏജൻസികൾ വഴി നല്കുന്ന തൊഴിൽ ഭവനപദ്ധതികളുടെ വിവരങ്ങൾ ഇവർക്ക് അറിയാൻ കഴിയുന്നില്ല.
6. പരമ്പരാഗത തൊഴിലുകൾക്ക് ആവശ്യമായ വിഭവങ്ങളുടെ അപര്യാപ്തത.
7. കോളനികളിൽ മിക്കവയിലും വൈദ്യുതി എത്തിയിട്ടില്ല.
8. ആധുനിക രീതിയിലുള്ള തൊഴിൽ പരിശീലന പദ്ധതികളോട് കാണിക്കുന്ന വിമുഖത.
9. പട്ടികജാതി ഉന്നമനത്തിന് വേണ്ടി പ്രവർത്തിക്കുന്ന പട്ടികജാതി സർവ്വീസ് സഹകരണ സംഘങ്ങൾ ഇല്ല.
10. പലയിടങ്ങളിലായി താമസിക്കുന്നതിനാൽ അവർക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്.

11. പ്രാദേശിക സ്വകാര്യ സ്ഥാപനങ്ങളിലുള്ള കടബാദ്ധ്യത

12. വിദ്യാഭ്യാസ നിലവാരം വർഷംത്തോറും താഴ്ന്നു പോകുന്നു.

13. പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലേക്കുള്ള വഴികൾ തകരാറിലായി കാണുന്നു.

14. തൊഴിൽ മേഖലകളിലെ പങ്കാളിത്തകുറവ്

15. പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് വേണ്ടി ഉൾകൊള്ളിക്കുന്ന തുക ലാപ് സാക്കുകയോ ചൂഷണം ചെയ്യപ്പെടുകയോ ചെയ്യുന്നുണ്ട്.

ഗ്രാമസഭകളിൽ നിന്നുള്ള നിർദ്ദേശങ്ങൾ

1. ഭവനരഹിതരായ പഞ്ചായത്തിലെ മുഴുവൻ പട്ടികജാതി പട്ടികവർഗ്ഗകാർക്കും വീടു നിർമ്മിക്കുന്നതിനുള്ള ഭൂമിയും, സാമ്പത്തിക സഹായവും നൽ കുക.

2. എല്ലാ പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലും കൂടിവെള്ളം എത്തിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക.

3. പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗ കോളനികളും, അല്ലാത്തതുമായ വീടുകൾ വൈദ്യുതീകരിക്കുക.

4. പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട തൊഴിൽ രഹിതരായ യുവജനങ്ങൾക്ക് തൊഴിൽ ലഭിക്കുന്നതിനാവശ്യമായ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുക.

5. പട്ടികജാതി – പട്ടികവർഗ്ഗ കോളനികളിൽ ഉൾപ്പെടാത്ത ഈ വിഭാഗം ആളുകൾ താമസിക്കുന്ന സ്ഥലങ്ങൾ പിന്നോക്കാവസ്ഥയിലുള്ള കോളനികളും I.H.D.P യിൽ ഉൾപ്പെടുത്തുക.

6. തൊഴിൽ രഹിതരായ പട്ടികജാതി – പട്ടികവർഗ്ഗ യുവതികൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനു ള്ള സാമ്പത്തിക സഹായം ലഭിക്കേണ്ടതാണ്.

7. പട്ടികജാതി കോളനികളിൽ ഉൾപ്പെടുന്ന റോഡുകൾ ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കേണ്ടതാ ണ്.

8. പട്ടികജാതി വികസന കോർപ്പറേഷൻ, ക്ഷേമവകുപ്പ് എന്നിവയിൽ നിന്നും നല്കുന്ന തൊഴിൽ ദാന പദ്ധതികളെപ്പറ്റി അറിയാൻ കഴിയാത്തതിനാൽ പഞ്ചായത്തിൽ നിന്നും അതിനുള്ള വിവരം ലഭ്യമാക്കേണ്ടതാണ്.

9. സർക്കാരിൽ നിന്നും വിവിധ പദ്ധതികൾക്കായി ലഭിക്കുന്ന സഹായത്തിന്റെ അളവ് വളരെ പരിമിതമാണ്. അത് കൊണ്ട് ഇവരുടെ വീടുകളുടെ പണി പൂർത്തീകരിക്കാൻ പറ്റാത്ത അവസ്ഥയിലേക്ക് ചെന്ന് ചേരുന്നു. വീടുകൾ വയ്ക്കുന്നതിനുള്ള ധനസഹായം വർദ്ധിപ്പിക്കുക.

10. ആധുനിക രീതിയിലുള്ള തൊഴിൽ പരിശീലന പദ്ധതി നമ്മുടെ പഞ്ചായത്തിൽ ഉണ്ടാകേണ്ടത് ആവശ്യമാണ്. ഇത്തരം പദ്ധതികൾ നടപ്പിലാക്കുകയാണെങ്കിൽ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ കഴിയും.

11. വിധവാ പെൻഷനും കർഷകതൊഴിലാളി പെൻഷനു അർഹതപ്പെട്ടവർക്കെല്ലാം നല്കുകയും വാർദ്ധക്യ പെൻഷൻ വർദ്ധിപ്പിക്കുകയും അവ കൃത്യസമയത്ത് ലഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.

12. കോളനികളിൽ താമസിക്കുന്നവർക്ക് കിട്ടുന്ന ആനുകൂല്യങ്ങൾ ഒറ്റക്ക് താമസിക്കുന്നവർക്ക് ലഭിക്കുവാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. ഈ വേർതിരിവ് ഇല്ലാതാക്കുക.

13. പട്ടികജാതിക്കാരുടെയും, പട്ടികവർഗ്ഗക്കാരുടെയും ഉന്നമനത്തിന് വേണ്ടി സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.

14. പഞ്ചായത്തിലെ ചെറുകോട് വാർഡിലെ പട്ടികജാതി കോളനിയായ നിലമേൽ കോളനിയിൽ ചെക്കിട്ട പാറയിൽ നിന്നും ഒരു റോഡ് പണി ചെയ്തു ഇവരുടെ ഗതാഗത സൗകര്യം മെച്ചപ്പെടുത്തേണ്ടതുണ്ട്.

15. പഞ്ചായത്തിലെ പട്ടികവർഗ്ഗക്കാർ കൂടുതലായി താമസിക്കുന്ന കരുവിലാഞ്ചി വാർഡിലെ വലിയക്കോണം, മൂങ്ങോട് – കരുവിലാത്തി അരിത്തോണി റോഡ് പുനരുദ്ധരിക്കുക.

16. പഞ്ചായത്തിന്റെ പല ഭാഗങ്ങളിലായി പ്രവർത്തിക്കുന്ന പട്ടികജാതിക്കാരുടെ ലൈബ്രറി സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, സേവസദനം ഈ വിഭാഗം ആളുകളുടെ സാംസ്ക്കാരിക മുന്നേറ്റത്തിന് സഹായമായ രീതിയിൽ പുനഃരുദ്ധികരിക്കുക.

17. പഞ്ചായത്തിലെ പുളിയറക്കോണം വാർഡിലെ പ്ലാവിറക്കോണം ഹരിജൻ കോളനിയായി പ്രഖ്യാപിക്കുക.

18. പട്ടിക ജാതി പട്ടികവർഗ്ഗം 10 കുടുംബങ്ങൾ താമസിക്കുന്ന പ്രദേശങ്ങൾ കോളനിയായി അംഗീകരിക്കുക.

19. വിട്ടിയം അലൈറ്റി റോഡ്, കാട്ടുവിള ചെറുകോട് മുക്കംപാല റോഡ് പുനരുദ്ധരിക്കുക.

20. നൂലിയോട് വലിയവിള പട്ടികജാതി കോളനിയായി പ്രഖ്യാപിക്കുക.

വനിത

കേരളത്തിന്റെ വികസന മാതൃകയുടെ ദൗർബല്യങ്ങളിലൊന്നായി നാം കാണുന്നത് വികസന പ്രക്രിയയിലെ കുറഞ്ഞ സ്ത്രീ പങ്കാളിത്തമാണ്. എന്നാൽ സമൂഹത്തിൽ സ്ത്രീയുടെ പദവിയും തുല്യതയും സാമൂഹ്യവികസന പ്രക്രിയയുടെ ആവേഗത്തെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്. 1991-ലെ സെൻസ് കണക്കനുസരിച്ച് വിളപ്പിൽ പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 28300 ആണ്. ഇതിൽ പുരുഷന്മാർ 14144 ഉം സ്ത്രീകൾ 14612 ഉം ആണ്. പുരുഷ-സ്ത്രീ ലിംഗാനുപാതം 1000:1018 ആണ്. (സംസ്ഥാനം 1000:1036 ഉം ജില്ല 1000:1085 ആണ്) പട്ടികജാതിക്കാരിലും, പട്ടികവർഗ്ഗക്കാരിലും സ്ത്രീകൾ പുരുഷന്മാരെ അപേക്ഷിച്ച് കൂടുതലാണ്. വിളപ്പിൽ പഞ്ചായത്തിലെ സ്ത്രീകളുടെ സാമൂഹ്യപദവി വിശകലനം ചെയ്യുന്നതിന് സഹായിക്കുന്ന ചില സൂചികകൾ താഴെ പട്ടികപ്പെടുത്തിയിരിക്കുന്നു.

പട്ടിക 1

സമൂഹത്തിലെ സ്ത്രീ പദവി ഒരു താരതമ്യ പഠനം

	മേഖല	പുരുഷന്മാർ	സ്ത്രീകൾ
1	ജനസംഖ്യ	14144	14162
2	സാക്ഷരത	11544	10774
3	0-6 വയസ്സുവരെയുള്ളവരുടെ എണ്ണം	1819	1773
4	വിദ്യാർത്ഥികൾ	2740	2685
5	തൊഴിൽ പങ്കാളിത്തം	47.75%	16.26%
6	PHC യിലെ ഔട്ട് പേഷ്യന്റ് രജിസ്റ്റർ ആധാരമാക്കിയുള്ള രോഗവിവരം (1995-96)	1087	7248 (സ്ത്രീകളും കുട്ടികളും)

അവലംബം : (1991 ലെ സെൻസസ് കണക്കുകൾ, PRA സ്കൂൾ, PHC രേഖകൾ)

വിളപ്പിൽ പഞ്ചായത്തിലെ സ്ത്രീകളുടെ സാമൂഹ്യ സാമ്പത്തിക പദവി ചർച്ച ചെയ്യുമ്പോൾ സാമ്പത്തിക ചൂഷണം മുതൽ സ്ത്രീ പീഡനം വരെയുള്ള നിരവധി പ്രശ്നങ്ങൾ അതിന്റെ പരിധിയിൽ വരും. സമ്പൂർണ്ണ സാക്ഷരത യജ്ഞം വിജയകരമായി പൂർത്തികരിച്ച പഞ്ചായത്തായിരുന്നിട്ടും സ്ത്രീസാക്ഷരത പുരുഷസാക്ഷരതയേക്കാൾ കുറവാണ്. ഔപചാരിക വിദ്യാഭ്യാസ മേഖലയിൽ സ്കൂൾ വിദ്യാർത്ഥികളുടെ എണ്ണത്തിൽ പെൺകുട്ടികളുടെ എണ്ണം കുറവായി കാണുന്നു. കോളേജ് തലത്തിലും മറ്റും ഉന്നത വിദ്യാഭ്യാസ മേഖലയിലും നേരിയ പുരോഗതി മാത്രമേ പ്രകടമാകുന്നുള്ളു. എന്നാൽ സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം വളരെ പിന്നിലാണ്.

പട്ടിക 1 ൽ സൂചിപ്പിച്ചിട്ടുള്ളത് പോലെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം 16.26 ശതമാനമാണ്. പുരുഷന്മാരുടെ പങ്കാളിത്തം 47.73 ശതമാനം ആണ്. ഈ അന്തരത്തിനുള്ള കാരണം ലിംഗപരമായ അസന്തുലിതാവസ്ഥയാണെന്ന് തീർച്ചയാകുന്നു. സ്ത്രീ തൊഴിലാളികളിൽ ഭൂരിഭാഗവും ഭാഗികതൊഴിലാളികളാണ്. കാർഷിക മേഖലയിൽ സ്ത്രീ പങ്കാളിത്തം വളരെ കുറവാണ്. അദ്ധ്യാപനവൃത്തി, കൈത്തറി നെയ്ത്ത്, പാറപൊട്ടിക്കൽ, കെട്ടിടനിർമ്മാണം, ഇഷ്ടിക നിർമ്മാണം എന്നീ മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ കൂടുതലായിക്കാണുന്നു.

അദ്ധ്യാപന മേഖലയിൽ സ്ത്രീകൾക്കുള്ള മേധാവിത്വം അംഗീകരിക്കപ്പെട്ടിട്ടുള്ള വസ്തുതയാണ്. ആകെയുള്ള 7 സ്കൂളുകളിൽ 3 എണ്ണത്തിന്റെ നേതൃത്വനിരയിലുള്ളത് അധ്യാപികമാരാണ്. 7 സ്കൂളുകളിലെ മൊത്തം അദ്ധ്യാപകരായ 195 പേരിൽ 150 ഉം സ്ത്രീകളാണ്. പഞ്ചായത്തിൽ സ്ത്രീകളുടെ നേതൃത്വത്തിലുള്ള വ്യവസായയൂണിറ്റുകൾ ഒന്നും പ്രവർത്തിക്കുന്നില്ല. പഞ്ചായത്തിന്റെ കാർഷിക മേഖലയ്ക്കുണ്ടായ അധ:പതനം (കൃഷി വിസ്തൃതിയുടെ വലിയ തോതിലുള്ള കുറവ്) കർഷകതൊഴിലാളി മേഖലയിലും സ്ത്രീകൾ വളരെ കുറഞ്ഞുപോയിട്ടുണ്ട്.

സെൻസസ് കണക്കുകളിൽ തൊഴിൽ രഹിത അല്ലെങ്കിൽ വീട്ടമ്മ എന്ന രീതിയിൽ രേഖപ്പെടുത്തിയിരിക്കുന്ന സ്ത്രീകൾ എന്തുചെയ്യുന്നവെന്ന് പരിശോധിക്കേണ്ടതുണ്ട്. പഞ്ചായത്തിലാകെയുള്ള 6074 കുടുംബങ്ങളിൽ 1300 കുടുംബങ്ങൾ സ്ത്രീകളുടെ നിയന്ത്രണത്തിലുള്ളതാണ്. ക്ഷേണത്തിനാവശ്യമായ പച്ചക്കറി കൃഷി, ആടുമാടുകളെവളർത്തൽ എന്നീ മേഖലയിൽ വ്യാപൃതരായവർ ഏറെയാണ്. IRDP - പദ്ധതി പ്രകാരം ടൈയിലറിംഗ്, ലാൻട്രി വാഷിംഗ്, മെറ്റൽ ക്രഷിംഗ്, കൈത്തറി തുടങ്ങിയ മേഖലകളിൽ ഏർപ്പെട്ട് കുടുംബത്തിന്റെ വരുമാനമാർഗ്ഗം തെരയുന്ന ധാരാളം സ്ത്രീകളുണ്ട്.

DWCRA പദ്ധതി പ്രകാരം ഈ പഞ്ചായത്തിൽ ഒരു മെറ്റൽ ക്രഷിംഗ് (Metal Crushing) യൂണിറ്റ് മാത്രമേ പ്രവർത്തിക്കുന്നുള്ളു. വനിത സഹകരണ സംഘങ്ങൾ ഈ പഞ്ചായത്തിൽ രൂപീകരിച്ചിട്ടും അവ പ്രാവർത്തികമായിട്ടില്ല.

സാമൂഹ്യ പ്രവർത്തന മേഖലകളിൽ ഈ പഞ്ചായത്തിൽ പഴയകാലത്ത് സ്ത്രീ പങ്കാളിത്തം വളരെകുറവായിരുന്നു. ആ കാലഘട്ടത്തിൽ സ്കൂൾ വിദ്യാഭ്യാസം പെൺകുട്ടികൾക്ക് അപ്രാപ്യമായിരുന്നു. എന്നാൽ 20-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ എത്തിനിൽക്കുന്ന ഈ അവസരത്തിൽ പോലും സാമൂഹ്യക്ഷേമ പ്രവർത്തന മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം വിരളമാണ്. കേരള പഞ്ചായത്ത് രാജ് നിയമങ്ങളുടെ അടിസ്ഥാനത്തിൽ സംവരണ സീറ്റുകളിൽ സ്ത്രീകൾ തെരഞ്ഞടുക്കപ്പെടുന്നുവെങ്കിലും സാമൂഹ്യ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ മുൻനിരിയിലേയ്ക്ക് വരുന്ന സ്ത്രീകളുടെ എണ്ണം വളരെ കുറവാണ്. ഇന്ന് പഞ്ചായത്ത് തലത്തിൽ പ്രവർത്തികുന്ന ബഹുജന സംഘടനകളിൽ നേതൃത്വസ്ഥാനത്ത് ഏകദേശം 100 ന് താഴെയുള്ള വനിതകളാണുള്ളത്.

ഈ പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി 14 അംഗനവാടികൾ പ്രവർത്തിച്ച് വരുന്നു. ഇതിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിലെ വനിതാ സമാജങ്ങളും അതിനോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങളും വിലയിരുത്തേണ്ടതുണ്ട്. പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി 130 സ്ത്രീകൾക്ക് വിധവ പെൻഷനും, 39 സ്ത്രീകൾക്ക് വാർദ്ധക്യ പെൻഷനും ലഭിക്കുന്നു. ചെറുകിട വ്യവസായങ്ങളിലും, പരമ്പരാഗത തൊഴിലിലും സ്ത്രീകളെ കൂടുതൽ സജ്ജരാക്കേണ്ടിയിരിക്കുന്നു.

പ്രശ്നങ്ങൾ

1. പൊതുരംഗത്ത് വനിതകളുടെ പങ്കാളിത്തം വളരെ കുറവാണ്.
2. തൊഴിൽ മേഖകളിൽ സ്ത്രീകൾ നേരിടുന്ന നാനാതരം പീഢനങ്ങളും വിവേചനവും.
3. DWCRA യൂണിറ്റുകളുടെ എണ്ണത്തിലുള്ള കുറവ്
4. സ്കൂൾ തലങ്ങളിൽ പെൺകുട്ടികൾ ആൺകുട്ടികളെ അപേക്ഷിച്ച് പഠന കാര്യങ്ങളിൽ മുന്നിലാണെങ്കിലും ഉപരിപഠനത്തിലെത്തുമ്പോൾ അംഗസംഖ്യ കുറയുന്നു.
5. തുല്യജോലിക്ക് സ്ത്രീകളുടെയും പുരുഷന്റേയും വേതന നിരക്കിൽ സാരമായ വ്യത്യാസം നിലനിൽക്കുന്നു.
6. സ്ത്രീകളുടെ നേതൃത്വ ഗുണം വർദ്ധിപ്പിക്കുന്നതിനുള്ള പരിഹാരം ഒന്നും തന്നെ നിലവിലില്ല.
7. സ്ത്രീകളുടെ നിലവിലുള്ള അവകാശങ്ങളെ കുറിച്ചും ധനസഹായ മാർഗ്ഗങ്ങളെക്കുറിച്ചുമുള്ള അറിവില്ലായ്മ
8. വിവിധ തൊഴിൽ മേഖകളിൽ സ്ത്രീകൾക്ക് വേണ്ടത്ര പരിശീലനം ലഭിക്കുന്നില്ല.

പ്രശ്ന പരിഹാരമാർഗ്ഗങ്ങൾ ഗ്രാമസഭകളിൽ നിന്നും.

1. മഹിളാ സമാജങ്ങൾ വഴിയും കുടുംബയോഗങ്ങൾ വഴിയും വനിതകൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും സ്ത്രീകൾ സ്വയം ശക്തിയാർജിച്ച് രംഗത്തിറങ്ങാനുള്ള മനോദാർഢ്യം വളർത്തിയെടുക്കുകയും ചെയ്യുക.
2. സ്ത്രീകൾക്ക് സ്വയം തൊഴിൽ ആരംഭിക്കുന്നതിനുള്ള ധനസഹായങ്ങൾ ലഭ്യമാക്കുക. (സ്ത്രീകൾക്ക് ചെയ്യാവുന്ന തൊഴിലുകൾ: ടൈയിലറിംഗ്, പുഷ്പഫലകൃഷി, പച്ചക്കറി കൃഷി, പർപ്പട നിർമ്മാണം, മെഴുക് തിരി നിർമ്മാണം, തീപ്പെട്ടി വ്യവസായം, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, അച്ചാർ നിർമ്മാണം, സാമ്പ്രാണിതിരി, പാലുല്പന്ന നിർമ്മാണം, ആടുവളർത്തൽ, തേനീച്ച വളർത്തൽ മുതലായവ)
3. DWCRA യൂണിറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുക.
4. വനിതാ വികസന കോർപ്പറേഷൻ, സാമൂഹ്യക്ഷേമ വകുപ്പ് എന്നീ മേഖലകളിൽ നിന്നും ലഭിക്കുന്ന ധനസഹായങ്ങളെ കുറിച്ചുള്ള അറിവ് നൽകുക.
5. IRDP, DWCRA എന്നീ പദ്ധതികളെ കുറിച്ചും അവയുടെ പ്രവർത്തനങ്ങളെ കുറിച്ചും ബോധവൽക്കരണം നടത്തുക.
6. അംഗനവാടികളുടെ പ്രവർത്തനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. സ്വന്തമായ കെട്ടിടമില്ലാത്തവർക്ക് അംഗനവാടികൾക്ക് കെട്ടിടം നിർമ്മിക്കുക, അംഗനവാടികളുടെ പ്രവർത്തനമില്ലാത്ത വാർഡുകളിൽ പ്രത്യേകിച്ചും 7-ാം വാർഡിൽ അംഗനവാടികൾ സ്ഥാപിക്കുക.
7. വ്യാപകമായ തൊഴിൽ പരിശീലനം നൽകി തൊഴിൽ അവസരങ്ങൾക്ക് സ്ത്രീകളെ പ്രാപ്തരാക്കുക.
8. സാമൂഹ്യസുരക്ഷാ പെൻഷൻ നല്കുമ്പോൾ പ്രായമായ ആൺ മക്കൾ ഉള്ളതുകൊണ്ട് പെൻഷൻ നിഷേധിക്കാതെ സാമ്പത്തിക പരാധീനത ആനുകൂല്യം നൽകുന്നതിന് അടിസ്ഥാനഘടകമായി സ്വീകരിക്കുക.
9. വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായത്തിന് നൽകുന്ന സാമ്പത്തിക സഹായം വർദ്ധി

പ്പിക്കുക.

10 സ്ത്രീകൾക്ക് ഗ്രൂപ്പുകളായി ചെയ്യാവുന്ന വ്യവ സായ യൂണിറ്റുകൾ പഞ്ചായത്ത് തലത്തിൽ ആരം ഭിക്കുക.

11 സ്ത്രീകൾ തൊഴിൽ ചെയ്യുന്ന മേഖലയിൽ അവർ ക്ക് അർഹമായ വേതനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുക.

12 സ്ത്രീ തൊഴിൽ സംരഭകർ ഉത്പാദിപ്പിക്കുന്ന ഉല്പ നങ്ങൾ വിറ്റഴിക്കാനുള്ള ഒരു മാർക്കറ്റിംഗ് സൊ സൈറ്റി (Marketing Society) സ്ഥാപിക്കുക.

13. ചാരായനിരോധനം മൂലം കുടുബ സമാധാനം കൈവന്നിട്ടുണ്ടെന്നും എന്നാൽ സമ്പൂർണ്ണ മദ്യനിരോധനമായാൽ കൂടുതൽ പ്രയോജന പ്പെടുമെന്നും ഗ്രാമസഭകളിൽ അഭിപ്രായമുണ്ടായി. സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കുന്നതിനു മുമ്പായി ആ മേഖലയിൽ പണിയെടുക്കുന്ന തൊ ഴിലാളികളെ പുനരധിവസിപ്പിക്കുകയും മദ്യ വി പത്തിനെതിരെ ബോധവൽക്കരണം നടത്തുകയും വേണം.

സഹകരണം

സഹകരണ മേഖലയിൽ വിളപ്പിൽ പഞ്ചായത്തിന് അതി പ്രധാനമായ പങ്കും പാരമ്പര്യവുമാണ് അവകാശപ്പെടാനുള്ളത്. സ്വാതന്ത്ര്യലബ്ധിക്ക് ശേഷം രൂപംകൊണ്ട പഞ്ചവൽസര പദ്ധതികളുടെ ഭാഗമായി വിവിധ മേഖലകൾക്ക് ഊന്നൽ കൊടുത്ത് പ്രവർത്തനങ്ങൾ നടന്നു. അതിന്റെ ഫലമായി വിളപ്പിൽ പഞ്ചായത്തിന്റെ പുരോഗതിയേയും നാടിന്റെ വികസനത്തേയും ലക്ഷ്യമിട്ടുകൊണ്ട് നമ്മുടെ പഞ്ചായത്തിൽ പല സഹകരണ സംഘങ്ങളും ഉടലെടുത്തു. എന്നാൽ പ്രവർത്തനരംഗത്ത് അവയെല്ലാം പരാജയങ്ങളായി മാറുകയാണുണ്ടായത്.

പേയാട് കേന്ദ്രമായി വിളപ്പിൽ സഹകരണസംഘം എന്ന പേരിലും വിളപ്പിൽശാല കേന്ദ്രമായി കാരോട് സഹകരണ സംഘം എന്ന പേരിലും രണ്ട് സഹകരണ സംഘങ്ങൾ ആദ്യകാലങ്ങളിൽ പ്രവർത്തനം തുടങ്ങിയിരുന്നു. എന്നാൽ കാലാന്തരത്തിൽ രണ്ട് സഹകരണസംഘങ്ങളുടെയും പ്രവർത്തനം ഇല്ലാത്ത അവസ്ഥയിലാവുകയുമാണുണ്ടായത്.

അതിന് ശേഷം വിളപ്പിൽ സഹകരണസംഘം അന്നത്തെ ചെറുപ്പക്കാരും പരിചയസമ്പന്നരുമായ ഏതാനും പേരുടെ ശ്രമഫലമായി വീണ്ടും പ്രവർത്തനം ആരംഭിക്കുകയും ഇന്നു കാണുന്ന രീതിയിൽ വിളപ്പിൽ സർവ്വീസ് സഹകരണ ബാങ്കായി ഉയർച്ച പ്രാപിക്കുകയും ചെയ്തു.

പ്രസ്തുത ബാങ്കിന്റെ പ്രവർത്തനപരിധിയിൽ വിളപ്പിൽ പഞ്ചായത്തിന്റെ മുഴുവൻ പ്രദേശങ്ങളും വിളവൂർക്കൽ പഞ്ചായത്തിലെ ഏതാനും ഭാഗങ്ങളും മാത്രമാണ്. വിളപ്പിൽസർവ്വീസ് സഹകരണ ബാങ്കിന്റെ ഹെഡാഫീസ് വിളവൂർക്കൽ പഞ്ചായത്തതിർത്തിയിലാണ് സ്ഥിതി ചെയ്യുന്നത്. എങ്കിലും നമ്മുടെ പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങൾക്കും പ്രസ്തുത ബാങ്കിൽ അഭേദ്യമായ ബന്ധമുണ്ട്. ഈ ബാങ്കിന്റെ ഒരു ശാഖ നല്ല രീതിയിൽ പ്രവർത്തിക്കുന്നതും നമ്മുടെ പഞ്ചായത്തിലെ വിളപ്പിൽശാലയിലാണ്.

മേൽ പ്രസ്താവിച്ചതുപോലെ തന്നെ ക്ഷീരവ്യവസായ രംഗത്തും സഹകരണ സംഘങ്ങളുടെ പ്രവർത്തനം നടക്കുന്നതും. നമ്മുടെ പഞ്ചായത്തിൽ കന്നുകാലി വളർത്തിലലൂടെ ഉപജീവനം കഴിക്കുന്നവർക്കും പാൽ സംഭരണവും, വിതരണവും ചെയ്യുന്നവർക്കും വേണ്ടി പ്രയോജനകരമാണ്.

നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കാരോട് (വിളപ്പിൽശാല) ക്ഷീരസംഘം ഏറ്റവും പഴക്കമുള്ളതും, കാര്യക്ഷമമായി പ്രവർത്തനം നടക്കുന്നതുമായ ഒരു സംഘമാണ്. കൂടാതെ മൈലോടി ക്ഷീരസംഘം നല്ല രീതിയിൽ പ്രവർത്തനം നടത്തിവരുന്നുണ്ട്. പേയാട് കേന്ദ്രമായി പ്രവർത്തിക്കുന്ന പേയാട് ക്ഷീരവ്യവസായ സംഘത്തേയും നമ്മുടെ പഞ്ചായത്തിന്റെ ഭാഗമായി തന്നെ കണക്കിലെടുത്തിട്ടുണ്ട്.

കൈത്തറി രംഗത്തെ വികസനം ലക്ഷ്യമാക്കി വളരെക്കാലമായി പ്രവർത്തിച്ചുവരുന്ന സഹകരണ സംഘമാണ് വിളപ്പിൽശാല കൈത്തറി വ്യവസായ സഹകരണ സംഘം. കാര്യക്ഷമമായ പ്രവർത്തനം ഇപ്പോൾ ഈ സംഘത്തിൽ ഇല്ല.

നമ്മുടെ പഞ്ചായത്തിലെ കാർഷിക വ്യാവസായിക മൃഗസംരക്ഷണ വിഭാഗങ്ങളുടെ വികസനം ത്വരിതഗതിയിൽ മുന്നേറണമെങ്കിൽ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചമാകേണ്ടതും കൂലിപ്പണിക്കാർ തുടങ്ങി വിവിധ മേഖലകളിലുള്ള സാധാരണക്കാരായ ആളുകൾക്ക് സാമ്പത്തികമായും സാങ്കേതികമായും ഈ സ്ഥാപനങ്ങൾ പ്രയോജനപ്പെടുമെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

വിദ്യാർത്ഥികളുടെ പാഠപുസ്തകങ്ങൾ, നോട്ടുബുക്കുകൾ, മറ്റ് പഠനോപകരണങ്ങൾ എന്നിവ സൗകര്യപ്രദമായും ന്യായമായ വിലനിരക്കനുസരിച്ചും സ്കൂളുകളിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ വഴി തക്കസമയത്തു വിതരണം ചെയ്യേണ്ടതാണ്. ഈ വിധത്തിലുള്ള സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്ന നമ്മുടെ പഞ്ചായത്തിലെ സ്കൂളുകൾ ഗവ.എൽ.പി.എസ്. വിളപ്പിൽ (പേയാട്) ഗവ.യു.പി.എസ്. വിളപ്പിൽശാല, സെന്റ് സേവിയേഴ്സ് സ്കൂൾ പേയാട് എന്നിവയാണ്.

വിളപ്പിൽശാലയിലെ ഊറ്റുകുഴി സേവാ സദനം കേന്ദ്രമായി "വിളപ്പിൽ പട്ടികജാതി സർവ്വീസ് സഹകരണ സംഘം" എന്നപേരിൽ ഒരു സംഘം പ്രവർത്തനമുണ്ടായിരുന്നു. പട്ടികജാതിക്കാരുടെ ഉന്നമനം ലക്ഷ്യമാക്കി പ്രവർത്തനം ആരംഭിച്ച ഈ സംഘം വളരെക്കാലം കൊണ്ട് പ്രവർത്തനരഹിതമാണ്. ഈ സ്ഥിതിയിലേക്ക് ഈ സംഘം എത്തിയതിന്റെ കാരണം എന്താണെന്ന് അന്വേഷിക്കുകയും എത്രയും വേഗം പ്രവർത്തനം ആരംഭിക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടത് അത്യാവശ്യമായ ഒരു വസ്തുതയാണ്.

പ്രശ്നങ്ങൾ:– നമ്മുടെ പഞ്ചായത്ത് കാർഷിക പ്രാമുഖ്യ മുള്ളതാണ്. നെൽകൃഷി ഈ പഞ്ചായത്തിൽ പരിമിതമാ ണെന്ന് പറായം. ഇപ്പോഴുള്ള പ്രധാന കൃഷി റബ്ബറാണ്. തെങ്ങ്, വാഴ, മരച്ചീനി, മലക്കറി എന്നിവയാണ് പിന്നെ യുള്ള കൃഷി. ഇത്തരം കൃഷികൊണ്ട് ജീവിക്കുന്നവർക്ക് കാർഷിക സംരക്ഷണഉപദേശങ്ങളും വായ്പകളും നൽകേ ണ്ടതുണ്ട്.

അതുപോലെ കന്നുകാലികൾ, കോഴികൾ എന്നി വയെ ആശ്രയിച്ച് ജീവിക്കുന്നവർക്ക് ആവശ്യമായ സാമ്പ ത്തിക സഹായവും വൈദഗ്ദ്ധ്യവും വേണ്ടതാണ്.

തൊഴിൽപരമായ കഴിവുള്ള വനിതകൾക്ക് വേണ്ടി സഹകരണ മേഖലയിൽ നിന്നുള്ള സഹായം ആവശ്യ മാണ്. അതുപോലെ തൊഴിൽപരിചയമുള്ള പട്ടികജാതി/ പട്ടികവർഗ്ഗങ്ങളുടെ വികസനത്തിനു വേണ്ടി സഹകരണ മേഖലയിൽ ഊന്നൽ നൽകേണ്ടത് ആവശ്യമാണ്.

സാദ്ധ്യതകൾ:–

1. വിളപ്പിൽസർവ്വീസ് സഹകരണബാങ്കിന്റെ പ്രവർത്ത നവും സേവനവും സാധാരണക്കാരായ കർഷ കർക്കും തൊഴിൽ ചെയ്യുന്നവർക്കും കൂടി പ്രയോ ജനപരമായ രീതിയിൽ വായ്പാ സമ്പ്രദായവും വ്യവസ്ഥയും ഉദാരവൽക്കരിക്കേണ്ടതിന് പഞ്ചാ യത്ത് കമ്മിറ്റി ശ്രമിക്കേണ്ടതാണ്.

2 ഇപ്പോൾ കേരവികസനസമിതി എന്ന പേരിൽ അറി യപ്പെടുന്നത് ഒരു സഹകരണ സംഘമായി പ്രവർത്തിച്ചുതുടങ്ങുകയും കേരകർഷകർക്കു വേണ്ടി വായ്പാ വളം, തൈകൾ എന്നിവ നൽകുന്ന സ്ഥിരം ഏർപ്പാട് ഉണ്ടാവുകയും വേണം.

3 വിളപ്പിൽ പഞ്ചായത്തിൽ ഒരു മഹിളാ സഹകരണ സംഘം പ്രവർത്തിച്ചു തുടങ്ങേണ്ടത് അത്യാവശ്യ മാണ്. സ്വയം തൊഴിൽ വായ്പകൾ നൽകുക. ഗൃഹോപകരണങ്ങൾ വാങ്ങുന്നതിന് സഹായം നൽകുക, മഹിളകളുടെ തൊഴിൽ സ്ഥാപനങ്ങൾക്ക് വായ്പകൾ നൽകുക തുടങ്ങിയ പഞ്ചായത്തിലെ മുഴുവൻ സ്ത്രീകളുടെയും പങ്കാളിത്തം ഉറപ്പുവരു ത്തുന്ന പ്രവർത്തനങ്ങൾ തുടങ്ങുന്നതിന് ഈ സഹ കരണ സംഘം സഹായകമാകും.

4 പഞ്ചായത്തിലെ പട്ടികജാതിക്കാരുടെ ഉന്നമനം കണക്കിലെടുത്ത് ഊറ്റുകുഴി (വിളപ്പിൽശാല) സേവാസദനത്തിൽ പ്രവർത്തിച്ചിരുന്ന വിളപ്പിൽ പട്ടികജാതി സർവ്വീസ് സഹകരണ സംഘത്തിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിന് പഞ്ചായ ത്തിലെ മുഴുവൻ പട്ടികജാതിക്കാരുടെയും സഹ കരണം തേടുകയും പഞ്ചായത്തുകമ്മറ്റി അതിന് വേണ്ട നടപടി കൈക്കൊള്ളുകയും ചെയ്യേണ്ട താണ്.

ഈ പഞ്ചായത്തിന്റെ വികസനം ലക്ഷ്യമാക്കി ഒരു ഭവനനിർമ്മാണ സഹകരണ സംഘം പ്രവർത്തിക്കേ ണ്ടതും വായ്പകളും മറ്റ് സാങ്കേതിക ഉപദേശങ്ങളും നൽകുന്നതും സാധാരണക്കാർക്ക് ആശ്വാസമായിരിക്കും.

6 കാർഷിക മേഖലയ്ക്ക് പ്രാധാന്യം കൊടുക്കുന്ന കാർഷിക വികസന ബാങ്കിന്റെ ഒരു ശാഖ പുളിയ റക്കോണം എന്ന സ്ഥലത്തും ഒന്ന് വിളപ്പിൽ ശാല യിലും ആരംഭിക്കേണ്ടത് ആവശ്യമാണ്.

7 ഇപ്പോൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവ്യവസായ സഹകരണ സംഘങ്ങൾക്ക് പശു, ആട്, കോഴി എന്നിവ വാങ്ങി വളർത്തുന്നതിന് വായ്പകൾ നൽകി ആവശ്യക്കാരനെ സഹായിക്കേ ണ്ടതാണ്.

8 കേരസഹകരണ സംഘത്തിന്റെ ആഭിമുഖ്യത്തിൽ കൊപ്ര സംഭരണം നടത്തുക

9 ബാങ്കിൽ നിന്നും സ്ഥിതി വിവരണ സഹകരണം ആവശ്യമാണ്.

10 ആട് വളർത്തലിന് മഹിളാ സഹകരണ സംഘ ങ്ങൾക്ക് വായ്പകൾ നൽകേണ്ടതാണ്.

11 50,000 (അമ്പതിനായിരം) നകം വരുന്ന വ്യാവസാ യിക ലോൺ സഹകരണ ബാങ്കിൽ നിന്ന് ലഭ്യമാ ക്കണം

പാർപ്പിടം

മനുഷ്യന്റെ അടിസ്ഥാനാവശ്യങ്ങളിൽപ്പെടുന്ന ഒരു ഘടകമാണ് പാർപ്പിടം. ഇന്ത്യയെപ്പോലുള്ള ഒരു രാജ്യത്ത് ട്രെയിനേജ് പൈപ്പുകൾ വരെ പാർപ്പിടങ്ങളായി മാറുമ്പോൾ കേരളത്തിൽ ഈ പ്രശ്നം അത്ര ഗുരുതരമല്ല. എങ്കിലും ആവാസയോഗ്യമായ വീടുകളുടെ അഭാവം നാം അനുഭവിക്കുന്നുണ്ട്.

വിളപ്പിൽ പഞ്ചായത്തിലെ സ്ഥിതി ഒരു പ്രത്യേക സ്വഭാവമുള്ളതാണ്. നഗരത്തോടു അടുത്തു കിടക്കുന്ന ഒരു പഞ്ചായത്ത് എന്ന നിലയ്ക്ക് പാർപ്പിടപ്രശ്നം ജനങ്ങളുടെ ഭവനസംസ്കാരവുമായി ബന്ധപ്പെട്ടുകിടക്കുന്നു. ഓലമേഞ്ഞ വീടുകൾ ഓടുമേൽക്കൂരയ്ക്കും അവ വാർപ്പു മേലാപ്പുകൾക്കും വഴിമാറിക്കൊണ്ടിരിക്കുന്ന ഈ പ്രദേശത്ത് സ്ക്കൈലൈൻ പോലുള്ള കൺസ്ട്രക്ഷൻ കമ്പനികൾക്ക് ലാഭകരമായി ഭവനവ്യവസായം നടത്താൻ കഴിയുന്നു. കൂടുതൽ വികസിച്ച ഒന്നും രണ്ടും വാർഡുകളിൽ ഓലക്കൂരകൾ വളരെ വിരളം. ഓടിട്ട മൂന്നു മുറികളിൽക്കൂടുതലുള്ള വീടുകളാണ് ഭൂരിഭാഗവും. എന്നാൽ വാർപ്പു വീടുകൾ ധാരാളമായി നിർമ്മിയ്ക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഇന്നത്തെ ഭവനസങ്കല്പം തന്നെ വാർത്ത വീടുകൾ എന്നതാണ്. ഒന്നാം വാർഡിലും രണ്ടാം വാർഡിലും ഹൗസിംഗ് കോംപ്ലക്സുകൾ ഉണ്ട്. 12-ാം വാർഡിൽ വിപുലമായ സംവിധാനങ്ങളോടുകൂടി പണികൾ നടന്നുകൊണ്ടിരിക്കുന്നു. 4-ാം വാർഡിൽ ഈ ഹൗസിംഗ് മേഖല സജീവമാണ്. പുളിയറക്കോണം പ്രദേശത്ത് മധുവനപ്രാന്തങ്ങളിൽ കൂടുതൽ വീടുകൾ ഉണ്ടാകാൻ സാധ്യതയുണ്ട്. പലരും വീടുവയ്ക്കാൻ സ്ഥലങ്ങൾ വാങ്ങിക്കഴിഞ്ഞു. എന്നാൽ അവികസിതമായ മലയോരപ്രദേശങ്ങൾ ഇന്നും പാർപ്പിട പ്രശ്നത്തിന്റെ പിടിയിലാണ്. ഓടിട്ട മൂന്നു മുറികളും ഒരു അടുക്കളയും ഒരു കക്കൂസും ഉള്ള വീടുകൾ 11, 12, 8, 9 എന്നീ വാർഡുകളിൽ ന്യൂനപക്ഷമാണ്. ഓലക്കുടിലുകൾ, ചാണകം തേച്ച തറയും ചുവരും ഉള്ള കൊച്ചുവീടുകൾ ഇവയാണ് ഭൂരിഭാഗവും. ഏറ്റവും രൂക്ഷമായ ഭവനപ്രശ്നം പട്ടികജാതി പട്ടികവർഗ്ഗം, മറ്റു പിന്നോക്ക ജാതിക്കാർ എന്നിവരുടെ ഇടയിലാണ്. കൂലിവേലക്കാരായ ഇവർക്ക് വീടു വയ്ക്കാൻ എങ്ങനെ സാധിക്കും.

പ്രശ്നങ്ങൾ

1. ഭൂപരിഷ്ക്കരണ നിയമത്തിന്റെ ആനുകൂല്യം മൂലം ഭൂമിയുടെ ഉടമസ്ഥരായ അടിസ്ഥാനവർഗ്ഗത്തിനു ഭവനനിർമ്മാണത്തിനു ആവശ്യമായ വിഭവം സ്വരുക്കൂട്ടാനുള്ള കെല്പില്ലായ്മ.
2. ഭൂമിയിന്മേൽ ഭവനനിർമ്മാണ വായ്പ എടുത്താൽ തിരിച്ചടയ്ക്കാനുള്ള കഴിവില്ലായ്മ.
3. കെട്ടിട നിർമ്മാണ സാമഗ്രികളുടെ അനിയന്ത്രിതമായ വിലക്കൂടുതൽ.
4. ധനികരെ മാത്രം ലക്ഷ്യം വച്ചു പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങളുടെ അനാസ്ഥ.
5. വായ്പ ലഭ്യമാക്കാൻ നേരിടുന്ന അനാവശ്യ നടപടിക്രമങ്ങൾ.
6. പലർക്കും സ്വന്തമായി ഭൂമിയില്ലായ്മ.
7. വലിയ കൊട്ടാരതുല്യമായ കെട്ടിടങ്ങൾ നിർമ്മിച്ചു നിർമ്മാണവിഭവങ്ങൾ ഒരു സ്ഥലത്തു കൂഴിച്ചിടുന്നതു മൂലമുള്ള നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവ്.
8. അധികാരികൾക്ക് അടിസ്ഥാന വർഗത്തോടുള്ള അലംഭാവം.

പരിഹാരങ്ങൾ

1. ഓരോ കുടുംബത്തിനും 5 സെന്റ് ഭൂമിയെങ്കിലും ഉണ്ട് എന്നു ഉറപ്പുവരുത്തുക.
2. പഞ്ചായത്തുതലത്തിൽ വീടുകളുടെ ഒരു സർവ്വേ സന്നദ്ധപ്രവർത്തകരുടെ സഹായത്താൽ എടുക്കുക. അവർ നിശ്ചയിക്കുന്ന മുൻഗണനാപ്രകാരം പഞ്ചായത്തും സർക്കാരും ഭവനനിർമ്മാണ ഫണ്ട്, വായ്പാ സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുക. നീതിപൂർവ്വകവും പക്ഷപാതരഹിതവുമായ നിലപാടുകൊണ്ടു മാത്രമേ ഈ പ്രശ്നത്തിനു പരിഹാരമുണ്ടാവുകയുള്ളൂ.
3. ഈ പഞ്ചായത്തിൽ സർക്കാരിന്റെ കെട്ടിട നിർമ്മാണ സാമഗ്രികളുടെ നിയന്ത്രിത വിലയ്ക്കുള്ള ഒരു സ്ഥാപനം ഉണ്ടാവണം.
4. തദ്ദേശീയമായി കിട്ടുന്ന വിഭവങ്ങൾ ഉപയോഗിച്ച് പാർപ്പിടം നിർമ്മിക്കാനുള്ള പരിശീലനം സിദ്ധിച്ച

ആളുകൾ ഉണ്ടാവുക. പഞ്ചായത്തു തലത്തിൽ ചെറുപ്പക്കാർക്കു പരിശീലനം കൊടുക്കാൻ നിർമ്മിതി തുടങ്ങിയ ഈ രംഗത്തു പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സമീപിക്കുക.

5. ചെലവു കുറഞ്ഞ വീടുകളുടെ പ്രചാരം പഞ്ചായത്തു ഏറ്റെടുക്കുക. പഞ്ചായത്ത് അടിസ്ഥാനത്തിൽ മേസൻട്രി പരിശീലനം കൊടുക്കുക.

6. സർക്കാറിൽ നിന്നുള്ള ഇപ്പോഴുള്ള സൗജന്യ ഭവനവായ്പാ തുക വർധിപ്പിക്കുക.

7. ഓരോ വാർഡിലും 25 വീടുകൾ വീതം വർഷം തോറും നിർമിക്കുക.

8. ഏറ്റവും മുഖ്യമായത് സന്നദ്ധ പ്രവർത്തകർ, സാമൂഹ്യ സംഘടനകൾ, ലയൺസ് ക്ലബ്ബുകൾ, ബാങ്കുകൾ. ഇതര സ്ഥാപനങ്ങൾ, ഇൻജിനീയറിംഗ് കോളേജ്, മറ്റു സാങ്കേതിക സ്ഥാപന വിദ്യാർത്ഥികൾ, ഉദ്യോഗസ്ഥർ എന്നിവരെ യോജിപ്പിച്ചുകൊണ്ട് ഒരു ജനകീയ ഭവനപദ്ധതിയ്ക്കു തുടക്കം കുറിക്കുക. പാർപ്പിട രംഗത്തു പുതിയ പുതിയ സാധ്യതകൾ കണ്ടെത്താനുള്ള ഒരു വേദിയായി മാറും ഇത്തരം സംരംഭങ്ങൾ. ജനകീയമായ ഇടപെടലുകൾക്കേ രൂക്ഷമായ ഇത്തരം പ്രശ്നങ്ങൾ കൈകാര്യം ചെയ്യാനാകൂ. ഭവനസർവ്വേയിൽ കിട്ടുന്ന വിവരങ്ങൾ ഉപയോഗിച്ചു കൂടുതൽ കാര്യക്ഷമമായ ഇടപെടൽ ഉണ്ടാക്കാം.

9. 1000 സ്കൂ. അടിക്കു മുകളിലുള്ള വീടുകൾക്ക് നികുതിയിനത്തിൽ സർചാർജ് ഏർപ്പെടുത്തി പ്രത്യേകം അക്കൗണ്ടിലാക്കി ഭവനനിർമാണ ധനസഹായം നല്കാൻ കഴിയും.

10. വിവിധ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പാ സൗകര്യങ്ങൾ ഏർപ്പെടുത്താൻ ഒരു ഏജൻസിയെ കണ്ടെത്തുക. ഇത്തരം ഏജൻസികൾ ധാരാളം പ്രവർത്തിക്കുന്നുണ്ട്.

11. ഭവനവായ്പ കൊടുക്കുന്ന സ്ഥാപനങ്ങൾ വ്യവസ്ഥകൾ, സൗജന്യങ്ങൾ എന്നിവയെക്കുറിച്ചു പൊതുജനങ്ങൾക്കു അറിവു ലഭിക്കത്തക്ക വിശദവിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമാക്കുക.

12. നിയമം തെറ്റിച്ചുള്ള ഭവനനിർമ്മാണവും കെട്ടിട നിർമ്മാണവും കർശനമായി നിരോധിക്കണം.

13. നിലം നികത്തി കെട്ടിടം പണിയുന്നത് നിരോധിക്കുന്ന നിയമം കർക്കശമായി നടപ്പിലാക്കുക.

പിളപ്പിൽ ഗ്രാമപഞ്ചായത്ത്

ഭൂമി സംബന്ധിച്ച വിവരങ്ങൾ

ഇനം	വിസ്തീർണ്ണം
നിലം	234.5663 ഹെക്ടർ
പുരയിടം	1368 ഹെക്ടർ
കൃഷിയോഗ്യമല്ലാത്ത് തരിശ്	30 ഹെക്ടർ
ആകെ	1632.56.36

സംസ്കാരം

ഏതു ജനതയ്ക്കും പ്രദേശത്തിനും ഒരു സാംസ്കാരിക പശ്ചാത്തലം ഉണ്ടായിരിക്കും. വിളപ്പിൽശാല പഞ്ചായത്തിനും വളരെ ഉന്നതമായ ഒരു സാംസ്കാരിക പാരമ്പര്യമാണുള്ളത്. തിരുവിതാംകൂർ ചരിത്രവുമായി ബന്ധമുള്ള ഒരു പ്രദേശമാണ് വിളപ്പിൽ. ജാതിമത വൈരുദ്ധ്യങ്ങൾ നിലനിന്നിരുന്ന കാലം മുതൽ സാംസ്കാരികനായകന്മാരുടെ പ്രവർത്തനം ഇവിടെ ആരംഭിച്ചിരുന്നു. കലാ-കായിക-സാംസ്കാരിക മണ്ഡലങ്ങളിൽ വളരെയധികം സംഭാവനകൾ നൽകിയിട്ടുള്ള ധാരാളം ഹിന്ദു-മുസ്ലീം- കൃസ്ത്യൻ ആരാധനാലായങ്ങൾ ഈ പഞ്ചായത്തിനകത്തുണ്ട്. പഞ്ചായത്തിലെ ഏറ്റവും പഴക്കം ചെന്ന ക്ഷേത്രങ്ങളാണ് ചെറുതേരി മഹാദേവക്ഷേത്രം, വിളപ്പിൽശാല ശ്രീകണ്ഠശാസ്താക്ഷേത്രം, പുളിയറക്കോണം രാമേശ്വരം ക്ഷേത്രം. പിറയിൽ ശാസ്താക്ഷേത്രം എന്നിവ.

ക്രിസ്ത്യൻ സംസ്കാരത്തിന്റെ ആവിർഭാവം ഈ പ്രദേശത്ത് പല സാമൂഹ്യപരിവർത്തനത്തിനും കളമൊരുക്കി. പേയാട് സെന്റ് സേവ്യേഴ്സ് ദേവാലയമാണ് പഞ്ചായത്തിലെ ഏറ്റവും പഴക്കം ചെന്ന പള്ളി. പ്രസ്തുത ചർച്ചിന്റെ ഭാഗമായാണ് പഞ്ചായത്തിൽ ഒരു ഹൈസ്കൂൾ പ്രവർത്തനം ആരംഭിച്ചത്. കൂടാതെ വലതും ചെറുതുമായ ധാരാളം ക്രിസ്ത്യൻ ആരാധനാലയങ്ങൾ ഇന്ന് നിലവിലുണ്ട്. പഞ്ചായത്തിനുള്ളിലെ ഏറ്റവും പഴക്കംചെന്ന മോസ്ക് സ്ഥിതിചെയ്യുന്നത് ചൊവ്വള്ളൂർ വാർഡിലെ പടവൽകോട് എന്ന സ്ഥലത്താണ്.

നാടിന്റെ ശാപമായിരുന്ന ജാതിചിന്തയും മറ്റനാചാരങ്ങളും ഇവിടെന്നിന്ന് തുടച്ചുനീക്കുന്നതിനുതകുന്ന പ്രവർത്തനങ്ങൾ വളരെനാളുകൾക്ക് മുൻപാരംഭിച്ചിരുന്നു. ശ്രീ. അയ്യൻകാളിയുടെ നേതൃത്വത്തിൽ അയിത്തോച്ചാടനത്തിനും ഹരിജനങ്ങളുടെ പുനരധിവാസത്തിനും വേണ്ടിയുള്ള പ്രവർത്തനം നല്ലരീതിയിൽ ഈ പഞ്ചായത്ത് പ്രദേശത്ത് നടന്നിരുന്നു. ഇതിന്റെ ഫലമായി തിരുവിതാംകൂർ മഹാരാജാവിൽ നിന്നും കരമൊഴിവായി ഭൂമി ഈ വിഭാഗക്കാർക്ക് ദാനമായി കൊടുത്തു. തുടർന്നു അവരുടെ വിദ്യാഭ്യാസത്തിനും ബോധവൽക്കരണത്തിനുമായി ഊറ്റുകുഴി കേന്ദ്രമാക്കി ഒരു സേവാസദനം നിർമ്മിക്കുകയും പല സാമൂഹ്യ സാംസ്കാരിക നായകന്മാരെ കൊണ്ടു പ്രഭാഷണം നടത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പരിപാടികളിൽ പങ്കെടുത്തവരിൽ പ്രധാനപ്പെട്ടവരാണ് സർവ്വശ്രീ ഡോ. പൽപ്പു, ജസ്റ്റിസ് ഗോവിന്ദൻ, മുൻ സ്പീക്കർ റ്റി.റ്റി. കേശവൻ ശാസ്ത്രി, എ.ജെ. ജോൺ തുടങ്ങിയവർ. എൻ.എസ്.എസ്., എസ്.എൻ.ഡി.പി. എന്നീ സംഘടനകളുടെ പ്രവർത്തനം ഇക്കാലയളവിൽ പഞ്ചായത്തിനകത്താരംഭം കുറിച്ചിരുന്നു. ഇത്തരത്തിൽ സംഘടനകളുടെയും വ്യക്തികളുടെയും കൂട്ടായ പ്രവർത്തനം നാടിന്റെ സാംസ്കാരിക പുരോഗതിക്ക് ആക്കം കൂട്ടി.

ഗ്രന്ഥശാലകളുടെയും, പുരോഗമന പ്രസ്ഥാനങ്ങളുടെയും തുടക്കം സാംസ്കാരിക വിപ്ലവത്തിന് കളമൊരുക്കി. പേയാട് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന വിദ്യാപ്രബോധിനി ഗ്രാമീണ ഗ്രന്ഥശാല (1936) വിളപ്പിൽശാല യുവജനസമാജം ഗ്രന്ഥശാല പുളിയറക്കോണം ഗ്രാമോദ്ധാരണ ഗ്രന്ഥശാല, (1956) വിളപ്പിൽ ഹരിജൻ ലൈബ്രറി തുടങ്ങിയവയുടെ പ്രവർത്തനം വളരെ മുൻപ് തന്നെ ആരംഭിച്ചിരുന്നു. തുടർന്ന് വലതും ചെറുതുമായ ധാരാളം കലാസമിതികളും സ്പോർട്സ് ക്ലബുകളും ഇന്നാട്ടിൽ ഉദയം കൊണ്ടു.

വാർത്താമാധ്യമങ്ങളുടെ പ്രചാരം പഞ്ചായത്തിന്റെ സാംസ്കാരിക നിലവാരത്തെ മെച്ചപ്പെടുത്തി. ഇപ്പോൾ ഏറ്റവും കൂടുതൽ പ്രചാരത്തിലുള്ള വർത്തമാന പത്രങ്ങളാണ് മാതൃഭൂമി ദിനപ്പത്രം, മലയാളമനോരമ ദിനപ്പത്രം, കേരളകൗമുദി, ദേശാഭിമിനി എന്നിവ. പഞ്ചായത്തിനുള്ളിൽ 3 റേഡിയോ ക്യോസ്കുകൾ ഉണ്ട്. പക്ഷെ അവയുടെ പ്രവർത്തനം നിലച്ചമട്ടാണ്. മലയോര പ്രദേശങ്ങളിൽ വൈദ്യുതീകരിക്കാത്ത സ്ഥലങ്ങളിൽ റ്റി.വിയുടെ പ്രചാരം കുറവാണ്. വളരെയേറെ വികസനം നടക്കേണ്ട മേഖലയാണ് ടെലിഫോൺ. പഞ്ചായത്തിനുള്ളിൽ ടെലികോമിന്റെ പ്രവർത്തനം ആരംഭം കുറിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ ഒന്നാം വാർഡിൽ സ്ഥിതിചെയ്യുന്ന പ്രസിദ്ധമായ കുരിശുമുട്ടം സി.എസ്.ഐ. പള്ളി 100 വർഷം തികയുന്നു. പ്രസിദ്ധമായ പിറയിൽ ശ്രീധർമ്മശാസ്താക്ഷേത്രം ഈ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു. ഓഫീസ് വാർഡിൽ യുവസാരഥി, പാസ് എന്നീ കലാകായിക സാംസ്കാരിക സംഘടനകൾ നല്ലനിലിയിൽ പ്രവർത്തിക്കുന്നു. യുക്തിവാദിസംഘം, പുരോഗമന സാഹിത്യ സംഘം, കേരള ശാസ്ത്രസാഹിത്യ പരിഷത്ത് എന്നീ സംഘടനകൾ ഇവിടെ പ്രവർത്തിക്കുന്നു. പേയാട് ഉജ്ജിയിനി മഹാകാളി ക്ഷേത്രത്തിന്റെ അമ്മൻ കൊട ഉത്സവം പഞ്ചായത്തിന്റെ പ്രാദേശികോത്സവമായി കൊണ്ടാടുന്നു. ഉത്സവത്തോടനുബന്ധിച്ചു നടക്കുന്ന ചാട്ടയടി വളരെ പ്രസിദ്ധമാണ്.

രണ്ട് ദേവീക്ഷേത്രം, രണ്ടു കൃസ്ത്യൻ പള്ളികൾ എന്നിവ മൂന്നാമത്തെ വാർഡിലുണ്ട്. 4 മഹിളാ സംഘങ്ങൾ ഇവിടെ പ്രവർത്തിക്കുന്നു. വെള്ളൈക്കടവ് വാർഡിൽ ചല ച്ചിത്ര പ്രതിഭ ശ്രീ. മധുവിന്റെ ഉമാ സ്റ്റുഡിയോ പ്രവർത്തി ച്ചിരുന്നു. ഇപ്പോൾ അവിടെ ഏഷ്യാനെറ്റ് എന്ന ടെലിവി ഷൻ ശൃംഖല പ്രവർത്തിക്കുന്നു. മധുവനം എന്നറിയപ്പെ ടുന്ന സത്യസായിബാബവയുടെ ആശ്രമം ഇവിടെ സ്ഥിതി ചെയ്യുന്നു.

കാവിൻപുറത്തെ ദേശീയ കലാസമിതി വിള പ്പിൽശാല ഗ്രാമപഞ്ചായത്തിന്റെ വകയായി ആരംഭിക്കുന്ന കൊല്ലംകൊണത്തെ കരുണൻ മെമ്മോറിയൽ ഗ്രന്ഥശാല എന്നിവ നൂലിയോട് വാർഡിൽ സ്ഥിതി ചെയ്യുന്നു. പട്ടിക വർഗ്ഗ മേഖലയായ ചെറുകോടിൽ സ്ഥിതിചെയ്യുന്ന വിവേ കാനന്ദ ഗ്രന്ഥശാലയിൽ റ്റി.വി. ക്യോസ്ക് പ്രവർത്തി ക്കുന്നു. വളരെക്കാലത്തിനുമുൻപ് സ്ഥാപിച്ച ഹരിജൻ ലൈബ്രറി നിലമേൽ കോളനിയിൽ പ്രവർത്തിക്കുന്നു.

പഞ്ചായത്തിലെ പ്രശസ്തമായ മോസ്കും ദേവീ ക്ഷേത്രവും, നാലിലധികം ക്രീസ്തീയ ദേവാലയങ്ങളും ഉള്ള വാർഡാണ് ചൊവ്വള്ളൂർ. വിവിധ കലാകായിക സാംസ്കാരിക സംഘടനകൾ ഇവിടെ പ്രവർത്തിക്കുന്നു.

പ്രസിദ്ധമായ കുണ്ടാമുഴി ദേവീക്ഷേത്രം കാരോട് വാർഡിലാണ്. ഇവിടത്തെ ഉത്സവത്തോടനുബന്ധിച്ചു നട ക്കുന്ന ഘോഷയാത്ര വളരെ പ്രാധാന്യമുള്ളതാണ്. പഞ്ചാ യത്തിലെ ഏക സിനിമാ തീയേറ്റർ സ്ഥിതിചെയ്യുന്നത് വിള പ്പിൽശാല വാർഡിലാണ്. വിളപ്പിൽശാലയുടെ സാംസ്കാ രിക പ്രവർത്തനത്തിന് ധാരാളം സംഭാവനകൾ നല്കിയി ട്ടുള്ള യുജനസമാജം ഗ്രന്ഥശാല ഈ വാർഡിലാണ് പ്രവർത്തിക്കുന്നത്. പഞ്ചായത്തിലെ തന്നെ നല്ല നിലയിൽ പ്രവർത്തിക്കുന്ന ഈ ഗ്രന്ഥശാലക്കു സ്വന്തമായി സ്ഥലവും രണ്ടുനില കെട്ടിടവും. (റ്റി.വി. സെറ്റ്, ആർട്സ്-സ്പോർട്സ് ഉപകരണങ്ങളും 10000 ൽ അധികം പുസ്തകങ്ങളും ഉണ്ട്.

വളരെപ്പഴക്കമുള്ളതും, തച്ചുശാത്ര കലാമേന്മ തെളി യിക്കുന്നതുമായ ഒരു ക്ഷേത്രമാണ് ശ്രീകണ്ഠ ശാസ്താ ക്ഷേത്രം. വിളപ്പിൽ പഞ്ചായത്തിലെ പ്രധാനപ്പെട്ട ക്ഷേത്ര ങ്ങളിലൊന്നായ ഇത് വിളപ്പിൽശാല വാർഡിൽ സ്ഥിതി ചെയ്യുന്നു.

ചെറുതേരി ക്ഷേത്രം, ശാസ്താംപാറ ക്ഷേത്രം എന്നിവ ഉൾപ്പെടുന്നതും മഹിളാ സംഘങ്ങൾ, അംഗൻവാ ടികൾ എന്നിവ പ്രവർത്തിക്കുന്നതുമായ ഒരു വാർഡാണ് കരിവിലാഞ്ചി. പഞ്ചായത്തുവക റ്റി.വി. ക്യോസ്ക് ഈ വാർഡിൽ പ്രവർത്തിക്കുന്നു. ജനമഠം വേണുഗോപാല ക്ഷേത്രം സ്ഥിതിചെയ്യുന്നത് പുന്നത്താനം വാർഡിലാണ്. കൂടാതെ ഈ വാർഡിൽ ഒരു റ്റി.വി. ക്യോസ്കും പ്രവർത്തി ക്കുന്നുണ്ട്.

സാംസ്കാരിക രംഗത്തെ പ്രശ്നങ്ങളും നിർദ്ദേശ ങ്ങളും

1. പഞ്ചായത്തിന് സ്വന്തമായി ഒരു കളിസ്ഥലമില്ല. എന്നാൽ റവന്യു വക പുറംപോക്ക് കുന്നുംപാറ (വിളപ്പിൽശാല വാർഡ്) യിൽ 5 ഏക്കർ 39 സെന്റ് സ്ഥലമുള്ളത് പഞ്ചായത്തു സ്റ്റേഡിയത്തിനും, ഹൈസ്കൂളിനുമായി പതിച്ചുകിട്ടണമെന്ന് ആവശ്യ പ്പെട്ട നിവേദനങ്ങൾക്കുമേൽ യാതൊരു നടപടി യും ബന്ധപ്പെട്ട് അധികാരികൾ സ്വീകരിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത സ്ഥലം പഞ്ചായത്തിന് പതിച്ച് കൊടുത്തു പരിഹാരമുണ്ടാക്കേണ്ടതാണ്.

2 പഞ്ചായത്തിന് ഒരു നീന്തൽ കുളമില്ല. നീന്തൽ കായിക താരങ്ങളെ കണ്ടെത്താൻ കഴിയുന്ന ഈ പ്രദേശത്ത് ഇവർക്കാവശ്യാനുസരണം ഉപയോഗ യോഗ്യമായ രീതിയിൽ വിളപ്പിൽശാല ശ്രീകണ്ഠ ശാസ്താ ക്ഷേത്രത്തിനു സമീപമുള്ള കൊങ്ങപ്പ ള്ളിക്കുളം പരിഷ്കരിച്ചെടുക്കേണ്ടതാണ്.

3 പഞ്ചായത്തിനുള്ളിലെ അംഗീകാരമുള്ള ഗ്രന്ഥശാ ലകൾക്ക് സൗജന്യമായി പത്രമാസികൾ പഞ്ചാ യത്തു ഫണ്ട് ഉപയോഗിച്ച് വാങ്ങികൊടുക്കേണ്ട താണ്.

4 സൗകര്യപ്രദമായ സ്ഥലത്ത് ഒരു ചിൽഡ്രൻസ് പാർക്ക് സ്ഥാപിക്കേണ്ടതാണ്.

5 കർണ്ണൻ മെമ്മോറിയൽ ഗ്രന്ഥശാലക്കു ധനസ ഹായം നൽകേണ്ടതാണ്.

6 പട്ടികജാതി വികസനം ലക്ഷ്യമാക്കിട്ടുള്ള ഊറ്റു കുഴി സേവാസദനം അയ്യൻകാളി മെമ്മോറിയൽ സാംസ്കാരിക കേന്ദ്രമായി ഉയർത്തി പരിപാലിക്കേ ണ്ടതാണ്.

7 നിലമേൽ കോളനിയിൽ പ്രവർത്തിക്കുന്ന ഹരിജൻ ലൈബ്രറി നല്ല രീതിയിൽ പ്രവർത്തിക്കുന്നതിനാ വശ്യമായ ധനസഹായം ചെയ്യേണ്ടതാണ്.

8 പുളിയറക്കോണം ഗ്രാമോദ്ധാരണ ഗ്രന്ഥശാലവക 10 സെന്റ് സ്ഥലത്ത് ഷോപ്പിംഗ് കോംപ്ലക്സും ലൈബ്രറിയും നിർമ്മിക്കുന്നതിനാവശ്യമായ നടപ ടികൾ കൈക്കൊള്ളുക.

9 ചെറുതേരി ക്ഷേത്രത്തിന് സമീപമുള്ള പഞ്ചായത്തു വക 3 സെന്റ് സ്ഥലത്ത് ഒരു അംഗൻവാടി സ്ഥാപി ക്കുക

10 വിട്ടിയം പൗരസമിതിയുടെ പേരിലുള്ള ഒരു സെന്റ് സ്ഥലത്ത് ഒരു വായനശാല സ്ഥാപിക്കുക.

11 പഞ്ചായത്തിലെ എല്ലാ വായനശാലകൾക്കും ഗ്രന്ഥ ശാലകൾക്കും വൈദ്യുതി പഞ്ചായത്തിന്റെ വക യായി സൗജന്യമായി നൽകുക

12 പരുത്തൻപാറകോളനിയിൽ ഒരു ഗ്രന്ഥശാലയും റ്റി.വി. ക്യോസ്കും സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക.

13 ടെലിഫോൺ മേഖലയുടെ വികസനത്തിനായി പഞ്ചായത്തിൽ ഒരു ടെലിഫോൺ എക്സ്ചേഞ്ച് അനുവദിക്കുക

14 വിനോദസഞ്ചാര ഭൂപടത്തിൽ ഉൾപ്പെടുത്താൻ പറ്റുന്ന മനോഹരമായ സ്ഥലങ്ങളായ കൂട്ടുംവാതിലും, അരുവിപ്പുറം, തുലാപ്പാറ, കണികാണുംപാറ, കടമ്പൂപ്പാറ, കോവിൽകടവ് എന്നീ സ്ഥലങ്ങളെ വികസിപ്പിക്കുക.

15 സാഹിത്യകാരന്മാരുടെ പ്രോത്സാഹനാർത്ഥം പഞ്ചായത്തിൽ ഒരു സാഹിത്യം സമിതിക്കു രൂപം കൊടുക്കുക. പുസ്തക പ്രസാധനത്തിനുള്ള സഹായം പഞ്ചായത്ത് ചെയ്യേണ്ടതാണ്.

16 ഡാർവിൻ മെമ്മോറിയൽ ഫുട്ട്ബാൾ ടൂർണമെന്റ് പുനരാരംഭിക്കുക. ഈ ജില്ലയിലുള്ള പഞ്ചായത്തുതല സ്പോർട്ട്സ് ക്ലബ്ബുകൾ തമ്മിലുള്ള മത്സരങ്ങൾ പഞ്ചായത്തിന്റെ ഉത്തരവാദിത്തത്തിൽ നടത്തുക.

17 പഞ്ചായത്തുതല കലാകായിക മത്സരങ്ങൾ, ഓണാഘോഷത്തോടനുബന്ധിച്ച് നടത്തുകയും പാരമ്പര്യ കലകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

പട്ടിക I

നിലവിലുള്ള ഗ്രന്ഥശാലകൾ, വായനശാലകൾ

ക്രമ നമ്പർ	പേരും മേൽവിലാസവും	സ്ഥാപിച്ച വർഷം	കെട്ടിട വിവരം	അംഗ സംഖ്യ	പുസ്തകങ്ങളുടെ എണ്ണം	ധന സഹായം	ഗ്രേഡ്	മറ്റു പ്രവർത്തനങ്ങൾ
1	2	3	4	5	6	7	8	9
1.	ഗ്രാമോദ്ധാരണഗ്രന്ഥശാല പുളിയറക്കോണം	100 ലധികം വർഷം	10 സെ. സ്ഥലം പഴയ കെട്ടിടം	1200	5000	ഗ്രന്ഥശാല ഗ്രാന്റ്	C	
2.	യുവജനസമാജം ഗ്രന്ഥശാല വിളപ്പിൽശാല	1956	2 സെന്റ് സ്ഥലം രണ്ടുനില കെട്ടിടം	1500	7500	ഗ്രന്ഥശാല ഗ്രാന്റ്	B	
3.	ജനകീയ ഗ്രന്ഥശാല മുക്കംപാലമൂട്	1960	സ്ഥലവും കെട്ടിടവും	1000	5000	ഗ്രന്ഥശാല ഗ്രാന്റ്	C	
4.	ഹരിജൻ ലൈബ്രറി കാരോട്, വിളപ്പിൽശാല	1957	കെട്ടിടമില്ല	–	750	പട്ടികജാതി വികസനത്തിനായിയുള്ള ധനസഹായം		
5.	വയലാർ സ്മാരക ഗ്രന്ഥശാല വെള്ളെക്കടവ്	1987	–	250	1000	ഗ്രന്ഥശാല ഗ്രാന്റ്	F	
6.	ദേശീയ ഗ്രന്ഥശാല കാവിൻപുറം	1990	സ്ഥലവും കെട്ടിടവും	200	1000	അഫിലിയേഷൻ ലഭിച്ചിട്ടില്ല		
7.	വിവേകാനന്ദ ഗ്രന്ഥശാല ചെറുകോട്	1994	സ്ഥലവും കെട്ടിടവും	പ്രവർത്തനം തുടങ്ങി വരുന്നതേയുള്ളു				
8.	കരുണൻ മെമ്മോറിയൽ ലൈബ്രറി കൊല്ലംകോണം	1994	സ്ഥലവും കെട്ടിടവും	പഞ്ചായത്തു വകയാണ് പ്രവർത്തനം നടക്കുന്നില്ല				

പട്ടിക I A

നിലവിലുള്ള ആർട്ട്സ് & സ്പോർട്ട്സ് ക്ലബുകൾ

ക്രമ നമ്പർ	പേരും മേൽവിലാസവും	സ്ഥാപിച്ച വർഷം	അംഗങ്ങൾ	കെട്ടിട വിവരം	അഫിലിയേഷൻ വിവരം	മറ്റ് വിവരങ്ങൾ
1	2	3	4	5	6	7
1.	ലാൽ കലാകാർ പേയാട്					മിമിക്രി തുടങ്ങിയ കലാപരിപാടികൾ
2.	ആർട്ട്സ് & സ്സേർട്ട്സ് ക്ലബ് ചിലപ്പാറ					നാടകം, പെയിന്റിംഗ്
3.	ദേശീയ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്, കാവിൻപുറം					വാർഷികാഘോഷങ്ങൾ
4.	വയലാർ സ്മാരക ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്, വെള്ളെക്കടവ്					
5.	മുദ്ര ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് ചെക്കിട്ടപ്പാറ	1993	15	ഇല്ല	ഇല്ല	വാർഷികാഘോഷങ്ങൾ നടത്തുന്നു.
6.	മാതൃഭൂമി സ്റ്റഡി സർക്കിൾ വടക്കേ ജംഗ്ഷൻ, വിളപ്പിൽശാല					അത്തപ്പൂ ആഘോഷം
7.	ബ്ളൂഹാമർ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്, വിളപ്പിൽശാല					ഇപ്പോൾ പ്രവർത്തനമില്ല
8.	ചിന്ത ആർട്ട്സ് & സ്പോർട്ടസ് ക്ലബ്, മൂളയറ					ഇപ്പോൾ പ്രവർത്തനമില്ല
9.	യുവസാരഥി, പേയാട് (ഭാസ്ക്കരപിള്ള നഗർ)					
10.	ഫ്രണ്ട്സ് അസോസിയേഷൻ പുന്നശ്ശേരി, വിളപ്പിൽശാല രജി: 640/95	1995	25	ഇല്ല		യുവജനക്ഷേമം

വിഭവസമാഹരണം

ഏതു വികസന പ്രവർത്തനത്തിനും അവശ്യം വേണ്ട ഒന്നാണല്ലോ വിഭവ സമാഹരണം. വിഭവങ്ങൾ ഇല്ല എങ്കിൽ എല്ലാ പദ്ധതികളും കടലാസു പദ്ധതികൾ ആവുകയേ ഉള്ളൂ.

വിഭവങ്ങൾ മൂന്നു വിധം:

1. മനുഷ്യവിഭവം (Human Resource)
2. പ്രകൃതി വിഭവം
3 രണ്ടു വിഭവങ്ങളും ചേർന്നുണ്ടാകുന്ന മനുഷ്യ നിർമ്മിത വിഭവങ്ങൾ

ഈ മൂന്നു വിഭവങ്ങളേയും സമഗ്രമായി പരിപോഷിപ്പിച്ചും ചൂഷണം ചെയ്തും മാത്രമേ ഒരു സമൂഹത്തിനു വളരാനാകൂ. വിളപ്പിൽ പഞ്ചായത്തിനെ സംബന്ധിച്ച് ഈ മൂന്നു വിഭവങ്ങളുടേയും അഭാവം ശ്രദ്ധേയമാണ്.

1. വിദ്യാഭ്യാസം സിദ്ധിച്ച ധാരാളം പേർ ഉണ്ട് എങ്കിലും സാങ്കേതിക പരിജ്ഞാനം ലഭിച്ചവർ കുറവാണ്. ഇൻജിനീയറിംഗ് ഗ്രാജ്വേറ്റുകൾ കൈവിരലിൽ എണ്ണാവുന്നവർ മാത്രം. മെഡിക്കൽ വിദ്യാഭ്യാസം കിട്ടിയവർ തുലോം വിരളം. എന്നാൽ കൈത്തൊഴിൽ, കര കൗശലപ്പണികൾ, നല്ല കർഷകർ എന്നിവർ നമുക്കുണ്ട്. എന്നാൽ വ്യാവസായിക താല്പര്യം ഉള്ളവർ കുറവ്. അതിനുള്ള പരിശീലനം സിദ്ധിച്ചവർ വളരെ പരിമിതം.

പ്രകൃതി കനിഞ്ഞു നൽകിയ ഒരു പ്രദേശമാണ് വിളപ്പിൽ പഞ്ചായത്ത്. നല്ല മണ്ണ്, നീരോട്ടമുള്ള താഴ്വാരങ്ങൾ, പാറക്കെട്ടുകൾ. മണൽ എന്നിവ ഭവന നിർമ്മാണത്തിനു ഉപയോഗിക്കാം. എന്തിനേറെ വൈദ്യുതി പോലും നമ്മുടെ പഞ്ചായത്തിൽ പല ഭാഗങ്ങളിലും ഭൂഗർഭനിക്ഷേപമായി കിടപ്പുണ്ട്. ശാസ്ത്രീയമായ ചൂഷണം കൊണ്ട് നല്ല വരുമാനമുണ്ടാക്കാം. ഇഷ്ടികയ്ക്ക് ആവശ്യമായ നല്ല പശ മണ്ണ്. ധാരാളം കൃഷിയോഗ്യമായ പ്രദേശങ്ങൾ. എന്നാൽ ഇവയെ വേണ്ടവണ്ണം നമുക്കു ഉപയോഗിക്കാൻ കഴിയുന്നില്ല.

മൂന്നാമത്തെ വിഭവമായ റോഡ്, വാഹനങ്ങൾ ഗതാഗതസൗകര്യം ടെലിഫോൺ, ബാങ്ക്, സ്കൂൾ ആശുപത്രി തുടങ്ങിയ സേവന മേഖലകൾക്കും ഈ പ്രദേശം അന്യമല്ല. ഈ പ്രദേശത്തിന്റെ വികസ പ്രവർത്തനങ്ങൾക്കുള്ളവ അനിവാര്യമാണ്. പക്ഷെ ഒരു വലിയ കുറവ് ഈ മേഖലയിൽ ഈ പഞ്ചായത്തിനുണ്ട്. ധനാഗമ മാർഗ്ഗങ്ങൾ ഭരണച്ചെലവു കഴിഞ്ഞാൽ ബാക്കിയുണ്ടാവില്ല വരുമാനം എന്നതാണ് ഇവിടത്തെ സമസ്യ. ഇതുതരണം ചെയ്താൽ മാത്രമേ വികസനപ്രവർത്തനങ്ങൾ ഏറ്റെടുക്കാനാവൂ.

വിഭവ സമാഹരണത്തിനുള്ള ചില നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. റവന്യൂ പുറംപോക്കുകൾ ഈ പഞ്ചായത്തിനു കൈമാറാൻ റവന്യൂ വകുപ്പ് തയ്യാറാകുന്നില്ല. അവ അടിയന്തിരമായി പഞ്ചായത്തിനു വിട്ടുകിട്ടണം.

2 അനധികൃതമായും അല്ലാതേയും മണലൂറ്റു നടക്കുന്നുണ്ട്. ഇത് ഇവിടത്തെ പരിസ്ഥിതിയെ സാരമായി ബാധിക്കുന്നുണ്ട്. എന്നാൽ ഇതിൽ നിന്നുള്ള വരുമാനം പഞ്ചായാത്തിനു ലഭ്യമല്ല. അതിനാൽ മണൽ ലേലം ഗ്രാമ പഞ്ചായത്തിനു വിട്ടുകിട്ടണം.

3 13 കുളങ്ങൾ ഇപ്പോൾ നിലവിലുണ്ട്. ഈ കുളങ്ങൾ മത്സ്യകൃഷിക്കു കൊടുത്തും കരകൾ പുൽകൃഷിക്കു കൊടുത്തും (കുറെ ഭാഗം ഇപ്പോൾ കൊടുത്തിട്ടുണ്ട്) വരുമാനമുണ്ടാക്കാം.

4 വിളപ്പിൽശാല പബ്ലിക് മാർക്കറ്റിൽ നിന്നും വർഷം 75000 രൂപ ലേലത്തുകയായി ലഭിക്കുന്നു.

5 മൂങ്ങോട് ഒരു പബ്ലിക് മാർക്കറ്റ് ഉണ്ടാക്കിയാൽ പഞ്ചായത്തിനു ലാഭമുണ്ടാക്കാം

6 വിളപ്പിൽശാലയിലെ ഷോപ്പിംഗ് കോംപ്ലക്സിന്റെ വാടകയിനത്തിൽ മാസം 2000 രൂപ കിട്ടുന്നുണ്ട്.

7 പേയാട് പഞ്ചായത്ത് ഓഫീസിനോടു തൊട്ടു പണി പൂർത്തിയാക്കി ഇന്നേക്കു 15 മാസത്തോളമായി 4 കടമുറികളുള്ള ഒരു ഷോപ്പിംഗ് കോപ്ലക്സ് ഇതുവരെ ലേലം ചെയ്യാൻ കഴിഞ്ഞിട്ടില്ല. അതിനു ആവശ്യമായ ബൈലാ അംഗീകരിച്ചു കിട്ടാത്തതാണ് കാരണമായി പറയുന്നത്. ഭീമമായ തുക പഞ്ചായത്ത് ലോണിനത്തിൽ തിരിച്ചടയ്ക്കുന്നുണ്ട്. അങ്ങനെ വലിയ നഷ്ടമാണ് പഞ്ചായത്തു അനുഭവിക്കുന്നത്. അതിനു ഉടൻ പരിഹാരം ഉണ്ടാകണം. 2000 രൂപയോളം വാടകയും 1,20,000 ത്തോളം രൂപ അഡ്വാൻസും കിട്ടാൻ സാധ്യതയുള്ളതാണ് പ്രസ്തുത കോംപ്ലക്സ്.

8 ശിശുമന്ദിരം ഇലക്ട്രിസിറ്റി ഓഫീസിനു വാടകയ്ക്കു കൊടുത്താൽ പ്രതിമാസം 2500 രൂപ വാടകയിനത്തിൽ ലഭിക്കും.

9 കെട്ടിടനികുതി കുത്തകപ്പാട്ടം വൃക്ഷങ്ങളുടെ ലേലം എന്നിവ ധനാഗമമാർഗങ്ങളാണ്.

10 പരസ്യബോർഡുകൾ ഈ പഞ്ചായത്തിൽ ധാരാളം പ്രത്യക്ഷപ്പെടുന്നുണ്ട്. ഇനിയും വർധിക്കാൻ സാധ്യതയുള്ള പ്രദേശമാണ്. അവയ്ക്ക് കരം ഏർപ്പെടുത്തുക.

11 സ്റ്റാമ്പു ഡ്യൂട്ടിയിനത്തിൽ കിട്ടേണ്ട തുക കൃത്യമായി കിട്ടാനുള്ള നടപടികൾ ഉണ്ടാകണം.

12 ഇലക്ട്രിസിറ്റി ബോർഡ് കത്താത്ത വിളക്കുകൾക്കും ചാർജ് ഈടാക്കുന്നതു നിർത്തിവയ്ക്കണം.

13 വികസന പ്രവർത്തനങ്ങൾ കുറവും ദാരിദ്രരേഖയ്ക്കു താഴെക്കഴിയുന്ന ജനങ്ങൾ കൂടുതലുമുള്ള ചൊവ്വൂർ വാർഡിനെ പേയാട് എസ്.ബി.റ്റി. ദത്തെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

14. നികുതി കുടിശ്ശിക യഥാസമയം പിരിക്കുക.

15. പഞ്ചായത്തിന്റെ വികസന കാര്യങ്ങൾക്കായി തനതു മനുഷ്യവിഭവശേഷിയെ ഉപയോഗിക്കാനുള്ള ഒരു കർമ്മപദ്ധതിക്കു പഞ്ചാത്തു രൂപം കൊടുക്കേണ്ടതാണ് വ്യത്യസ്ത തുറകളിൽ വൈദഗ്ദ്ധ്യമുള്ളവരുടെ ഒരു പട്ടികയുണ്ടാക്കി അവരുടെ സേവനം ഉറപ്പുവരുത്താം അതനുവേണ്ടി ഒരു ഹ്യൂമൻ റിസോർസ് സർവ്വേ നടത്തുക.

16. ഗൾഫിൽ ജോലി ചെയ്യുന്ന ഈ പഞ്ചായത്തലെ വ്യക്തികളെ കൂട്ടി യോജിപ്പിച്ചുകൊണ്ട് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുക.

17. വാഹന നികുതി വിഹിതത്തന്റെ പരിധി ഉയർത്തുക. അത് യഥാസമയം ലഭ്യമാക്കുക.

18. സർക്കരിൽ നിന്നും കിട്ടേണ്ട ഫണ്ടുകൾ യഥാസമയം ലഭ്യമാക്കുക.

19. ഭരണച്ചെലവു നിയന്ത്രിക്കുക.

20. ഏറ്റെടുത്ത പദ്ധതികൾ യഥാസമയം ചെയ്തു തീർക്കുക.

21. ഏറ്റവും ഫലപ്രദവും കൂടുതൽ പേർക്ക് പ്രയോജനകരവുമായ പദ്ധതികൾ മുൻഗണനാ ക്രമത്തൽ നിശ്ചയിച്ച് അതാതു പ്രദേശങ്ങളിൽ ലഭ്യമായ മനുഷ്യവിഭവവും പ്രകൃതി വിഭവവും കൂട്ടിയോജിപ്പിച്ചു ഏറ്റവും ലാഭകരമായി ചെയ്തു അനാവശ്യച്ചെലവുകൾ വളരെയധികം കുറയ്ക്കാം.

കൃഷി, ജലസേചനം

കേരളം എന്ന ഹരിത കേദാരത്തിലെ ഒരു ലതാനികുഞ്ജമാണ് ഞങ്ങളുടെ ഗ്രാമം. നിമ്നോന്നതങ്ങളുടെ ചുടുംകുളിരും ഒരു പോലെ നുകർന്നു സഹ്യസാനുക്കളിൽ നിന്നും അറബിക്കടിലിൽ നിന്നും മാറിമാറി വീശുന്ന കാറ്റിൻ കുളിർത്ത നീരവസാനുക്കളാൽ അനുഗൃഹീതം. പക്ഷെ പ്രകൃതി വരദാനങ്ങൾ സ്വാർത്ഥതയുടെ തീമോഹങ്ങളിൽ കരിയുന്ന സമീപകാലക്കാഴ്ച നമ്മെ വേദനിപ്പിക്കുന്നു. നഗരത്തിന്റെ കാട്ടുതീ ഗ്രാമത്തിന്റെ ചിറകുകളേയും കരിച്ചു തുടങ്ങി. ആകശമേ അതിര് എന്ന ഭാവത്തിൽ ഹൗസിംഗ് കോളനികൾ വിദേശമലായളികൾക്കു വേണ്ടി ഉയരുമ്പോൾ മറ്റൊരു വശത്തുപുത്തനെടുപ്പുകൾ അടുപ്പുകൾ പോലെ കൃഷിയിടങ്ങളെ കയ്യേറിത്തുടങ്ങി.

ഈ ഗ്രാമത്തിനു ഇരട്ടമുഖമാണ്. നഷ്ടമായിക്കൊണ്ടിരിക്കുന്ന ഗ്രാമത്തനിമ നിലനിർത്താനുള്ള ആഗ്രഹം, എന്നാൽ നഗരത്തിന്റെ പരിഷ്കാരവും പ്രൗഡിയും സ്വന്തമാക്കാനുള്ള അടങ്ങാത്ത ദാഹവും. അതിനാൽ തോടു നികത്തി ഞങ്ങൾ റോഡുകളുണ്ടാക്കുന്നു. നിലംനികത്തി ഞങ്ങൾ വീടുണ്ടാക്കുന്നു. ഇനി കുളം നികത്തി ക്രിക്കറ്റ് കോർട്ടുണ്ടാക്കിയാൽ ഞങ്ങൾ അതും സ്വാഗതം ചെയ്യും. പാടശേഖരങ്ങൾ ഇന്നു പഞ്ചായത്തു ഭൂപടത്തിൽ മാത്രം. അനുക്ഷണ വികസ്വരമായ തിരുവനന്തപുരം പട്ടണത്തിന്റെ തെക്കിനിപോലെ നഗര വികസനപരിധിയിൽ തളച്ചിട്ടിരിക്കുന്ന ഈ പഞ്ചായത്തിലേയ്ക്ക് ചേക്കേറുന്ന നഗരവാസികളുടെ എണ്ണം ഭീമാമാംവണ്ണം വർധിച്ചുകൊണ്ടിരിക്കുന്നു. കേരളത്തിന്റെ എല്ലാ ജില്ലകളിൽ നിന്നും അതു പോലെ കന്യാകുമാരി, തിരുനെൽവേലി എന്നീ തമിഴ്നാട് ജില്ലകളിൽ നിന്നും എത്തിയവർ ഇവിടെ ഇടകലർന്നു ജീവിക്കുന്ന ഈ പഞ്ചായത്തിന്റെ ആസ്ഥാനമായ പേയാട് ഒരു പട്ടണപ്പരിഷ്കാരിയാണ്. സിറ്റി ബസ്സിന്റെ കൈകൾ ഈ പ്രദേശത്തിന്റെ നല്ലൊരു ഭാഗവും ചുറ്റിപ്പിടിച്ചിരിക്കുന്നു. ഈ പ്രത്യേക പശ്ചാത്തലത്തിൽ വേണം ഒരു കാർഷിക ഗ്രാമത്തിന്റെ പരിവേഷം ഇനിയും വിട്ടുമാറാത്ത ഈ പ്രദേശത്തിന്റെ പ്രഥമ മേഖലയെ വിലയിരുത്താൻ.

അന്നംബ്രഹ്മമാണെന്നും അന്നോല്പാദനം ഏറ്റവും വലിയ പുണ്യകർമ്മമെന്നും കരുതിയ കാലം ഏന്നേ കടന്നുപോയിരിക്കുന്നു. എങ്കിലെന്ത് നാണ്യവിളകൾ കാറ്റിലാടി നിൽക്കുമ്പോൾ നമ്മുടെ മനസ്സു കുളിർക്കുന്നു. 2340 ഹെക്ടർ നെല്പാടം ഇപ്പോൾ വെറും 15 ഹെക്ടറിൽ പകച്ചു നിൽക്കുന്നു. എന്നാൽ റബ്ബർ, തെങ്ങ് എന്നീ നാണ്യവിളകൾ കൂടുകയും ചെയ്യുന്നു. അപ്പോൾ നെല്ലിനെ ആക്രമിക്കുന്നതു ചാഴിയല്ല, നാണ്യവിളകളെന്നതല്ലേ സത്യം. 300 ഹെക്ടർ റബ്ബർ. 1076 ഹെക്ടർ തെങ്ങ് 125 ഹെക്ടർ വാഴ–ഇത്രയുമാകുമ്പോൾ നമ്മുടെ കാർഷിക ഭൂപടത്തിന്റെ അതിരുകളായി. ഉള്ളിൽ തീരെ ഒതുങ്ങിപ്പോയ 55 ഹെക്ടർ മരച്ചീനി 10 ഹെക്ടർ കുരുമുളക് , 25 ഹെക്ടർ പയർവർഗ്ഗങ്ങൾ, പിന്നെ 15 ഹെക്ടർ പച്ചക്കറി – ഇപ്പോൾ ചിത്രം പൂർത്തിയായി. മൊത്തം 2137 ഹെക്ടർ കൃഷി യോഗ്യമായ മണ്ണിൽ ഉത്പാദനം വെറും 245 ഹെക്ടറിൽ. മലയാളിയുടെ നാക്കിലയിലെ പ്രധാന വിഭവമായ ചോറിനു ആവശ്യമായ അരിയുല്പാദനം എത്രയെന്നോ? വെറും 30 ടൺ. അതായത് 30000 പേരുള്ള ഈ പഞ്ചായത്തിലെ ഒരാൾക്കു ഒരു വർഷത്തേക്ക് ആവശ്യമായ അരിയിൽ 1 കിലോ മാത്രമാണ് സ്വന്തമായി ഉല്പാദിപ്പിക്കുന്നത്. ആരേയും കണ്ണു തുറപ്പിക്കാൻ പോന്ന ഒരു ചിത്രമാണ് ഇത്. മരച്ചീനിയുടെ കാര്യമോ? ഒരു കാലത്ത് വിവിധയിനം മരച്ചീനികൾ ഈ ചരിവുതലങ്ങളിൽ പച്ച വിരിച്ചിരുന്നു. ഇന്ന് വെറും 55 ഹെക്ടറിൽ അന്യനെപ്പോലെ പകച്ചുനിൽക്കുന്ന കാഴ്ച ദയനീയമാണ്.

വിളകളുടെ ഒരു സുവർണ്ണകാലം നമുക്കുണ്ടായിരുന്നു. വൈവിധ്യമാർന്ന ഭക്ഷ്യവിളകൾ ഇടകലർന്നു ഇടയാതെ വളർന്നു ഉഴുന്ന്, പയറ്, ചെറുപയറ്, മുതിര (കാണം) നിലക്കടല, തുവര, എള്ള്, ചാമ, തിന, ഇറുങ്ങ്, പെരുംപയറ്, വെള്ളപ്പയറ്, കൊഴിഞ്ഞിൽ എന്നിവ സമൃദ്ധമായ മരച്ചീനിയുടെ ഇടവിളയായി വളർന്നു. മുക്കിഴങ്ങ്, നനകിഴങ്ങ്, ചെറുകിഴങ്ങ്, ചെറുവള്ളിക്കിഴങ്ങ്, കാച്ചിൽ, നൂറാൻ, കാട്ടുകാച്ചിൽ വിളക്കാച്ചിൽ, ആനമൂറ, മണ്ടേക്കാച്ചിൽ, ചീവക്കിഴങ്ങ്, കൂവക്കിഴങ്ങ്, ചീനിക്കിഴങ്ങ്, (മധുരക്കിഴങ്ങ്) എന്നീ കിഴങ്ങു വർഗ്ഗങ്ങളും, കാട്ടുമുന്തിരി, ഞാറപ്പഴം, കൊറണ്ടിപ്പഴം, പൂവണം, കാരപ്പഴം, മുള്ളൻപഴം, പൂച്ചെടിപ്പഴം, തെറ്റിപ്പഴം, കദളിപ്പഴം, ഞാവൽപ്പഴം, ശീമനെല്ലി, കാട്ടുനെല്ലി, ജാമ്പയ്ക്ക, ബോയ്ക്കാ, ആത്തിക്ക, പുളിഞ്ചിക്ക തുടങ്ങി എത്രയോ കാട്ടുപഴങ്ങൾ, വിവിധയിനം നാടൻ മാമ്പഴങ്ങൾ, ചക്കപ്പഴം എന്നിവകൊണ്ടു സമൃദ്ധമായിരുന്നു നാട്ടിൻപുറങ്ങൾ. ഈ ഗ്രാമത്തിന്റെ നന്മപോലെ കൊച്ചുകൊച്ചു നീരുറവകളും ചാലുകളും തോടു

കളും കുളങ്ങളും കൊണ്ട് നീരാദ്രമായ താഴ്വരകൾ നെൽച്ചെടികളുടെ നൃത്തവേദികളായിരുന്നു. വാങ്ക്, രാജാമണി, തൂളുനാടൻ, കറുകച്ചമ്പാവ്, ചെറുമണിച്ചെമ്പാവ്, കിഴക്കൻ വെള്ള തുടങ്ങി എത്രയോ ഈടുള്ള വിത്തിനങ്ങളിൽ സുരക്ഷിതമായിരുന്നു നമ്മുടെ പാരമ്പര്യ നെൽക്കൃഷിമേഖല. കേരകൃഷി അഭിവൃദ്ധിപ്പെടുന്നു എങ്കിലും റബ്ബറിന്റെ മോഹവലയത്തിൽപ്പെട്ടു അതും നശിച്ചുപോയേക്കാം.

പച്ചക്കറിയുടെ കാര്യത്തിൽ നമ്മുടെ പ്രദേശം ആശ്രയിക്കുന്നത് നാഞ്ചിനാടൻ വയലുകളിൽ തമിഴ്ച്ചുവയിൽ വളരുന്ന അമിത രാസവളകീടനാശിനി പോഷിതങ്ങളായ ഉൽപ്പന്നങ്ങളെയാണ്. മുറിച്ചുകച്ചത്തി മാറ്റുന്നതിനുമുമ്പു വാടുന്ന വെള്ളരിക്കയും മത്തനും, നീരു വീർത്ത കണം കൈപോലെ അമോണിയാ നേന്ത്രക്കായും നമ്മുടെ സദ്യ വട്ടങ്ങളിൽ വിഭവങ്ങളാകുന്നു. വിളമ്പാനുള്ള നാക്കില ചാലച്ചരക്കായി മുഹൂർത്തപ്പുരയിൽ എത്തുന്നു.

പടിഞ്ഞാറുഭാഗം കരമനയാറും മറ്റുഭാഗങ്ങളിൽ ഏകദേശം 33300 മീറ്റർ തോടുകളും ഈ പ്രദേശത്തിന്റെ ജലസമ്പത്താണ്. ഇതിൽ പ്രധാനപ്പെട്ടവ കാരോട് വിട്ടിയം തോട്, ചൊവ്വല്ലൂർതോട്, ചൊവ്വല്ലൂർ മീനംപള്ളിത്തോട് എന്നിവയാണ്. ജലസംഭരണികൾ ചെറുതും വലുതുമായി 15 എണ്ണവും അനേകം നീർച്ചാലുകളും നീർക്കുഴികളും ഈ പ്രദേശത്തെ നീരവമാക്കുന്നു.

കൃഷിക്ക് അനുയോജ്യമായ മണ്ണാണ് ഇവിടെ. മണൽ കലർന്ന എക്കൽ മണ്ണ് വാഴ, പച്ചക്കറി എന്നിവയ്ക്കു വളരെ ഉത്തമമാണ്. പക്ഷെ അമിതമായ രാസവള പ്രയോഗത്തിന്റെ ഫലമായി മണ്ണു മരിച്ചുപോയിരിക്കുന്നു. മണ്ണിരകൾ, തവള, കുഞ്ഞുമീനുകൾ, നത്തക്ക, ഞണ്ട്, മുതലായവ സമൃദ്ധമായ വയലുകൾ ഒരു കാലത്തുണ്ടായിരുന്നു. ഇന്ന് അവ നശിച്ചുപോയിരിക്കുന്നു. ഇവയെ പുനസ്ഥാപിച്ചാൽ മാത്രമേ ശരിയായ മണ്ണു സംരക്ഷണമാവുകയുള്ളു. മണ്ണൊലിപ്പ് ഇവിടെ പ്രത്യാഘാതപരമായ തോതിൽ വർധിച്ചിരിക്കുന്നു. കുന്നുകളും ചരിവുകളും ഇവയുടെ അനുപാത വ്യത്യാസത്തിൽ പഞ്ചായത്തിന്റെ ഏറിയ ഭാഗവും കൈയടക്കുമ്പോൾ ഒന്നും രണ്ടും വാർഡുകൾ മാത്രമേ മണ്ണൊലിപ്പു ഭീഷണിയിൽ നിന്നു മുക്തമായിട്ടുള്ളു. മണ്ണൊലിപ്പു തടയാൻ ഇതുവരെ അനുവർത്തിച്ചിട്ടുള്ള രീതി കല്ലടുക്കുകളാണ്. വൃക്ഷങ്ങൾ പുല്ലുകൾ എന്നിവ വച്ചുപിടിപ്പിച്ച് പ്രകൃത്യായുള്ള മണ്ണുസംരക്ഷണം ഉണ്ടാകണം.

കൃഷിപ്പണിക്കാരെ കിട്ടുന്നില്ല എന്ന പരാതിയാണ് പലേ സ്ഥലങ്ങളിലും പറഞ്ഞു കേൾക്കുന്നത് എങ്കിലും ഇവിടെ അവർ സുലഭമാണ്. പാരമ്പര്യമായി കൃഷിപ്പണിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകതൊഴിലാളികൾ ഈ രംഗം തൊഴിൽ ദായക മല്ലെന്നു കണ്ടപ്പോൾ കെട്ടിടപ്പണി, റോഡുപണി മുതലായ രംഗങ്ങളിലേയ്ക്ക് ചേക്കേറി. വേതന വർദ്ധനവാണ് കൃഷിനശിക്കാൻ കാരണമായി ചൂണ്ടിക്കാണിക്കാറുള്ള മറ്റൊരു കാര്യം. അതിനുപരിഹാരം തൊഴിലാളികളുടെ വേതനം കുറയ്ക്കുകയല്ല. പ്രത്യുത രാസവളം, കീടനാശിനി എന്നിവയുടെ അമിതോപയോഗം കുറയ്ക്കുകയും കൂട്ടുകൃഷിപോലുള്ള സമ്പ്രദായത്തിലൂടെ കൂടുതൽ ലാഭകരമായി കൃഷി നടത്താനുള്ള സങ്കേതങ്ങൾ സ്വീകരിക്കുകയുമാണ് വേണ്ടത്. ജൈവവളവും ജൈവകീടനാശിനികളും ഉപയോഗിക്കുക, കൃഷിക്ക് ആധുനിക സാങ്കേതിക വിദ്യകൾ പ്രയോഗിക്കുക, അനാവശ്യമായ കൃഷച്ചെലവുകൾ ഒഴിവാക്കുക കാർഷികോൽപ്പന്നങ്ങൾക്കു കൂടുതൽ വില ലഭ്യമാക്കുക എന്നിവയിലൂടെ കൃഷി ലാഭകരമാക്കാൻ കഴിയും.

ശാസ്ത്രീയമായ രീതിയിലുള്ള കൂട്ടുകൃഷികൊണ്ട് നഷ്ടപ്പെട്ടുപോയ നെൽക്കൃഷിയെ നമുക്കു പുനസ്ഥാപിക്കാൻ കഴിയും. 5 വർഷത്തിനുള്ളിൽ ദുരുപയോഗം ചെയ്ത കൃഷി ഭൂമികൾ കണ്ടെത്തുകയും അതോടൊപ്പം മൊത്തം കൈവശക്കാരുടെ ഭൂമി അളന്നു തിരിച്ച് സർവ്വേക്കല്ലു നാട്ടുക. മറ്റു അതിരുകൾ എടുത്തു മാറ്റി ട്രാക്ടർ കൊണ്ട് മൊത്തവും ഉഴാൻ കഴിയുന്ന രീതിയിൽ ഒന്നാക്കുക. കൃഷിയിറക്കുന്നതും വളമിടുന്നതും കീടനാശിനി ഉപയോഗിക്കുന്നതും കൊയ്യുന്നതും മേൽനോട്ടം വഹിക്കാൻ ഒരു കമ്മിറ്റിയെചുമതലപ്പെടുത്തണം. മെതിക്കാനും വയ്ക്കോൽ ഉണക്കാനും സൗകര്യപ്രദമായി ഏലായുടെ കരയിൽത്തന്നെ സ്ഥലം കണ്ടെത്തിയാൽ അനാവശ്യച്ചെലവുകൾ വളരെയധികം കുറയ്ക്കാനാവും. ഓരോരുത്തരുടേയും നിലത്തിന്റെ വിസ്തൃതിയ്ക്കു അനുപാതത്തിൽ ഉല്പന്നം പങ്കുവയ്ക്കുക. വൈദഗ്ദ്ധ്യപോഷണത്തിലൂടെ കൃഷിപ്പണിക്കു ആളെ കണ്ടെത്താനും സാധിക്കും. ട്രാക്ടർ ഓടിക്കാനും കീടനാശിനി പ്രയോഗിക്കുവാനും മറ്റും ചെറുപ്പക്കാരെ എടുത്ത് പരിശീലിപ്പിക്കാവുന്നതാണ്. തുണ്ടുതുണ്ടായ ഭൂമിയെ ഒന്നിച്ചു ചേർക്കാനും കൃഷി ആസൂത്രണത്തിലും നടത്തിപ്പിലും കൂട്ടായ്മ സൃഷ്ടിക്കാനും പുതിയ കാർഷിക രീതികൾ പരീക്ഷിക്കാനും ഓരോരുത്തർക്കും ഓരോതരം കൃഷി എന്നതു മാറ്റിവച്ച് ഒരേസമയം ഒരേ കൃഷി കൂടുതൽ പേർക്ക് എന്ന സമീപനം സ്വീകരിക്കാനും ഇതു സഹായിക്കും.

പച്ചില ജൈവവളങ്ങളുടെ ഉത്പാദനം

കൃഷിയെ നേരിടുന്ന പ്രധാന വെല്ലുവിളി കീടനാശിനികളുടെയും രാസവളങ്ങളുടേയും അമിതമായ ഉപയോഗമാണ്. ഇതിനുപരിഹാരമായിട്ട് പച്ചിലവളങ്ങളും, ബയോടംഗ്, മണ്ണിരകമ്പോസ്റ്റ് എന്നിവയും ഉത്പാദിപ്പിക്കാൻ പരിശീലനം കൊടുക്കുക. (ഈ പഞ്ചായത്തിൽ നിന്നും രണ്ടുപേർക്ക് കൃഷിഭവൻ ഈ പരിശീലനം കൊടുക്കുന്നുണ്ട്) ഇവരെ കർഷക സുഹൃത്തുക്കളായി പരിഗണിച്ച് അവരുടെ സേവനങ്ങൾ ഉറപ്പുവരുത്തുക. ജൈവകീടനാശിനികൾ ഉണ്ടാക്കാനും ഉപയോഗിക്കാനും പരിശീലനം ആവശ്യമാണ്.

കാർഷികോൽപ്പന്നങ്ങളെ സംഭരിക്കാൻ ഒരു സഹകരണ സംവിധാനം ഏർപ്പെടുത്തുക. ഉല്പാദകരെ ഇടത്തട്ടുകാർക്ക് ചൂഷണം ചെയ്യാൻ എറിഞ്ഞുകൊടുക്കാതെ അവരുടെ ഉൽപ്പന്നങ്ങൾക്കു ന്യായമായ വില ഉറപ്പുവരുത്താൻ ഇതു സഹായിക്കും.

വൈവിധ്യവൽക്കരണം

നശിച്ചുകൊണ്ടിരിക്കുന്ന കൃഷിയെ പുനരുജ്ജീവിപ്പിക്കുന്നതിനു ഏറ്റവും ഫലപ്രദമായ രീതി പുതിയ കാർഷിക വൈവിധ്യങ്ങൾ കണ്ടുപിടിക്കലാണ്. നമ്മുടെ കാലാവസ്ഥയ്ക്കും മണ്ണിനും യോജിച്ച വ്യാവസായിക അടിസ്ഥാനത്തിൽ കൃഷി ചെയ്യാൻ സാധിക്കുന്ന മേഖലകളിൽ പ്രധാനം

1) പൂക്കൃഷി : ഓർക്കിഡുകൾ, കുറ്റിമുല്ല, സൂര്യകാന്തി, നിറച്ചെടികൾ തുടങ്ങിയവ.

2) സുഗന്ധസസ്യകൃഷി : രാമച്ചം, ഗ്രാമ്പൂ, ജാതിക്ക, ഏലം തുടങ്ങിയവ

3) അലങ്കാരസസ്യക്കൃഷി : കാക്റ്റസ്, പന്നൽ, ബോൺസായ് കൃഷി മുതലായവ

4) ഔഷധസസ്യക്കൃഷി:– കേരളം ആയുർവേദ വൈദ്യശാസ്ത്രത്തിന്റെ പാരമ്പര്യം കാത്തു സൂക്ഷിക്കുന്ന ഒരു സംസ്ഥാനമാണ്. ലോകത്തിന്റെ പലഭാഗങ്ങളിലും ഈ ചികിത്സാരീതി വികസിച്ചു വരികയും ചെയ്യുന്നു. ഔഷധസസ്യങ്ങളുടെ അഭാവം മൂലം മരുന്നുല്പാദനം വിപുലമായ തോതിൽ നടക്കുന്നില്ല. ഈ കൃഷി വ്യാപകമാക്കാൻ പറ്റിയ പ്രദേശമാണ് വിളപ്പിൽ പഞ്ചായത്ത്. ഒരു സഹകരണ സംഘം രജിസ്റ്റർ ചെയ്ത് കർഷകർക്ക് നടീൽ വസ്തുക്കൾ വിതരണം ചെയ്യുകയും അവ ശേഖരിക്കുകകയും ചെയ്തുകൊണ്ട് സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ഈ കൃഷിക്കു കഴിയും.

നിർദ്ദേശങ്ങൾ

1. പഞ്ചായത്തിന്റെ ഒരു കാർഷിക കലണ്ടർ ഉണ്ടാക്കുക.

പ്രദേശങ്ങൾ പട്ടിക തിരിച്ച് ഏതേതു കൃഷി ഏതേതു സ്ഥലത്ത് കൂടതൽ യോജ്യം എന്ന് മണ്ണു പരിശോധന, നീർവാർച്ച എന്നിവയുടെ അടിസ്ഥാനത്തിൽ നിർണ്ണയിച്ചു കൃഷിക്കാരെ പഠിപ്പിക്കുക. ഇതിനോടൊപ്പം ഒരു കാലാവസ്ഥ കലണ്ടറും ഉണ്ടാക്കേണ്ടതാണ്.

2 ജലകൃഷി

നമുക്ക് തീരെ കുറവല്ലാത്ത ജലസംഭരണികൾ ഈ പഞ്ചായത്തിലുണ്ട്. അവ മത്സ്യം, കൊഞ്ച്, ചിപ്പി എന്നിവ കൃഷി ചെയ്യാൻ ഉപയോഗിക്കുക. ചിപ്പിക്കൃഷി വളരെ ആദായകരമാക്കാം. പ്രോട്ടീൻ സമൃദ്ധമായ ചില ഭക്ഷ്യയോഗ്യമായ പായലുകൾ അടുത്ത കാലത്തായി ലോക വിപണിയിൽ ആകർഷകങ്ങളായ ഇനങ്ങളാണ്. അവ നമ്മുടെ ശുദ്ധജല പാപികളിൽ കൃഷി ചെയ്യാൻ കഴിയുമോ എന്നു പരിശോധിക്കണം.

3 കഞ്ഞിക്കുഴി പഞ്ചായത്തിന്റെ മാതൃക

കേരളത്തിന്റെ പച്ചക്കറി കൃഷി എത്രത്തോളം ഫലവത്തും വ്യാപകവും ജനകീയവുമാക്കാം എന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് കഞ്ഞിക്കുഴി പഞ്ചായത്ത് 1600 വീടുകളിൽ പലേ വലിപ്പത്തിൽ പച്ചക്കറി കൃഷി നടത്തി ഹരിതവിപ്ലവം തന്നെ അരങ്ങേറ്റിയ സ്ഥലമാണ് ആ പഞ്ചായത്ത്. ഇതിന്റെ ഏറ്റവും മുഖ്യമായ വശം അഭ്യസ്തവിദ്യരായ ചെറുപ്പക്കാരെ ആകർഷിക്കാൻ കഴിഞ്ഞു എന്നതാണ്. കേരള ശാസ്ത്രസാഹിത്യ പരിഷത് പോലുള്ള സംഘടനകളുമായി കൂട്ടുചേർന്നുകൊണ്ട് ഈ പഞ്ചായത്തിലും പച്ചക്കറി കൃഷി വ്യാപകമാക്കാൻ നമുക്കു കഴിയും. ഒരു പുതിയ കൃഷി സംസ്കാരം ഉണർത്തിവിടാൻ അതുമൂലം സാധിക്കും. കൃഷിക്കു അഭ്യസ്തവിദ്യരുടെ ഇടയിലുള്ള അസ്പർശ്യത മാറ്റി അതിനോട് അടുപ്പിക്കാൻ ജനകീയ മുന്നേറ്റങ്ങൾക്കു കഴിയും.

4 ഗ്രാമകർഷകശ്രീ അവാർഡ്

വാർഡുതലത്തിൽ കാർഷിക മേളകൾ സംഘടിപ്പിക്കുകയും പഞ്ചായത്തു തലത്തിൽ വിപുലമായ തോതിൽ ഒരു കാർഷിക മേള നടത്തി ഏറ്റവും നല്ല കർഷകനെ കണ്ടെത്തി ആദരിക്കുക എന്നതാണ് ഗ്രാമകർഷകശ്രീ അവാർഡുകൊണ്ട് ഉദ്ദേശിക്കുന്നത്.

5 പഞ്ചായത്തു പച്ചക്കറി സ്റ്റാൾ

കൃഷിക്കാരിൽ നിന്ന് ന്യായ വിലയ്ക്ക് പച്ചക്കറി സംഭരിച്ച് സ്റ്റാളിലൂടെ വില്പന നടത്തുക. രാസവളകീടനാശിനീമുകതമായ പച്ചക്കറിക്ക് കൂടുതൽ പ്രചാരം കൊടുക്കുകയും കൃഷി ലാഭകരമാക്കുകയും ചെയ്യുക.

6 വൈദഗ്ദ്ധ്യ പോഷണം

അഭ്യസ്തവിദ്യരെ ആകർഷിക്കാൻ കാർഷിക മേഖലയെ വൈദഗ്ദ്ധ്യമാവശ്യമുള്ള മേഖലയാക്കണം. കൊച്ചു കൊച്ചു യന്ത്രസാമഗ്രികൾ, സങ്കേതങ്ങൾ, പ്രയോഗങ്ങൾ, വിശേഷ വിജ്ഞാനീയം, കൗതുക ഘടകങ്ങൾ, കലാപരത, പ്രദർശന സാധ്യതകൾ, കൂട്ടുചേരലുകൾ, സംവാദങ്ങൾ, പരിശീലനങ്ങൾ എന്നീ സാധ്യതകൾ ഈ മേഖലയിൽ തുറന്നിടണം. സജീവചർച്ചകൾക്കും പ്രബോധനങ്ങൾക്കും ബോധവൽക്കരണത്തിനും മുൻതൂക്കം കൊടുക്കണം. ഏറ്റവും മുഖ്യസംഘംചേരലുകൾ ആണ്.

7 അടുക്കള കൃഷി

ജൈവത്തായ, സമൃദ്ധമായ ഒരു അനുഭവമാണ് അടുക്കളകൃഷി. വർധിച്ചുവരുന്ന മാനസിക സംഘർഷത്തിനു അയവു വരുത്തുക മാത്രമല്ല വീട്ടിലെ അംഗങ്ങ

ളുടെ ഇടയിൽ സ്നേഹബന്ധം ഊട്ടിയുറപ്പിക്കുവാനും വഴിതെറ്റുന്ന കുട്ടികളെ കുടുംബത്തോടുചേർത്തു നിർത്താനും ഇതുപകരിക്കും. മണ്ണിൽ ഒരുമിച്ചു ജോലി ചെയ്യുന്നവർക്ക് കലഹിക്കാൻ എങ്ങനെ സാധിക്കും?

8 ഉല്ലാസകൃഷി

രോഗത്തിൽ നിന്നും മുക്തമായവർ, വാർധക്യം ബാധിച്ചവർ, റിട്ടയർ ചെയ്തു ഏകാന്ത ജീവിതം നയിക്കുന്നവർ, അംഗവൈകല്യം സംഭവിച്ചവർ, വീട്ടമ്മമാർ, സ്കൂൾകുട്ടികൾ എന്നിവർക്കു മാനസികോല്ലാസത്തിനു ഒരു വിനോദം എന്ന രീതിയിൽ വീടിന്റെ ടെറസ്സിലോ പരിസരത്തോ ചെയ്യാൻ പറ്റുന്ന പൂച്ചട്ടികൃഷി വീടിന്റെ സൗന്ദര്യത്തിനും പിൽക്കാലത്ത് വ്യാവസായിക അടിസ്ഥാനത്തിലുള്ള കൃഷിയിലേയ്ക്കു ഒരുപക്ഷേ വഴിയൊരുക്കലായും ഉപകരാപ്പെടും. വെറും പൂച്ചെടികൾക്കു പകരം മനോഹരമായ ഫലച്ചെടികൾ നട്ട് സൗന്ദര്യം കൂട്ടാൻ സാധ്യത കൂടുതലാണ്.

9) കൃഷിക്കു ആവശ്യമായ ജലസേചനം നമ്മുടെ പഞ്ചായത്തിൽ വികസിച്ചിട്ടില്ല. താഴ്ന്ന പ്രദേശങ്ങളിൽ നീരൊഴുക്കുകുൾ ആവശ്യം നിറവേറ്റുന്നു. എന്നാൽ ഉയർന്ന പ്രദേശങ്ങളിൽ അതിനു സംവിധാനമില്ല. അതിനു താഴെപ്പറയുന്ന രീതികൾ സ്വീകരിക്കാം.

a) *ലിഫ്റ്റ് ഇറിഗേഷൻ* :– ഒരിക്കലും വറ്റാത്ത കരമനയാറിന്റെ കൈകളിലാണ് ഈ പഞ്ചായത്ത്. പക്ഷെ അതിന്റെ കരപ്രദേശങ്ങൾ വരൾച്ച ബാധിച്ചവയാണ്. ലിഫ്റ്റ് ഇറിഗേഷനിലൂടെ ഈ പ്രദേശങ്ങൾക്കു ജലലഭ്യത ഉണ്ടാക്കാം.

b) *വിയർ*:– കുന്നിൻ പ്രദേശങ്ങളിൽ നിന്നും താഴേക്ക് നീരൊഴുക്കു പലഭാഗങ്ങളിലും ഉണ്ട്. അവയെ മുകൾഭാഗത്തുവച്ചുതന്നെ വിയർകെട്ടി തടഞ്ഞു ചാലു കീറി ഗതിമാറ്റിവിട്ട് കൃഷിക്ക് ഉപയോഗിക്കുക. ചിലഭാഗങ്ങളിൽ സംഭരണിവിയർകെട്ടി നീരൊഴുക്കു അതിലേയ്ക്ക് നയിച്ചു അവിടെ നിന്നും കൃഷിക്കും കുടിക്കാനും ഉപയോഗിക്കത്തക്ക രീതിയിൽ ക്രമീകരിക്കുക.

C) 1. *വി.സി.ബി.* – തോടുകളിൽ തടയണകൾ കെട്ടി ക്രോസ്ബാർ ഇട്ട് ജലനിർഗമനം നിയന്ത്രിക്കുക.

2. *ബി.സി. ആർ*:– തോടുകളിൽ കെട്ടുന്ന തടയണ ആളുകൾക്കു കടന്നു പോകാൻ കഴിയുന്ന പാലങ്ങളായും ഉപയോഗിക്കാം. കുളിക്കാനും വസ്ത്രങ്ങൾ കഴുകാനും കന്നുകാലികളെ കുളിപ്പിക്കാനും ഈ തടയണകൾ ഉപകരിക്കും.

10 ഡ്രിപ്പ് ഇറിഗേഷൻ

അടുത്ത കാലത്തായി ജലദൗർലഭ്യമുള്ള പ്രദേശങ്ങളിൽ വിജയകരമായി പരീക്ഷിക്കപ്പെട്ട ഒരു സമ്പ്രദായമാണ് ഡ്രിപ്പ് ഇറിഗേഷൻ. ദ്വാരങ്ങളുള്ള പൈപ്പു ലൈനുകൾ നീട്ടി ഈർപ്പം നിലനിർത്താൻ ആവശ്യമുള്ള ജലം തുള്ളികളായി ചെടിചോട്ടിൽ കൊടുക്കുന്ന രീതി നമുക്കു പരീക്ഷിക്കാം.

11 തൊണ്ടടുക്കു രീതി

ചരിവുകളിൽ നില്ക്കുന്ന തെങ്ങുകൾക്കു കല്ലടുക്കി നേക്കാൾ നല്ലതു തൊണ്ടടുക്കാണ്. തൊണ്ടടുക്കി മണ്ണിട്ട് ജൈവവള പ്രയോഗം നടത്തിയാൽ തെങ്ങിനു നല്ല വളർച്ചയും കായ്ഫലവും ഉണ്ടാകും. തെങ്ങിൽ നിന്നും കിട്ടുന്ന എല്ലാം അതിന്റെ ചോട്ടിൽത്തന്നെ നിക്ഷേപിക്കുക.

12 ഒരു വൈക്കോൽ വിപ്ലവം

ജപ്പാനിലെ ഫുക്കുവോക്ക എന്ന ഇൻജിനീയർ നെൽക്കൃഷിക്കു പുതിയ രീതികൾ ആവിഷ്കരിച്ചു. നെല്ലിന്റെ തണ്ട് കൊയ്യാതെ കതിർമാത്രം കൊയ്യുക, തണ്ട് മണ്ണിൽത്തന്നെ കിടന്നു മണ്ണിനനു ഇളക്കം കിട്ടാൻ സഹായിക്കുക, അമിതമായി ഉഴുതുമറിക്കേണ്ട ആവശ്യമില്ല. കളകളെ വളമാക്കു, രാസവളപ്രയോഗം, കീടനാശിനി പ്രയോഗം എന്നിവ ഒഴിവാക്കു, ചാഴികളെ നേരിടാൻ ചെടിക്കുതന്നെ ശക്തി കൊടുക്കുന്ന ജൈവവളങ്ങൾ ഉപയോഗിക്കുക. ചാഴികളെ നശിപ്പിക്കുന്ന, കീട സുഹൃത്തുക്കളെ വളർത്തുക എന്നിങ്ങനെ പ്രകൃത്യായുള്ള രീതികൾ കൃഷിയിൽ അവലംബിക്കുക. ഒരു വൈയ്ക്കോൽ കൊണ്ട് ഒരു കാർഷിക വിപ്ലവം നടത്തിയ ഫുക്കുവോക്കയുടെ അനുഭവം പാഠമാക്കുക.

ചെക്ക്ഡാം കെട്ടേണ്ട തോടുകളിലെ സ്ഥാനങ്ങൾ

1.	ചൊവ്വല്ലൂർ	2.	വിട്ടിയം
3	അലകുന്നം	4	കുണ്ടാമൂഴി
5	ചിറ്റയിൽ		

വാർഡ്

1.a) പിറയിൽ ഏലായിൽ പുതിയ രണ്ടുകുളങ്ങൾ നിർമ്മിക്കുക.

b) രണ്ട് പമ്പുസെറ്റുകൾ വച്ച് ലിഫ്റ്റ് ഇറിഗേഷൻ നടത്തുക

2a) പിണറൂർക്കോണം കുളം കൃഷിക്കു ഉപയുക്തമാക്കുക

b) അമ്പൻകോട്ടുകുളം അറ്റകുറ്റപ്പണികൾ ചെയ്യുക

3a) മിണ്ണംകോട്ടുകുളം, നെട്ടയം കുളം എന്നിവ കൃഷിക്കു ഉപയുക്തമാക്കുക

b) പെരപ്പൂകോണത്തു ഒരു പുതിയ കുളം നിർമ്മിക്കുക.

4a) രാമേശ്വരം കുളം, അലേറ്റിക്കുളം, ഇയ്യാ നീർക്കോണം കുളം, പുറക്കോട്ടുകോണത്തു പഞ്ചായത്തുവക കുളം എന്നിവ വൃത്തിയാക്കി കൃഷിക്ക് ഉപയുക്തമാക്കുക.

b) മാഞ്ചിനാട് വള്ളെക്കടവ് തോട്, രാമേശ്വരം പാറയിൽ തോട് എന്നിവ വൃത്തിയാക്കുക.

5 a) പാലമ്പാട്ടുകോണം നീരുറവ കുടിക്കാൻ ഉപയുക്തമാക്കിയെടുക്കുക.

b) മാഞ്ചിനാട് തോട് കൃഷിക്ക് ഉപയുക്തമാക്കുക

6 a) ചൊവ്വള്ളൂർതോട്, മുക്കുതോട് കൃഷിക്ക് ഉപയുക്തമാക്കുക.

b) ആര്യൻകുഴി, നെട്ടയം തീണ്ടാരിപ്പാറതോട് അറ്റകുറ്റപ്പണികൾ ചെയ്ത് കൃഷിക്ക് ഉപയുക്തമാക്കുക.

7 a) നൂലിയോട് പാറയിൽ ഭാഗം നീരുറവ സംരക്ഷിക്കുക

b) ചെറുകിൽ കൊല്ലംകോണം തോട് പുന്നശ്ശേരിക്കൊല്ലകോണം തോട് എന്നിവ സംരക്ഷിക്കുക

c) മേക്കതിൽ നീരുറവ അതിരുകെട്ടി സംരക്ഷിക്കുക.

8 a) ചെക്കിട്ടപ്പാറ, കരിമ്പാണ്ടി, ചെറുകോട്, കടമ്പു എന്നീ
ഭാഗങ്ങളിൽ വന്നു ചേരുന്ന കാരോട് വിട്ടിയം തോട് കൃഷിക്കു
ഉപയുക്തമാക്കുക.

b) കരിവിലാഞ്ചി തോട് അറ്റകുറ്റപ്പണികൾ ചെയ്യുക.

9 a) മലപ്പനംകോട് ഒരു ലിഫ്റ്റ് ഇറിഗേഷൻ ഏർപ്പെടുത്തുക

b) പുറംപോക്കു നീരുറവ സംരക്ഷിക്കുക

10 a) കൊങ്ങപ്പള്ളിക്കുളം നവീകരിക്കുക.

b) വിട്ടിയം കാരോടു തോട്ടിൽ ചെറുതേരിയിൽ ഒരു തടയണ നിർമ്മിക്കുക.

വാഴവിളാകം കുന്നുംപുറം കൊല്ലകോണം തോടു അറ്റകുറ്റപ്പണി ചെയ്യുക

11 a) കുണ്ടാമുഴി-ചിറ്റയിൽ-കൊല്ലകോണം തോട് സൈഡഡ് വാൾ കെട്ടുക.

b) കരുവിലാഞ്ചി -കൊല്ലംകോണം തോടു അറ്റകുറ്റപ്പണി ചെയ്യുക.

c) കീഴതിൽനട-കുണ്ടാമുഴി-മുക്കംപാലമൂട്-ചെറുതേരി തോടുകൾ കൃഷിക്കുപയുക്തമാക്കുക.

12 a) കാട്ടുവിളചെന്നിയൂർക്കോണം തോടു കൃഷിക്ക് ഉപയുക്തമാക്കുക.

b) മച്ചിനാട്ടുകുളം പടവുകൾകെട്ടി കുളിക്കാനും കൃഷിക്കു ഉപയുക്തമാക്കാനും വേണ്ടതു ചെയ്യുക.

പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളേയും വാട്ടർ ഷെഡ് മേഖലയിൽപ്പെടുത്തി ആനുകൂല്യങ്ങൾ നൽകുക.

16. കൃഷിഭവന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക.

വിളപ്പിൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കൃഷിഭവൻ കൃഷിക്കാർക്കു പൊതുവേ സഹായകരമായ നിലപാടല്ല എടുക്കുന്നത്. സാധാരണ ഉദ്യോഗസ്ഥ രീതിയിലുള്ള പ്രവർത്തനം കൊണ്ട് കൃഷി പോലുള്ള മേഖലയെ വളർത്താൻ കഴിയുകയില്ല. സേവനസന്നദ്ധതയും കൃഷിയോടുള്ള താല്പര്യവും ഉള്ള ഉദ്യോഗസ്ഥർക്കു മാത്രമേ കൃഷിയെ രക്ഷിക്കാൻ കഴിയൂ. മറ്റുള്ളവർ കൃഷിക്കാർക്കു ഒരു ബാധ്യതയാണ്. അവർക്കു ശമ്പളമായും മറ്റും കൊടുക്കുന്ന തുക പഞ്ചായത്തിലെ കൃഷിക്കാർക്കു സബ്സിഡിയായിക്കിട്ടിയാൽ അതു കൃഷിക്കുള്ള പ്രോത്സാഹനമാകും. ഇവിടുത്തെ കൃഷി ഓഫീസ് കഞ്ഞിക്കുഴിയെ മാതൃകയാക്കുന്നതു നന്നായിരിക്കും. ഏതെങ്കിലും ഒരു വാർഡിനെ ദത്തെടുത്തു കൃഷിഭവൻ അതിലൊരു മാതൃകാ കാർഷിക ഗ്രാമം ഉണ്ടാക്കട്ടെ.

കൃഷിഭവൻ – വിളപ്പിൽ

കൃഷിക്കനുയോജ്യമായ സ്ഥലത്തിന്റെ മൊത്തം

വിസ്തീർണ്ണം	–	1632 ഹെക്ടർ
കൃഷി ചെയ്യുന്ന സ്ഥലം	–	1612 ഹെ
കൃഷി ഇല്ലാത്തത്	–	20 ഹെ
നെല്ല വിരിപ്പു	–	15 ഹെ
മുണ്ടകൻ	–	15 ഹെ
തെങ്ങ്	–	1076 ,,
വാഴ	–	125 ,,
കുരുമുളക്	–	10,,
മരച്ചീനി	–	1 ,,
കശുവണ്ടി	–	1 ,,
പച്ചക്കറി	–	15 ,,
റബ്ബർ	–	280 ,,
പയറുവർഗ്ഗങ്ങൾ	–	5 ,,
മറ്റുള്ളവ	–	20 ,,
മൊത്തം	–	1612

മണ്ണിന്റെ ഇനം – ചരൽ നിറഞ്ഞ ചെമ്മണ്ണ്

ശരാശരി വിള

നെല്ല് – 2100 – 3200 KG/Ha
മരച്ചീനി – 20 – 25 ടൺ
തേങ്ങ – 125–150 എണ്ണം/വൃക്ഷം
വാഴ – 10–15 Kg/വാഴ
പയറുവർഗ്ഗം – 2600–300 KG/Ha

വളപ്രയോഗം

നെല്ല് – നാടൻ ഇനം – NPK – 40.20.20
,, – അത്യുല്പാദന ഇനം – NPK – 70.35.35
തെങ്ങ് – സാധാരണ – NPK 340.170.680
അത്യുൽപാദന – NPK 500.320.1200

തെങ്ങ് – 10,5.20

a) ജലസേചന സൗകര്യമുള്ളത് – 3.500 K.G.
b) ജലസേചന സൗകര്യം ഇല്ലാത്തത് – 3.500 Kg

IV മരച്ചീനി

നാടൻ – NPK 50.50.50
H.97 അത്യുല്പാദനശേഷിയുള്ളത് NPK 75.75.75
H120, H1687 H20304 – NPK 100.100.100

V നടീൽ വസ്തുക്കളുടെ വിവരണം

1993–470 KG വില്പന
94–250 ,, ,,
95–700 ,, ,,
96–250 ,, ,,

നെൽവിത്ത് മിനികിറ്റ്

1995–50 Kg സൗജന്യവിതരണം

2 പച്ചക്കറിവിത്ത് വിതരണം

സ്കൂൾ പ്രോഗ്രാം – സൗജന്യവിതരണം
1995–700 പായ്ക്കറ്റുകൾ
96–300 ,,

പയർവിത്തുകൾ

പെരുംപയറ് – 1995–156 കി ഗ്രാം വില്പന
പെരുംപയറ് – ,, 46 കി. ഗ്രാം മിനി കിറ്റ്
പെരുംപയറ് – 96 40 കി. ഗ്രാം – വില്പന

ഉഴുന്ന്	1993	200	കി.ഗ്രാം വില്പന
,,	1994	160	കി.ഗ്രാം വില്പന
ചെറുപയറ്	1994	108	കി.ഗ്രാം വില്പന

തെങ്ങിൻതൈ

1993	–	WCT	550	എണ്ണം രൂപ 15/–	വില്പന
94	–	,,	80	,,	,,
95	–	,,	65	,,	,,
96	,,	60	,,	,,	
1993		–	TXD	50	എണ്ണം വില്പന
94	–	,,	80	,,	,,
95	–	,,	65	,,	,,
96	–	,,	60	,,	,,
1995	–	DXT	–	20	,, ,,
96	–	,,	–	60	,, ,,

കുരുമുളകുവള്ളി

1994	–	800	എണ്ണം	– വില്പന
94	–	200	,,	,,
95	–	1075	,,	,,
96	–	3700	,,	സൗജന്യവിതരണം

വാഴത്തയ്യുകൾ

1993	–	200	എണ്ണം വില്പന
94	–	200	,, ,,
95–	300	,,	സൗജന്യവിതരണം വില്പന

ഒട്ടുമാവ്

1993	–	100	എണ്ണം
1994	–	50	,,

നാട്ടുമാവ്

93	–	100	എണ്ണം

പേര

94 – 35 എണ്ണം

ഗ്രാമ്പൂ

93 – 30 ,,
94 – 100 ,,
95 – 50 ,,

പ്ലാവ്

1994 – 55 ,,
95 – 60 ,,

ജാമ്പ

96 – 50 ,,

95 – 55 ,,
96 – 50 ,,

CCDP വളം

1994-95 810 കിറ്റ് – 7050 തെങ്ങ്

1995-96 640 കിറ്റ് – 5200 ,,
96-97 650 കിറ്റ് – 5500 ,,

CCPD കിണർ

1994-95 12 എണ്ണം
1995-96 25 ,,

പമ്പുസെറ്റ്

1994 – 8 ,,
95 – 25 ,,
റോക്കർ സ്പ്രേയർ 1 എണ്ണം
ക്ലാമ്പിംഗ് ഡൈ വേർഡ് 3 ,,

SCP ഫാം ഹൗസ്

1992-93 – 5 എണ്ണം
93-94 – –
94-95 – 5

SCP കിണർ

1992-93 – 5 എണ്ണം
93-94 – –
94-95 – 5 എണ്ണം

തെങ്ങിൻ തൈകളും നടുകൂടിഗും

1994-95 – 30 യൂണിറ്റ് – 90 എണ്ണം
95-96 – 125 ,, – 375 ,,

വാഴ തൈകൾ

1994-95 – 1500 എണ്ണം
2.5 സെന്റ് യൂണിറ്റ് – 25 എണ്ണം

പ്രകൃതിക്ഷോഭക്കെടുതി 1996

അപേക്ഷരുടെ എണ്ണം : 418
വിതരണം ചെയ്ത തുക : രൂപ 145291/2

മണ്ണ് പരിശോദനയ്ക്കു എടുത്ത സാമ്പിളുകൾ

1993-400 എണ്ണം
1994-400 ,,
95-300 ,,
96-300 ,,

കൃഷി ഇൻഷുറൻസ് –

ഇൻഷുറൻസ് ചെയ്ത വിളകൾ
നെല്ല്, തെങ്ങ്, വാഴ, റബ്ബർ
ഇൻഷുറൻസുള്ള കൃഷിക്കാർ – 8 പേർ

വാട്ടർ ഷെഡ് – 1993-95

1. അടുക്കളത്തോട്ടം

1993-94	281 എണ്ണം	വളം
94-95	300	,, ,,
95-96	100	,, ,,

മാതൃകാകൃഷി- ഇടവിള – 1993-94

പ്രയോജനം ലഭിച്ച കൃഷിക്കാർ – 84 യൂണിറ്റ്

മാതൃകാകൃഷി – ഇരട്ടവിള – 1993-94

പ്രയോജനം ലഭിച്ച കൃഷിക്കാർ – 114 യൂണിറ്റ്
തെങ്ങ്, കുരുമുളക്, മരച്ചീനി- വലം വിതരണം ചെയ്തു.

ജൈവവളം- 1993-94

145 കി.ഗ്രാം കൃഷിക്കാർ 145
ജൈവവളം – ഇടവിള – 300 കി. ഗ്രാം
കർഷകർ – 316

മണ്ണിര കമ്പോസ്റ്റ് – 1995-96

കൃഷിക്കാരുടെ എണ്ണം – 114 യൂണിറ്റ്

കമ്പോസ്റ്റ് കുഴി

1993-94 – കൃഷിക്കാരുടെ എണ്ണം – 563
94-95 ,, – 50
1995-96 ഹോർട്ടിക്കൾച്ചർ – ഒട്ടുപ്ലാവ് – 420 എണ്ണം
94-95 വനവൃക്ഷതൈകൾ – തേക്ക് – 3200 ,,
96 അടുക്കളത്തോട്ടം – വാഴ – 9250 എണ്ണം
കുറ്റിമുല്ല – 2250 എണ്ണം
പ്ലാവൻ, മാവ്, അഗത്തി – 525 എണ്ണം

ആടുവിതരണം

1993–94 – 84 കുടുംബങ്ങൾ
94–95 – 50 കുടുംബങ്ങൾ
95–96 – 50 കുടുംബങ്ങൾ
184 കുടുംബങ്ങൾ
കോഴി 94–95 25 കുടുംബങ്ങൾ

മഹിളാ സമാജം

അച്ചാറുനിർമ്മാണം – 49 കുടുംബം
പർപ്പട നിർമ്മാണം 10 ,,
മരപ്പണി – 8 ,,
അലക്കുകാർ – 15 ,,
തുന്നൽ ക്കാർ – 65 ,,
കാലിത്തീറ്റ – 1995–96 – 170 കൃഷിക്കാർ
96–97 – 20 ,,
കാലിത്തൊഴുത്തു – 1995–96 3 ,,
96–97 – 7 ,,
വിറ്റാമിൻ ഗുളികകൾ – 1993–94 107 എണ്ണം
കിസാൻ നഴ്സറി – 1992– 2 എണ്ണം

ഓർച്ചാർഡ് നഴ്സറി – 92 എണ്ണം

തൈകൾ – 12500 എണ്ണം
അടക്ക (മംഗ്ലം) – 1992–93
തൈകൾ – 5000 എണ്ണം
കുരുമുളക് വള്ളി – 15000 എണ്ണം
ഓർച്ചാഡ് തൈകൾ – 1992–93 – 10000 എണ്ണം

പരിശീലനം

1991–92–1
92–93–2
94–95–2
95–96–2
96– 2

കിസാൻമേള – 1994–95 – 1

മണ്ണു സംരക്ഷണ പ്രവർത്തനം

1993–94 – 12 കൃഷിയിടങ്ങൾ
95–96 – 90,,
ചെക്ക് ഡാം – 93–94–107 എണ്ണം
കുളങ്ങൾ ,, 10 എണ്ണം
കിണർ നന്നാക്കൽ 4 ,,

വ്യവസായം

ഒരു ജനതയുടെ സാമ്പത്തിക വളർച്ചയുടെ അള ുകോലായി കരുതപ്പെടുന്നത് അന്നാട്ടിലെ വ്യവസായ ംരംഭങ്ങളാണ്. സമ്പത്തു സ്വരൂപിക്കുന്ന ഒരു പ്രക്രിയ ിക്കപ്പുറം തൊഴിലിന് മറ്റൊരു സാമൂഹ്യമാനവും ഉണ്ട്. കകൾക്കും മനസ്സിനും അർത്ഥപൂർണ്ണമായി പ്രവർത്തി ർ ആവശ്യമാണ്. സ്ത്രീകളെ അവരുടെ ചുറ്റുപാടുക ിൽ നിലനിർത്തിക്കൊണ്ടുള്ള തൊഴിൽ സംരഭങ്ങൾ രോഗ്യപൂർണ്ണമായ ഒരു സമൂഹ സൃഷ്ടിക്ക് ആവശ്യ ാണ്. ജനസംഖ്യ വിസ്ഫോടനത്തിന് രണ്ടേ രണ്ടു കാര്യ ങ്ങൾ ശ്രദ്ധിച്ചാൽ മതിയാകും. 1. സ്ത്രീകൾക്ക് വിദ്യാ ാസം 2. സ്ത്രീകൾക്ക് തൊഴിൽ (മറ്റു രീതികൾ വ്യർത്ഥ ാണ് എന്ന് കേരളേതര സംസ്ഥാനങ്ങൾ തെളിയിച്ചുക ഞ്ഞു) ഒരു കുടുംബത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് ാത്യന്താപേക്ഷിതമായതു സ്ത്രീ തൊഴിലാണ്. കാരണം ്ത്രീയുടെ വരുമാനം കുടുംബത്തിനാകമാനം ഉപയോ ിക്കപ്പെടുമ്പോൾ പുരുഷന്റെ വരുമാനം വ്യക്തിപരമായ ാര്യങ്ങൾക്ക് ദുർവിനിയോഗിക്കപ്പെടും

വ്യാവസായികമായി വളരെ പിന്നോക്കം ൽക്കുന്ന ഒരു പ്രദേശമാണ് വിളപ്പിൽ പഞ്ചായത്ത്. പര രാഗത വ്യവസായങ്ങൾ വൈവിധ്യവൽക്കരണത്തിന്റെ ഭാവംകൊണ്ട് നഷ്ടമായി. പനമ്പു, ചൂരൽ ഇവ ാണ്ടുള്ള വ്യവസായങ്ങൾ വളരെ കുറവ്. വൻകിട ാക്ടറികൾ സ്ഥാപിച്ചു ഈ പ്രദേശത്തിന്റെ പരിസ്ഥിതി ലനാവസ്ഥ തകർക്കാൻ ഈ നാട്ടുകാർ ഇഷ്ടപ്പെടു ില്ല. എന്നാൽ പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത രീതിയിൽ ാറുകിട കുടിൽ വ്യവസായങ്ങൾ നടത്താൻ സാധ്യത റെയുള്ള പ്രദേശമാണ്. രണ്ട് വലിയ ഫാക്ടറികൾ ഈ ഞ്ചായത്തിൽ ഉണ്ട് എങ്കിലും ഗുണകരമായി സ്വാധീനി ാൻ കഴിയുന്നില്ല. 600 പേർ ജോലി ചെയ്യുന്ന ൻപോൾ എന്ന സ്ഥാപനത്തിൽ ജോലി ചെയ്യുന്നവ ൽ 5% മാത്രമാണ് ഈ പ്രദേശത്തുള്ളവർ.

സ്ത്രീകളുടെ തൊഴിലില്ലായ്മയാണ് ഈ പ്രദേശത്ത് രൂക്ഷമായിട്ടുള്ളത്. സ്ത്രീകളുടെ സംരംഭകത്വ ത്തിൽനടത്തപ്പെടുന്ന സ്ഥാപനങ്ങൾ ഇവിടെ ഇല്ല. അവ രുടെ കർമ്മശേഷിയും കഴിവും പരമാവധി പ്രയോജനപ്പെ ടുത്താൻ ഉതകുന്ന വ്യവസായങ്ങൾ വളരെ ലാഭകരമായി ഇവിടെ നടത്താൻ കഴിയും.

പ്രധാനമായും സ്ത്രീകൾക്കുള്ള തൊഴിൽദായക സംരംഭങ്ങൾ ഇഷ്ടിക ചൂളകളാണ്. ഇന്നാട്ടിലെ ഏറ്റവും വലിയ വ്യവസായവും അതു തന്നെ. അതു പരിസ്ഥിതിക്ക് ഏല്പിക്കുന്ന ആഘാതം സമീപഭാവിയിൽ അതിരൂക്ഷ മായി അനുഭവപ്പെട്ടു തുടങ്ങും എന്നതിന് സംശയമില്ല. കര മനയാറിന്റെ പാർശ്വ ശരീരം കാർന്നെടുക്കുന്ന അർബുദ മാണ് ഈ ചൂളകൾ. മണ്ണെടുത്തും വജ്രമെടുത്തും മണ ലൂറ്റിയും ആകെ വികൃതമാക്കപ്പെട്ട കരമനയാറ് ചില ഭാഗ ങ്ങളിൽ തുർന്നും ചില ഭാഗങ്ങളിൽ ആഴ്ന്നും കിടക്കുന്നു. നെൽകൃഷിയുടെ കേദാരമായിരുന്ന സ്ഥലങ്ങൾ തീ തുപ്പുന്ന ചൂളകൾക്ക് വഴിമാറി കൊടുത്തു. ഈ ചൂളക ളുടെ സ്ഥാനത്ത് സിമന്റ്, ബ്രിക്സുകൾ ഉണ്ടാക്കുന്ന യൂണിറ്റുകൾ വന്നാൽ ഈ പരിസ്ഥിതി പ്രശ്നം ഒഴി വാക്കാം. കോറി വ്യവസായം അതിവേഗം വിപുലമായ് വരുന്ന ഈ പ്രദേശത്ത് Hollow bricks ലാഭകരമാണ്. അത്തരം രണ്ട് യൂണിറ്റുകൾ ഇവിടെ പ്രവർത്തിക്കുന്നു. കാറ്റിവ്യവസായം പരിസ്ഥിതിക്ക് ഏല്പിക്കുന്ന ആഘാതം ചില്ലറയല്ല.

അതിവേഗം കുടിയേറ്റത്തിന് വിധേയമാവുന്ന ഈ പ്രദേശത്ത് കെട്ടിട നിർമ്മാണ വസ്തുക്കളുടെ ഉത്പാദനം ലാഭകരമായിരിക്കും. തടിയ്ക്ക് അപ്രാപ്യമായ വിലയും പരി സ്ഥിതി പ്രശ്നവും ഉള്ളതിനാൽ അതിന് പകരം വയ്ക്കാ വുന്ന കട്ടള, ജനൽ, ഇരിപ്പിടങ്ങൾ, കട്ടിലുകൾ എന്നിവ സിമന്റ് ഉപയോഗിച്ച് നിർമ്മിക്കുന്ന വ്യവസായത്തിന് ഇവിടെ ഭാവിയുണ്ട്. ആയുർവ്വേദ ചികിത്സാ രീതിയിൽ ഉപയോഗിക്കുന്ന ഔഷധച്ചെടികൾ ഇന്ന് വ്യവസായരംഗ ത്തിലെ വലിയ വാഗ്ദാനമാണ്. സ്ത്രീകൾക്ക് തൊഴിലും ആരോഗ്യരംഗത്ത് സംഭാവനയുമായ ഈ കൃഷി വ്യക്തി കൾ പ്രത്യേകിച്ചു ചെയ്യുകയും എന്നാൽ അവ ശേഖരി ക്കാൻ ഒരു ഏജൻസിയെ പഞ്ചായത്തു തലത്തിൽ സൃഷ്ടി ക്കുകയും ചെയ്താൽ മതിയാകും.

പുളിയറകോണം ഭാഗത്ത് വസ്ത്ര നിർമ്മാണ ത്തിന്റെ 25 മെഷിൻ അടങ്ങുന്ന ഒരു യൂണിറ്റ് തുടങ്ങണം. പിറയിൽ കേന്ദ്രമാക്കി ഒരു പവ്വർലൂം നല്ലതാണ്. ഹോളോ ബ്രിക്സ് ഉണ്ടാക്കുന്ന യൂണിറ്റുകൾക്ക് ഇവിടെ വലിയ ഭാവിയുണ്ട്.

പേയാട് പ്രദേശത്ത് കേന്ദ്രമാക്കി സിമന്റ് കട്ടളകൾ, ജനലകൾ, ജോളികൾ എന്നിവ ഉണ്ടാക്കുന്ന ഒരു യൂണിറ്റ് മലപ്പനംകോട് ഭാഗത്ത് പ്ലാസ്റ്റിക് ഇൻഡസ്ട്രീസ് അവിടെ

ഒരു ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ഉണ്ടാക്കുക. വാർഡ് 4-ൽ ഒരു കരകൗശല ശാല ഉണ്ടാക്കുക.

പ്രശ്നങ്ങൾ

വ്യവസായം നടത്താൻ യോജിച്ച പ്രദേശമാണ് വിളപ്പിൽ പഞ്ചായത്ത് എന്നാൽ പ്രശ്നങ്ങൾ ധാരാളമാണ്.

1. വൈദ്യുതി കണക്ഷൻ (ഡിപ്പാർട്ടുമെന്റലിസം)

2. വ്യവസായ വകുപ്പിൽ നിന്നും അതുപോലെ ആവശ്യമായ മറ്റു പല ലൈസൻസുകളും കിട്ടാനുള്ള ബുദ്ധിമുട്ട്

3. വ്യവസായ സബ്സിഡി ലഭിക്കാൻ അനാവശ്യമായ നിബന്ധനകൾ

4. വികസിക്കുന്ന മേഖലകൾ കണ്ടെത്തി വൈദഗ്ദ്യമുള്ള തൊഴിലാളികളെ സൃഷ്ടിക്കുന്ന കോഴ്സുകൾ സർക്കാർ ഏർപ്പെടുത്തുന്നില്ല.

5. പരമ്പരാഗത വ്യവസായങ്ങൾക്ക് അസംസ്കൃത വസ്തുക്കളുടെ കുറവും ഉൽപ്പന്നങ്ങൾക്ക് കിട്ടുന്ന വിലക്കുറവും.

ഫാക്ടറി ഉൽപ്പന്നങ്ങൾക്ക് വില കൂടുകയും കൂടിൽ വ്യവസായോൽപ്പന്നങ്ങളെ അവഗണിക്കുകയും ചെയ്യുന്ന പ്രവണത.

6. സാമ്പത്തിക സ്ഥാപനങ്ങളുടെ അനാസ്ഥ

സ്വയം സംരക്ഷിക്കുന്നതിന്റെ ഭാഗമായി ബാങ്ക് ഓഫീസർമാർ കഴിയുന്നതും ലോൺ കൊടുക്കാതിരിക്കാൻ ശ്രമിക്കുക. വ്യവസായത്തെ ഏറ്റവും അധികം പ്രതികൂലമായി ബാധിക്കുന്നതു ഇത്തരം ഡിപ്പാർട്ടുമെന്റുകളുടെ താല്പര്യമില്ലായ്മയും അനാവശ്യമായ ചട്ടവട്ടങ്ങളുമാണ്.

7. ഫാക്ടറി ഉൽപ്പന്നങ്ങളുടെ ആകർഷകത്വം ഉണ്ടാവുകയില്ല.

പരമ്പരാഗത വ്യാവസായികോല്പന്നങ്ങൾക്ക് വൈചിത്രവും വൈവിധ്യവും അവയ്ക്ക് ആർജിക്കാൻ കഴിഞ്ഞിട്ടില്ല.

8. ലോൺ എടുക്കുന്നതും ഉൽപ്പാദനം തുടങ്ങുന്നതും തമ്മിലുള്ള കാലതാമസം വ്യവസായത്തെ പ്രതികൂലമായി ബാധിക്കുന്നു.

9. പുതിയ പുതിയ വ്യവസായങ്ങളെക്കുറിച്ചുള്ള അജ്ഞത

10. സാങ്കേതികജ്ഞാനം ആവശ്യമുള്ള സംരംഭങ്ങൾ ഏറ്റെടുക്കാൻ കഴിയാത്തതിനു കാരണം ആവശ്യമായ വൈദഗ്ദ്യം സംരംഭകന് കിട്ടുന്നില്ല. ഫാക്ടറികൾ സന്ദർശിക്കാനോ പഠിക്കാനോ അവസരങ്ങൾ കിട്ടുന്നില്ല.

11. സ്ത്രീകൾക്കുള്ള ലോൺ സാധ്യതകൾ, ആനുകൂല്യങ്ങൾ എന്നിവയെക്കുറിച്ചുള്ള അജ്ഞത.

12. മാർക്കറ്റിംഗിനുള്ള ബുദ്ധിമുട്ട്, അഡ്വർട്ടൈസിംഗിന്റെ ചിലവ്.

വാർഡ് അടിസ്ഥാനത്തിൽ നിലവിലുള്ള വ്യവസായങ്ങൾ

വാർഡ്

1. നെയ്ത്ത്, ഇഷ്ടികനിർമ്മാണം, കളിമൺപാത്ര നിർമ്മാണം (ഏറ്റവും കൂടുതൽ ഇവിടെയാണ്)
2. ഹിമഗിരി ആയുർവേദ മരുന്നുല്പാദന ഫാക്ടറി, കരിങ്കൽ ഉടച്ച് ചല്ലി ഉണ്ടാക്കുന്ന കൈത്തൊഴിലുകൾ, വനിതാ തയ്യൽ യൂണിറ്റ്
3. ഫുഡ് പ്രോഡക്റ്റ്സ് (ഖാദി ബോർഡ്)

   ഫർണിച്ചർ യൂണിറ്റുകൾ

   കരകൗശല യൂണിറ്റ്

   വനിതാ തയ്യൽ യൂണിറ്റുകൾ

   സുഗന്ധത്തിരി നിർമ്മാണം
4. ചല്ലി നിർമ്മാണം

   വട്ടി നിർമ്മാണം

   ഇഷ്ടിക ചൂള

   സ്വാതി ഫുഡ്

   ഏഷ്യാനെറ്റ്

   ശരവണ ഇൻഡസ്ട്രീസ്
5. മൈലമൂട്ടിലുള്ള സിമന്റ് ബ്രിക്സ് (പൂട്ടിക്കിടക്കുന്നു)

   പെൻപോൾ
6. കയർവ്യവസായം

   താറാവ് വളർത്തൽ

   ഇഷ്ടിക
7. അലിൻഡ്

   പന്നിവളർത്തൽ
8. ആർ.ബി. ഇൻജിനീയറിംഗ് വർക്സ്

   തീപ്പെട്ടിക്കമ്പനി

   ബാരൽ റീകണ്ടീഷനിംഗ് ഫാക്ടറി (പണി ആരംഭിച്ചു)
9. കോഴി വളർത്തൽ

   ചല്ലി നിർമ്മാണം
10. തടി മില്ല്

അഖിൽ എന്റർ പ്രൈസസ് ഹോളോബ്രിക്സ്
രിപ്പുനിർമ്മാണ യൂണിറ്റ്
പരമ്പരാഗത വ്യവസയങ്ങൾ
കോഴി വളർത്തൽ
വെൽഡിംഗ് വർക്ക്ഷോപ്പ്
വീവിംഗ് യൂണിറ്റ്
ഫർണിച്ചർ നിർമ്മാണം
തടി വ്യവസായം
തടി കടച്ചിൽ യൂണിറ്റ്

ആവശ്യപ്പെട്ടവ, സാധ്യതകൾ

്

പവ്വർലൂം
വയർകട്ട് ബ്രിക്സ്
കളിമൺ വ്യവസായം (ടൈൽസ്, ഫാൻസി ഫ്ളോറിംഗ്സ്)
കെട്ടിടനിർമ്മാണ വസ്തുക്കൾ
ചെരിപ്പു നിർമ്മാണം
സ്ത്രീകൾക്കുള്ള തൊഴിൽ സ്ഥാപനങ്ങൾ
വസ്ത്ര നിർമ്മാണം, കരകൗശലം, കൊപ്ര ആട്ടൽ, നെയ്ത്ത് കാലിത്തീറ്റ ഫാക്ടറി, ഇലക്ട്രോണിക്സ്

5. റബ്ബർ പാലുൽപ്പന്നങ്ങൾ
   കെട്ടിട നിർമ്മാണ വസ്തുക്കൾ
   മുട്ടക്കോഴി
   തീപ്പെട്ടി
6. ചോക്ക് വൈൻഡിംഗ്
   ട്രാൻസ്ഫോമർ വൈൻഡിംഗ്
   എമർജൻസി ലാമ്പ്
7. കയർ വ്യവസായം, മരച്ചീനി ഉരപ്പ്
   ബാന്റേജ് നിർമ്മാണം, പോളിത്തീൻ
8. പഴച്ചാറു വ്യവസായം
   പ്രിന്റിംഗ്
   നഴ്സറി
9. സോപ്പ്, പട്ടുനൂൽപ്പുഴു, ഔഷധ സസ്യകൃഷി
10. ഈറ വ്യവസായം
    തേനീച്ച
    അച്ചാറു
11. കയർ, അച്ചാർ
12. ഒരു ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്.

പൊതുജനാരോഗ്യവും കുടിവെള്ളവും

ആരോഗ്യമുള്ള ശരീരത്തിൽ ആരോഗ്യമുള്ള മനസ്സ്. അങ്ങനെ ശാരീരികവും മാനസികവുമായി ആരോഗ്യമുള്ള ഒരു ജനതയാണ് നാടിന്റെ സമ്പത്ത്. ഒരു സമൂഹത്തിന്റെ ആരോഗ്യ സംരക്ഷണം സാമ്പത്തിക സാംസ്കാരിക സാമൂഹ്യ ഘടകങ്ങളാൽ നിയന്ത്രിക്കപ്പെട്ടുകൊണ്ടേയിരിക്കും. ശരിയായ ആരോഗ്യപരിപാലനത്തിന് ശാസ്ത്രീയമായ സമീപനം കൂടിയേ തീരൂ. ഭക്ഷണം വെള്ളം വായു എന്നീ ഘടകങ്ങൾ ആരോഗ്യത്തിനു അനുകൂലമായിരിക്കണം.

ഭക്ഷണത്തിന്റെ കാര്യത്തിൽ ഈ ഗ്രാമത്തിലെ ജനങ്ങൾ പട്ടണത്തിന്റെ സ്വഭാവം കടംകൊള്ളാൻ ഇഷ്ടപ്പെടുന്നു എന്നത് ഒരു ദുരന്തമാണ്. തിരുവനന്തപുരം പോലുള്ള ഒരു കോസ്മോപോളിറ്റൻ പട്ടണത്തിന്റെ സാമീപ്യം, റ്റി.വി. പരസ്യങ്ങളുടെ മായാവലയം, പരമ്പരാഗത ഭക്ഷണത്തിന്റെ ദൗർലഭ്യം ഫാസ്റ്റ്ഫുഡ് സംസ്കാരം എന്നിവ ശക്തമായ കാരണങ്ങളാണ് അതിനാൽ നമുക്കു ശരിയായ ഒരു ഭക്ഷണ സംസ്കാരം വളർത്തിയെടുക്കേണ്ടിയിരിക്കുന്നു. അവിടെയാണ് പരമ്പരാഗത കാർഷിക വൈവിധ്യങ്ങളുടെ ആവശ്യകത. എത്രയോതരം കിഴങ്ങുവർഗ്ഗങ്ങൾ, പയറുവർഗ്ഗങ്ങൾ, പച്ചക്കറികൾ, ഇലക്കറികൾ, പഴവർഗ്ഗങ്ങൾ എന്നിവ നാം കൃഷി ചെയ്തിരുന്നു. അവയെ പരിമിതമായെങ്കിലും നമുക്കു പുനരുജ്ജീവിപ്പിച്ചു നിലനിർത്തണം. പുരയിടങ്ങളുടെ അതിരുകൾ കമ്പിവേലികൾ, ചുറ്റുമതിലുകൾ എന്നിവ കൊണ്ടു ബലപ്പെടുത്തുന്നതിനു പകരമോ അവയോടൊപ്പമോ ജൈവവേലി ഉണ്ടാക്കാം. ഇലക്കറി വർഗത്തിൽപ്പെട്ട മധുരച്ചീര, മുരിങ്ങ, പയർച്ചെടികൾ, കൊളുമ്പുച്ചീര, അഗത്തിച്ചീര എന്നിവ പടർത്തി ആവശ്യത്തിനുള്ള ഇലക്കറികൾ നമുക്കു ഉത്പാദിപ്പിക്കാം.

ശുദ്ധജല വിതരണത്തിലൂടെ ജലജന്യമായ രോഗങ്ങൾ തടയാനാവും. വൃക്ഷങ്ങൾ നട്ടുവളർത്തിയും ഫാക്ടറി, വാഹനങ്ങൾ എന്നിവയിലൂടെ പുറത്തുവരുന്ന വിഷാംശം കലർന്ന പുക കുറച്ചു വായുവിനെ സംരക്ഷിക്കാം. പ്രതിരോധചികിത്സാരീതികളും അവലംബിക്കേണ്ടതുണ്ട്. കുട്ടികൾക്കുള്ള പ്രതിരോധ കുത്തിവയ്പുകൾ, ഗർഭിണികൾക്കും കുട്ടികൾക്കുമുള്ള പോഷകാഹാര പരിപാടികൾ, അങ്കണവാടികൾ, സ്കൂളുകൾ എന്നിവയിലൂടെയുള്ള ഉച്ചക്കഞ്ഞി വിതരണം എന്നിവ ഒരു കാരണവശാലും ഈ പഞ്ചായത്തിൽ നിർത്തിവയ്ക്കരുത്. അതു മുടങ്ങിക്കിടക്കുന്ന സ്ഥാപനങ്ങളിൽ പുനസ്ഥാപിച്ചു ഭംഗിയായി നടത്തിക്കൊണ്ടുപോകേണ്ടതാണ്. ലാഭനഷ്ടങ്ങളുടെ കണക്കിൽ നാം കുരുങ്ങിപ്പോകരുത്.

പരിസരശുചിത്വം ആരോഗ്യപരിപാലനത്തിനു അവശ്യംവേണ്ട ഒരു ഘടകമാണ്. ഇക്കാര്യത്തിൽ നാം അലംഭാവം കാണിക്കുന്നു എന്നതു അക്ഷന്തവ്യമാണ്. റോഡിലെ ഓടകൾ കൊതുകുവളർത്തൽ കേന്ദ്രങ്ങളാണ്. അതു നശിപ്പിക്കാനോ ഓടകൾ ശുദ്ധീകരിക്കാനോ പഞ്ചായത്തു മുന്നോട്ടു വരുന്നില്ല. തുറന്ന സെപ്റ്റിക് ടാങ്കുകൾ കൊതുകുകളുടെ കൊട്ടാരങ്ങളാണ്. അവ ആധുനിക രീതിയിൽ സജ്ജീകരിക്കാൻ ജനങ്ങളെ ബോധവൽക്കരിക്കുകയും അർഹിക്കുന്നവർക്കു ധനസഹായം ചെയ്യുകയും വേണം. ഗ്യാസ് കുഴൽ കമ്പിവലകൊണ്ടു കെട്ടുന്നതിനു വേണ്ട ഒരു വിപുലമായ യജ്ഞം വാളന്റിറി സംഘടനകളുടെ സഹായത്താൽ ഈ പഞ്ചായത്ത് എറ്റെടുക്കണം.

ഈ പ്രദേശത്തിലെ മിക്ക കിണറുകളിലേയും ജലം ശുദ്ധമല്ല. മലിനീകരണം (colic content) ഏറ്റവും കൂടിയ മലപ്രദേശങ്ങളാണ് ജനസാന്ദ്രതയുള്ള ആദ്യത്തെ മൂന്നു വാർഡുകൾ. ഈ പഞ്ചായത്തിലെ എല്ലാ കിണറുകളും ക്ലോറിനേഷൻ നടത്താൻ ഒരു ബൃഹത് പരിപാടി ആസൂത്രണം ചെയ്യണം. അതിനുള്ള പരിശീലനം സിദ്ധിച്ച വാളന്റിയർമാരെ കണ്ടെത്തണം. ജനകീയ ശുദ്ധജല വിതരണ പദ്ധതി ആവിഷ്കരിച്ചു കോളനികളിലെയും ജനസാന്ദ്രതയുള്ള പ്രദേശങ്ങളിലേയും കുടിവെള്ള പ്രശ്നം പരിഹരിക്കേണ്ടതാണ്. വരൾച്ച ബാധിത പ്രദേശങ്ങൾ കണ്ടെത്തി മഴവെള്ളം സംഭരിക്കാനുള്ള നൂതന മാർഗ്ഗങ്ങൾ ആവിഷ്കരിക്കണം.

ഈ പ്രദേശത്തിന്റെ പരിസര ശുചിത്വത്തിനും ശുദ്ധജല ലഭ്യതയ്ക്കും ഏറ്റവും വലിയ ഭീഷണിയായിത്തീർന്നിരിക്കുന്നത് തിരുവനന്തപുരം കോർപ്പറേഷന്റെ ചവറുകുഴിയായി ഈ പഞ്ചായത്തിനെ തെരഞ്ഞെടുത്ത അധികാരികളുടെ നടപടിയാണ്. നെടുംകുഴി കണ്ടികാണാം പാറ ഒരു നഗരമാലിന്യനിക്ഷേപ കേന്ദ്രമാക്കി മാറ്റാൻ എടുത്ത തീരുമാനം ഇവിടുത്തെ സാധാരണ ജനങ്ങളുടെ ശക്തമായ എതിർപ്പിനെ നേരിടുന്നു. തിരുവനന്തപുരം പട്ടണത്തിനും ഈ പഞ്ചായത്തിനും ശുദ്ധജല വിതരണം നടത്തുന്ന രണ്ടു പദ്ധതികൾക്കു ജലം ലഭിക്കുന്നത് ഈ പഞ്ചായത്തിന്റെ അതിരിലൂടെ ഒഴുകുന്ന കരമനയാറ്റിൽ നിന്നാണ്. ഈ നദിയിലേയ്ക്കുള്ള ജലനിർഗമന സ്രോതസ്സിന്റെ പ്രാന്തപ്രദേശമാണ് ഇപ്പോൾ മാലിന്യ നിക്ഷേപത്തിനെടുത്തിരിക്കുന്നത്. ഇതു ഗൗരവതരമായ ആരോഗ്യ പ്രശ്നത്തിനു വഴിയൊരുക്കുമെന്നുള്ള ഒറ്റക്കാരണം കൊണ്ടുതന്നെ അധികാരികൾ പ്രസ്തുത ഉദ്യമത്തിൽ നിന്നും പിൻതിരിയേണ്ടതാണ്. പഞ്ചായത്ത് പൂർണ്ണമായും ജനങ്ങളുടെ ഭാഗത്താണ്. മാലിന്യനിക്ഷേപം പാടില്ല എന്ന് പഞ്ചായത്തു സമതി പ്രമേയം പാസ്സാക്കി.